## പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## പതിനാലാമത് റിപ്പോർട്ട്

(2021 നവംബർ മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07, 2007-08, 2008-09, 2010-11, 2011-12, 2013-14 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലുൾപ്പെട്ടിട്ടുള്ള മലപ്പുറം ജില്ലാ പഞ്ചായത്ത്, മലപ്പുറം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## പതിനാലാമത് റിപ്പോർട്ട്

(2021 നവംബർ മാസം 13-ാം  തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07, 2007-08, 2008-09, 2010-11, 2011-12, 2013-14 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലുൾപ്പെട്ടിട്ടുള്ള മലപ്പുറം ജില്ലാ പഞ്ചായത്ത്, മലപ്പുറം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]

39/2022.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. | 70 |
| അനുബന്ധം II : | | |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | .. | 82 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)
## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഷാനവാസ് പി. പി., ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ എൻ. ജി., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി(2021-2023)യുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07, 2007-08, 2008-09, 2010-11, 2011-12, 2013-14 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലുൾപ്പെട്ടിട്ടുള്ള മലപ്പുറം ജില്ലാ പഞ്ചായത്ത്, മലപ്പുറം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2021 നവംബർ 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 നവംബർ 2.

# റിപ്പോർട്ട്

**മലപ്പുറം ജില്ലാ പഞ്ചായത്ത്, മലപ്പുറം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയെ സംബന്ധിച്ചത്**

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07, 2007-08, 2008-09, 2010-11, 2011-12, 2013-14 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലുൾപ്പെട്ട മലപ്പുറം ജില്ലാ പഞ്ചായത്ത്, മലപ്പുറം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കിയുള്ളത്]

ഓഡിറ്റ് ഖണ്ഡിക

**മൊബിലൈസേഷൻ അഡ്വാൻസ്/പദ്ധതി വിഹിതം കൈപ്പറ്റിയിട്ട് പണി പൂർത്തിയാക്കിയില്ല - പദ്ധതിപ്പണം പാഴായി**

മലപ്പുറം ജില്ലാ പഞ്ചായത്ത് 2002-03, 2003-04 വർഷങ്ങളിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ച് നൽകിയ മൊബിലൈസേഷൻ അഡ്വാൻസുകൾ യഥാസമയം വിനിയോഗിച്ച് പദ്ധതി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിക്കാണുന്നു. വിവിധ കുടിവെള്ള പദ്ധതികൾ, മാലിന്യ സംസ്കരണം എന്നിങ്ങനെ വ്യത്യസ്ത പ്രോജക്ടുകൾക്ക് അനുവദിച്ച തുക യഥാവിധി വിനിയോഗിക്കാതിരുന്നതിനാൽ അതിലേക്കുവേണ്ടി ചെലവിട്ട പദ്ധതിപ്പണം പാഴായി. തുക കൈപ്പറ്റിയിട്ടും പദ്ധതി തുടങ്ങുന്നതിനോ പൂർത്തിയാക്കുന്നതിനോ തയ്യാറാവാതിരുന്ന കൺവീനർ/ഏജൻസി/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തുക ഈടാക്കുന്നതിന് ഫലപ്രദമായ നടപടികൾ ഉണ്ടായിക്കാണുന്നില്ല. വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് സംയുക്തപദ്ധതിയുടെ ഭാഗമായി ജില്ലാപഞ്ചായത്ത് നൽകപ്പെട്ടിട്ടുള്ള തുകകളുടെ വിനിയോഗ വിവരവും ലഭ്യമാക്കുകയുണ്ടായില്ല. വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വർഷം | ഖണ്ഡിക | നൽകിയ തുക (രൂപ) | റിമാർക്സ് |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | കാരക്കുന്ന് കുടിവെള്ള പദ്ധതി | 02-03 | 3(5) | 50,000 | തുക തിരിച്ചീടാക്കിയില്ല |
| 2 | അയ്യപ്പൻകാവ് കുടിവെള്ള പദ്ധതി | 02-03 | 3(6) | 50,000 | തുക തിരിച്ചീടാക്കിയില്ല |
| 3 | 27 പ്രവൃത്തികൾക്ക് മുൻകൂർ നൽകി. | 03-04 | 3(31) | 18,70,916 | തുക തിരിച്ചീടാക്കിയില്ല |
| 4 | ചേലക്കടവ് - മൂക്കുതല ബണ്ട് നിർമ്മാണം | 03-04 | 3(45) | 50,000 | തുക തിരിച്ചീടാക്കിയില്ല |
| 5 | തേൻപറമ്പ് കുടിവെള്ള പദ്ധതി | 03-04 | 3(5) | 2,00,000 | പൊന്മള ഗ്രാമപഞ്ചായത്തിന് നൽകിയത് |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 6 | പച്ചിരി കുടിവെള്ള പദ്ധതി | 03-04 | 3(13) | 3,61,267 | പദ്ധതിലക്ഷ്യം കൈവരിച്ചില്ല |
| 7 | വരിക്കോട്ടുചിറ കുണ്ടേനിച്ചോല ശുദ്ധജല വിതരണ പദ്ധതി | 03-04 | 3(17) | 4,31,264 | തുക തിരിച്ചീടാക്കിയില്ല |
| 8 | തൃക്കലങ്ങോട് പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിട നിർമ്മാണം | 03-04 | 3(20) | 23,65,000 | വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല |
| 9 | തിരുനാരായണപുരം ലിഫ്റ്റ് ഇറിഗേഷൻ | 03-04 | 3(22) | 3,00,000 | പുലാമന്തോൾ ഗ്രാമപഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗ വിവരമില്ല |
| 10 | ജൈവവള സംസ്കരണ യൂണിറ്റ് | 03-04 | 3(23) | 8,00,000 | നിലമ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ തുകയ്ക്ക് വിനിയോഗ വിവരമില്ല |
| 11 | കങ്കാടി കോളനി ശുദ്ധജല വിതരണ പദ്ധതി | 02-03 | 3(3) | 4,78,657 | പദ്ധതിലക്ഷ്യം കൈവരിച്ചില്ല |
| 12 | വട്ടപ്പറമ്പ് കുടിവെള്ള പദ്ധതി | 02-03 | 3(4) | 2,00,000 | കൊണ്ടോട്ടി ഗ്രാമപഞ്ചായത്തിന് നൽകിയതിന്റെ വിനിയോഗ വിവരമില്ല |
| 13 | പുലാമന്തോൾ മാലിന്യ സംസ്കരണ യൂണിറ്റ് | 02-03 | 3(9) | 5,00,000 | പുലാമന്തോൾ ഗ്രാമപഞ്ചായത്തിന് നൽകിയ തുകയ്ക്ക് വിനിയോഗ വിവരമില്ല |
| 14 | കൊപ്രാ ഡ്രയർ യൂണിറ്റ് | 02-03 | 3(13) | 5,00,000 | ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന് നൽകിയ തുക വിനിയോഗിക്കാതെ മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ മഞ്ചേരി ശാഖയിൽ നിക്ഷേപിച്ചിരിക്കുന്നു. |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 15 | സമ്പൂർണ്ണ ശുചിത്വ പരിപാടി | 02-03 | 3(15) | 44,80,500 | 80 ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയതിന്റെ വിനിയോഗ വിവരം ലഭ്യമല്ല. |
| 16 | തിണ്ടലം-പടിഞ്ഞാറേ പുത്തൻകുളം പട്ടികജാതി കുടിവെള്ള പദ്ധതി | 03-04 | 3(1) | 1,00,000 | എടയൂർ ഗ്രാമപഞ്ചായത്തിന് നൽകിയ തുക- പദ്ധതി തുക പാഴായി. |
| 17 | പടിഞ്ഞാറേക്കര കുടിവെള്ള പദ്ധതി | 03-04 | 3(24) | 2,33,066 | 2,33,066 രൂപ ചെലവാക്കിയിട്ടും പദ്ധതിയുടെ ഗുണം ജനങ്ങൾക്ക് ലഭ്യമാക്കാനായില്ല. |
| 18 | മാതൃകാ നീർമറി വികസന പദ്ധതി | 03-04 | 3(35) | 13,00,000 | പള്ളിക്കൽ ഗ്രാമപഞ്ചായത്ത് വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |
| 19 | അമ്മക്കുളം കുടിവെള്ള പദ്ധതി | 03-04 | 3(41) | 2,90,108 | വാട്ടർ ടാങ്ക് നിർമ്മിച്ചതിനു ശേഷം തുടർപ്രവർത്തനം നടത്തിയിട്ടില്ലാത്തതിനാൽ പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല. |
| 20 | ചിത്രാ സാഗർ തിയേറ്റർ മുതൽ മൂസാഹാജി പടി വരെ പൈപ്പ്‌ലൈൻ നീട്ടൽ | 03-04 | 3(43) | 3,00,000 | 3 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കിയെങ്കിലും തുടർനടപടി സ്വീകരിക്കാത്തതിനാൽ പ്രവൃത്തി ആരംഭിക്കുകയോ ഡെപ്പോസിറ്റ് തുക തിരിച്ച് പിടിക്കുകയോ ചെയ്തിട്ടില്ല. |
| | **ആകെ** | | | **1,48,60,778** | |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.72.1]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. കാരക്കുന്ന് കുടിവെള്ള പദ്ധതിയ്ക്കായി കൈപ്പറ്റിയ തുകയും അതിന്റെ പലിശയും ഉൾപ്പെടെ 89,380 രൂപ കൺവീനർ ഗഡുക്കളായി തിരിച്ചടച്ചിട്ടുണ്ടെന്ന ജില്ലാ പഞ്ചായത്ത് സെക്രട്ടറി(ഇൻ-ചാർജ്)ന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

2. അയ്യപ്പൻകാവ് കുടിവെള്ള പദ്ധതിയ്ക്കായി മുൻകൂർ നൽകിയ തുക ബില്ലിൽ ക്രമീകരിച്ചിട്ടുണ്ടെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി(ഇൻ-ചാർജ്) അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

3. തീരദേശം വനിതാ സംസ്കരണ യൂണിറ്റിന് കെട്ടിടം നിർമ്മിച്ചതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ മത്സ്യബന്ധന മേഖലയിലുള്ള വനിതകൾക്ക് ഒരു തൊഴിൽ സംരംഭമായി ആരംഭിച്ച സംസ്കരണ യൂണിറ്റ് ആദ്യം കുറച്ചുനാൾ പ്രവർത്തിച്ചുവെങ്കിലും ലാഭകരമല്ലാത്തതിനാൽ അവസാനിപ്പിക്കുകയായിരുന്നുവെന്നും പദ്ധതിയ്ക്കായി നിർമ്മിച്ച കെട്ടിടം വർഷങ്ങളായി ബദൽ സ്കൂളായി നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ടെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്) മറുപടി നൽകി. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

4. ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ ചീങ്കണ്ണിപ്പാലി വി.സി.ബി.-കം-ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ കൺവീനർ പദ്ധതി നിർവ്വഹണം ആരംഭിക്കാത്തതിനാൽ പദ്ധതിയ്ക്കായി കൈപ്പറ്റിയ തുക പലിശ സഹിതം ടിയാനിൽനിന്നും റവന്യൂ റിക്കവറിയിലൂടെ തിരിച്ച് പിടിക്കുവാൻ നടപടി സ്വീകരിച്ചുവെങ്കിലും പട്ടികവർഗ്ഗക്കാരനായ കൺവീനർ താമസിക്കുന്ന ഭൂമിയുടെ കൈവശാവകാശ രേഖ നഷ്ടപ്പെട്ടതിനാൽ തുക ഈടാക്കുവാൻ നിർവ്വാഹമില്ലെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി(ഇൻ-ചാർജ്) അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

5. നെടിയിരിപ്പ് എൻ.എച്ച്. കോളനി കുടിവെള്ള പദ്ധതി, തട്ടത്തലം ശുദ്ധജല വിതരണ പദ്ധതി, കുണ്ടൂർ തോളം, വാരിക്കോട്ടുചിറ-കുണ്ടേണിചോല കുടിവെള്ള പദ്ധതി, വാളക്കുളംചിറയിൽപ്പടി വി.സി.ബി., വലിയോറ മഞ്ഞമാട് മിനികുടിവെള്ള പദ്ധതി, അമ്പലക്കുന്ന് പട്ടികജാതി കോളനി കുടിവെള്ള പദ്ധതി, കൊളക്കോട് കുടിവെള്ള പദ്ധതി, വേങ്ങര ഗവൺമെന്റ് ജി.എച്ച്.എസ്.എസ്. കെട്ടിടം, വേങ്ങര എച്ച്.എസ്.എസ്. കെട്ടിടം റിപ്പയർ, പള്ളിക്കുന്ന് എം.ഡബ്ല്യു.എസ്.എസ്., ചെകുത്താൻകുന്ന് ലിഫ്റ്റ് ഇറിഗേഷൻ പാണൻപടി പാലയ്ക്കൽ കനാൽ, പൊട്ടേച്ചി കോളനി മിനി വാട്ടർ സപ്ലൈ സ്കീം, പുറത്തൂർ മരവന്ത ഐ.എച്ച്.ഡി.പി. കോളനി സി.ഡി.എം.എസ്., കരുവാരക്കുണ്ട് ഗവ. എച്ച്.എസ്.എസ്.-ൽ പെൺകുട്ടികൾക്ക് വിശ്രമമുറി, മൈത്രി യത്തീംഖാനകുന്ന് കുടിവെള്ള പദ്ധതി, മങ്കട എസ്.സി. കോളനി കുടിവെള്ള പദ്ധതി എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

6. ചെല്ലൂർ പട്ടികജാതി കോളനി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ പരാമർശവിധേയമായ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായിട്ടില്ലെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്) അറിയിച്ചു. പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

7. താനൂർ ടൗൺ ഗവ. യു.പി.എസ്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി(ഇൻ-ചാർജ്) അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

8. പൊന്മുണ്ടം ഗവ. യു.പി. സ്കൂൾ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ എം.പി. ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തിയുമായി ജില്ലാ പഞ്ചായത്ത് വിഹിതം സംയോജിപ്പിച്ചതിൽ നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചിരുന്നില്ലെന്നും അത് സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശമെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി(ഇൻ-ചാർജ്) മറുപടി നൽകി. പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

9. ചേലക്കടവ് മൂക്കുതല ബണ്ട് നിർമ്മാണ പ്രവൃത്തിയ്ക്കായി കൺവീനർക്ക് നൽകിയ മൊബിലൈസേഷൻ അഡ്വാൻസ് റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയിട്ടുണ്ടെന്ന ജില്ലാ പഞ്ചായത്ത് സെക്രട്ടറി(ഇൻ-ചാർജ്)ന്റെ മറുപടി സമിതി അംഗീകരിച്ചു.

10. കൊടികുത്തിമല ചെക്ക് ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ സ്ഥലത്തിന്റെ ഉടമസ്ഥതയിൽ തർക്കമുണ്ടായിരുന്നതിനാൽ പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞില്ലെന്നും പദ്ധതിയ്ക്കായി അനുവദിച്ച തുക പലിശ സഹിതം ജില്ലാ ട്രഷറിയിൽ തിരിച്ച് അടവാക്കിയിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി(ഇൻ-ചാർജ്) മറുപടി നൽകി. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

11. തക്കാന പ്രൊഡക്ഷൻവർക്ക്, ചാലക്കൽ മുരാല മിനികുടിവെള്ള പദ്ധതി എന്നിവ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി(ഇൻ-ചാർജ്) അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ പൂർത്തീകരിച്ചതിന്റെ രേഖകൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

12. തേൻപറമ്പ് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഓഡിറ്റ് ഖണ്ഡിക 3.10.9 ആയി ഉൾപ്പെട്ടിട്ടുള്ളതും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി (2014-2016)യുടെ 25-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 110, 111 എന്നിവയായി ഉൾപ്പെടുത്തിയിട്ടുള്ളതും ആയതിന്മേലുള്ള തുടർനടപടികൾ 4285/എൽ.എഫ്.എ.സി. ബി2/2014/നി.സെ. നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്നതുമാണ്.

13. പച്ചിരി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ 4,28,745 രൂപ ചെലവഴിച്ച് കിണർ, ടാങ്ക്, പൈപ്പ്ലൈൻ, പമ്പ് ഹൗസ് തുടങ്ങിയവ സ്ഥാപിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നുവെന്നും വൈദ്യുതി കണക്ഷനായി കെ.എസ്.ഇ.ബി. യിൽ തുക അടയ്ക്കുവാൻ കഴിയാതിരുന്നതുകൊണ്ട് മാത്രമാണ് പദ്ധതി മുടങ്ങിപ്പോയതെന്നും, പദ്ധതി പുനരുജ്ജീവിപ്പിച്ച് പ്രവർത്തനക്ഷമമാക്കുവാൻ ജില്ലാ പഞ്ചായത്ത് ഭരണസമിതി നിലവിൽ തീരുമാനിച്ചിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി(ഇൻ-ചാർജ്) മറുപടി നൽകി. വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പരാമർശവിധേയമായ പദ്ധതി അടിയന്തരമായി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നിർദ്ദേശം ഗ്രാമപഞ്ചായത്ത് അധികൃതർക്ക് നൽകണമെന്നും ആയത് പാലിക്കപ്പെടുന്നുണ്ടെന്ന് നിർബന്ധമായും ഉറപ്പ് വരുത്തണമെന്നും സമിതി ജില്ലാ പഞ്ചായത്ത് സെക്രട്ടറി(ഇൻ-ചാർജ്)നോട് നിർദ്ദേശിച്ചു.

14. വരിക്കോട്ടുചിറ കുണ്ടേനിച്ചോല ശുദ്ധജലവിതരണ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നും, ആയത് നിലവിൽ പ്രവർത്തനക്ഷമമാണെന്നുമുള്ള ജില്ലാ പഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്)ന്റെ മറുപടി സമിതി അംഗീകരിച്ചു.

15. തൃക്കലങ്ങോട് പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിട നിർമ്മാണം, തിരുനാരായണപുരം ലിഫ്റ്റ് ഇറിഗേഷൻ, കങ്കാടി കോളനി ശുദ്ധജല വിതരണപദ്ധതി, വട്ടപ്പറമ്പ് കുടിവെള്ള പദ്ധതി 2002-03, പുലാമന്തോൾ മാലിന്യസംസ്കരണ യൂണിറ്റ്, കൊപ്ര ഡ്രയർ യൂണിറ്റ്, സമ്പൂർണ്ണ ശുചിത്വ പരിപാടി, തിണ്ടലം പടിഞ്ഞാറെ പുത്തൻകുളം പട്ടികജാതി കുടിവെള്ള പദ്ധതി, പടിഞ്ഞാറെക്കര കുടിവെള്ള പദ്ധതികൾ, ചിത്രാ സാഗർ തിയേറ്റർ മുതൽ മുസാഹാജിപ്പടി വരെ പൈപ്പ്ലൈൻ നീട്ടൽ എന്നിവയുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

16. ജൈവവള സംസ്കരണ യൂണിറ്റുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ ജൈവവള സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനായി 8 ലക്ഷം രൂപ മലപ്പുറം ജില്ലാ പഞ്ചായത്ത് നിലമ്പൂർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിരുന്നുവെന്നും പിന്നീട് നിലമ്പൂർ ഗ്രാമപഞ്ചായത്ത് നഗരസഭയായപ്പോൾ പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞില്ലെന്നും അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി ബന്ധപ്പെട്ടപ്പോൾ പദ്ധതി സംബന്ധിച്ച ഫയലുകൾ നഗരസഭയിൽതന്നെ ഉണ്ടെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരസഭാ സെക്രട്ടറി പ്രസ്തുത ഫയലുകൾ കണ്ടെത്തിയിരുന്നുവെന്നും, ഫയലുകളിൽനിന്നും പരാമർശവിധേയമായ പദ്ധതി നടപ്പിലാക്കിയിട്ടില്ലായെന്ന് മനസ്സിലാക്കുകയും, പ്രസ്തുത വിവരം ഭരണസമിതിയെ അറിയിക്കുകയും ചെയ്തിരുന്നുവെന്നും എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകളൊന്നും നാളിതുവരെ നഗരസഭയ്ക്ക് രേഖാമൂലം കൈമാറാത്തതിനാൽ പദ്ധതിത്തുക തിരികെ അടവാക്കേണ്ടതില്ലെന്നാണ് ഭരണസമിതി തീരുമാനിച്ചിരിക്കുന്നതെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി(ഇൻ-ചാർജ്) മറുപടി നൽകി. പ്രസ്തുത വിഷയത്തിൽ വിശദമായ പരിശോധന നടത്തി സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി തദ്ദേശസ്വയംഭരണ വകുപ്പിനോട് നിർദ്ദേശിച്ചു. സർക്കാർ ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതിനും സമിതി തീരുമാനിച്ചു.

17. മാതൃകാ നീർമറി വികസന പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ പരാമർശവിധേയമായ പദ്ധതിയുമായി ബന്ധപ്പെട്ട് പള്ളിക്കൽ ഗ്രാമപഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് നൽകിയ 13 ലക്ഷം രൂപയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ഹാജരാക്കിയിട്ടില്ലെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി(ഇൻ-ചാർജ്) മറുപടി നൽകി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ വിനിയോഗിക്കാത്ത തുക അടിയന്തരമായി തിരിച്ച് പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

18. അമ്മക്കുളം ചിലവിൽ കുടിവെള്ള പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്ത് അനുവദിച്ച തുക വിനിയോഗിച്ച് കിണറും ടാങ്കും നിർമ്മിക്കുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന ജില്ലാ പഞ്ചായത്ത് സെക്രട്ടറി(ഇൻ-ചാർജ്)ന്റെ മറുപടി സമിതി അംഗീകരിച്ചു.

### നിഗമനങ്ങളും ശിപാർശകളും

19. **ചെല്ലൂർ പട്ടികജാതി കോളനി കുടിവെള്ള പദ്ധതി, പൊന്മുണ്ടം ഗവൺമെന്റ് യു.പി സ്കൂൾ കെട്ടിട നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് വിശദമായ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി മലപ്പുറം ജില്ലാ പഞ്ചായത്ത് അധികൃതരോട് നിർദ്ദേശിക്കുന്നു.**

20. **തക്കാന പ്രൊട്ടക്ഷൻ വർക്ക്, ചാലക്കൽ മൂരാല മിനി കുടിവെള്ള പദ്ധതി എന്നിവയുടെ പൂർത്തീകരണ രേഖകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.**

21. **തേൻപറമ്പ് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി(2014-2016)യുടെ 25-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 110-111 ആയി ഉൾപ്പെട്ടിട്ടുള്ളതും ആയതിന്മേലുള്ള തുടർനടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നതുമാണെന്നും സമിതി നിരീക്ഷിക്കുന്നു.**

22. **പച്ചിരി കുടിവെള്ള പദ്ധതിയ്ക്കായി 4,28,745 രൂപ ചെലവഴിച്ച് കിണർ, ടാങ്ക്, പൈപ്പ്ലൈൻ, പമ്പ് ഹൗസ് തുടങ്ങിയവ സ്ഥാപിച്ചിരുന്നുവെന്നും വൈദ്യുതി കണക്ഷനായി കെ.എസ്.ഇ.ബി.യിൽ തുക അടയ്ക്കുവാൻ കഴിയാതിരുന്നതുകൊണ്ട് മാത്രമാണ് പദ്ധതി മുടങ്ങിയതെന്നും സമിതി നിരീക്ഷിക്കുന്നു. വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പ്രസ്തുത പദ്ധതി അടിയന്തരമായി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അധികൃതർക്ക് നിർദ്ദേശം നൽകണമെന്നും അവ നടപ്പിലായെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ജില്ലാ പഞ്ചായത്ത് അധികൃതരോട് നിർദ്ദേശിക്കുന്നു.**

23. **ജൈവവള സംസ്കരണ യൂണിറ്റ് നിർമ്മാണത്തിനായി മലപ്പുറം ജില്ലാ പഞ്ചായത്ത് 8 ലക്ഷം രൂപ നിലമ്പൂർ ഗ്രാമപഞ്ചായത്ത് അധികൃതർക്ക് കൈമാറിയിരുന്നുവെങ്കിലും നാളിതുവരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ലെന്നും നിലമ്പൂർ നിലവിൽ നഗരസഭയാണെന്നും പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ നഗരസഭയിൽ നിലവിൽ ലഭ്യമാണെങ്കിലും പ്രസ്തുത ഫയലുകളൊന്നും നഗരസഭയ്ക്ക് രേഖാമൂലം കൈമാറിയിട്ടില്ലാത്തതിനാൽ പദ്ധതിത്തുക തിരികെ അടവാക്കേണ്ടതില്ലെന്നാണ് ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനമെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത വിഷയത്തിൽ വിശദമായ പരിശോധന നടത്തി ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി തദ്ദേശസ്വയംഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു.**

24. **മാതൃകാ നീർമറി വികസന പദ്ധതിയ്ക്കായി പള്ളിക്കൽ ഗ്രാമപഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് നൽകിയ 13 ലക്ഷം രൂപയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ഹാജരാക്കാത്തതിനാൽ വിനിയോഗിക്കാത്ത തുക അടിയന്തരമായി തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.**

25. **അമ്മക്കുളം ചിലവിൽ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചതായി പഞ്ചായത്ത് അധികൃതർ സമിതിക്ക് മറുപടി നൽകിയിട്ടുണ്ടെങ്കിലും പദ്ധതി പുനഃസ്ഥാപനത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്നതിനാൽ പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

26. **മേൽ പരാമർശങ്ങളൊഴികെ മറ്റുപരാമർശങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തെളിവെടുപ്പ് യോഗത്തിൽ നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ അവയിന്മേലുള്ള ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**എസ്.ജി.ആർ.വൈ. പ്രവൃത്തിയ്ക്ക് അധിക ചെലവ്**

<u>ഓഡിറ്റ് റിപ്പോർട്ട് 2002-03 ഖണ്ഡിക 3(19)</u>

17-3-2003-ലെ 90(1)/03 നമ്പർ ഇന്റൻഡ് പ്രകാരം 10000 കിലോ അരി പട്ടീരി ഹരിജൻ കോളനി മണ്ണ് ജല സംരക്ഷണ പ്രവൃത്തിയ്ക്കായി ഇഷ്യൂ ചെയ്തത് ഗുണഭോക്തൃ സമിതി കൺവീനർക്ക് ഫൈനൽ ബിൽ നൽകിയപ്പോൾ പരിഗണിച്ചിട്ടില്ല. ഇതിന്റെ എഫ്.സി.ഐ. നിരക്കായ 1,21,000 രൂപ ഈടാക്കിയിട്ടില്ല. തുക പലിശ സഹിതം വീഴ്ച വരുത്തിയ വ്യക്തിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.72.2]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

27. പരാമർശവിധേയമായ പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ കമ്മിറ്റി കൺവീനർക്ക് അധികമായി നൽകിയ തുക ജില്ലാ പഞ്ചായത്തിൽ തിരികെ അടവാക്കിയിട്ടുണ്ടെന്ന ജില്ലാ പഞ്ചായത്ത് സെക്രട്ടറി(ഇൻ-ചാർജ്)ന്റെ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

28. **ജില്ലാ പഞ്ചായത്ത് സെക്രട്ടറി(ഇൻ-ചാർജ്)ന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മാർക്കറ്റ് കെട്ടിടങ്ങളുടെ നിർമ്മാണം**

ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക 3(11)

ഐ.ആർ.ഡി.പി. ഫണ്ടുപയോഗിച്ച് 98-99 വർഷം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് 19 മാർക്കറ്റ് കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുമുമ്പ് ഗ്രാമപഞ്ചായത്തുകളുമായി ഉടമ്പടി വച്ചിട്ടില്ല. വാടകയായി ഈടാക്കുന്ന തുകയുടെ 10% ജില്ലാ പഞ്ചായത്തിലേയ്ക്ക് അടവാക്കേണ്ടതാണെന്നും പ്രവൃത്തി പൂർത്തിയാക്കുന്നമുറയ്ക്ക് അതത് പഞ്ചായത്തുകളെ ഏൽപ്പിക്കേണ്ടതാണെന്നും ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. 26-9-2001-ലെ 2(4) നമ്പർ തീരുമാനത്തിൽ 8 പഞ്ചായത്തുകളിലെ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല എന്ന് പറയുന്നു. തിരുനാവായ ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച കെട്ടിടം സ്വകാര്യ വ്യക്തി കയ്യേറിയതായി റിപ്പോർട്ടുണ്ട്. 19 പ്രവൃത്തികൾ പൂർത്തിയാക്കിയതായും അതത് സ്ഥാപനങ്ങൾ എഗ്രിമെന്റ് വച്ച് കൈമാറിയതായും ജില്ലാ പഞ്ചായത്തിന് വാടകയിനത്തിൽ ലഭിക്കേണ്ട 10% തുക ലഭിച്ചതായും വ്യക്തമാക്കുന്ന രേഖകളൊന്നും ലഭ്യമല്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.72.3]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

29. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ പരാമർശവിധേയമായ 19 മാർക്കറ്റ് കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും, എഗ്രിമെന്റ് വച്ചാണ് കെട്ടിടങ്ങൾ നൽകിയതെന്നും, എന്നാൽ വ്യവസ്ഥപ്രകാരം കെട്ടിട വാടകയുടെ 10% തുക ജില്ലാ പഞ്ചായത്തിൽ അടവാക്കുന്നത് പ്രായോഗികമല്ലെന്നും, പ്രസ്തുത പദ്ധതി ജില്ലാ പഞ്ചായത്തിന്റെ വരുമാന മാർഗ്ഗമെന്ന നിലയിലല്ല, മറിച്ച് ഗ്രാമപഞ്ചായത്തുകളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ആരംഭിച്ചതെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി(ഇൻ-ചാർജ്) മറുപടി നൽകി. വ്യവസ്ഥപ്രകാരം പദ്ധതി ഗുണഭോക്താക്കളായ ഗ്രാമപഞ്ചായത്തുകൾ ജില്ലാ പഞ്ചായത്തിന് നൽകേണ്ടതായ 10% തുക ഒഴിവാക്കി നൽകുവാനാണ് ജില്ലാ പഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുന്നതെങ്കിൽ, അക്കാര്യം സർക്കാരിനെ മുൻകൂട്ടി അറിയിച്ച് സർക്കാരിൽ നിന്നും അനുമതി വാങ്ങണമെന്ന് സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങളും ശിപാർശകളും

30. **പരാമർശവിധേയമായ 19 മാർക്കറ്റ് കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചതായും കരാർ ചമച്ച് പ്രസ്തുത കെട്ടിടങ്ങൾ അതത് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയതായും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത പദ്ധതി ജില്ലാ പഞ്ചായത്തിന്റെ വരുമാന മാർഗ്ഗമെന്ന നിലയിലല്ല, മറിച്ച് ഗ്രാമപഞ്ചായത്തുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ആരംഭിച്ചതെന്നും അതിനാൽത്തന്നെ വ്യവസ്ഥ പ്രകാരം കെട്ടിട വാടകയുടെ 10% പദ്ധതി ഗുണഭോക്താക്കളായ ഗ്രാമപഞ്ചായത്തുകൾ ജില്ലാ പഞ്ചായത്തിൽ അടവാക്കുന്നത് പ്രായോഗികമല്ലെന്നുമുള്ള ജില്ലാ പഞ്ചായത്ത് അധികൃതരുടെ വിശദീകരണം സമിതി അംഗീകരിക്കുന്നു. പ്രസ്തുത തുക ഒഴിവാക്കി നൽകുവാനാണ് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനമെങ്കിൽ അക്കാര്യം സർക്കാരിനെ മുൻകൂട്ടി അറിയിച്ച് സർക്കാരിൽനിന്നും അനുമതി വാങ്ങണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കോസ്റ്റ്ഫോർഡിൽ ഡെപ്പോസിറ്റ്**

ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക 3(9)

30-6-1998-ന് 1,45,00,000 രൂപ 36 പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കോസ്റ്റ്ഫോർഡിൽ ഡെപ്പോസിറ്റ് ചെയ്തതിൽ 35 പ്രവൃത്തികൾ പൂർത്തിയാക്കിയതായും വനിതാ ഗ്രാമ വ്യവസായ സൊസൈറ്റി കെട്ടിട നിർമ്മാണത്തിനായി നൽകിയ 3,00,000 രൂപ സ്ഥലം കൈമാറാത്തത് കാരണം വിനിയോഗിച്ചിട്ടില്ലെന്നും കോസ്റ്റ് ഫോർഡ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥലം കൈമാറുന്നതിനോ തുക തിരികെ ഈടാക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.72.4]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

31. സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

32. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കോണിക്കല്ല് കുടിവെള്ള പദ്ധതി - 64,708 രൂപ തിരിച്ചീടാക്കിയില്ല**

ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക 3(2)

കോണിക്കല്ല് കുടിവെള്ള പദ്ധതി 8-8-2002-ന് ബഹു. ഓംബുഡ്സ്മാൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ 17-6-2003-ലെ സർക്കാർ കത്ത് നം. 3350/ഡി.പി/3/03/എൽ.എസ്.ജി.ഡി. പ്രകാരം ഈ പ്രവൃത്തിയിൽ 33,600 രൂപ നഷ്ടത്തുകയായി നിജപ്പെടുത്തിയതിൽ 9,092 രൂപ മാത്രം ഈടാക്കി. ബാക്കി 24,508 രൂപ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. രണ്ടാംഘട്ട പ്രവൃത്തിക്ക് 28-3-2000-ന് നൽകിയ 40,200 രൂപയുടെ മുൻകൂറും തിരിച്ചുപിടിച്ചിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.72.5]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

33. പദ്ധതിയുമായി ബന്ധപ്പെട്ട് പരാമർശവിധേയമായ മുഴുവൻ തുകയും തിരിച്ചടച്ചിട്ടുണ്ടെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്) അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തുക തിരിച്ചടച്ചതുമായി ബന്ധപ്പെട്ട രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

34. **കോണിക്കല്ല് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് പരാമർശവിധേയമായ മുഴുവൻ തുകയും തിരിച്ചടച്ചതുമായി ബന്ധപ്പെട്ട രേഖകൾ അടിയന്തരമായി സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ചെറുകുളമ്പ് -നാറാണത്ത് റോഡ് പുനരുദ്ധാരണം- ഉപയോഗിക്കാത്ത സാധനങ്ങളുടെ വിലയും പലിശയും ഈടാക്കിയില്ല.**

ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക 3(7)

ചെറുകുളമ്പ് നാറാണത്ത് റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 4,50,702 രൂപ കൺവീനർക്ക് നൽകിയതിൽ പാർട്ട് ബില്ലിൽ ഉൾപ്പെട്ടതും ഉപയോഗിക്കാത്തതുമായ മെറ്റൽ വില 1,65,586 രൂപയും 1,21,945 രൂപ പലിശയും (20-5-2006 വരെയുള്ളത്) സഹിതം ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.72.6]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

35. സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

36. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**എം.ഇ.എസ്. അത്തൻമോയിൻ യത്തീംഖാനയ്ക്ക് പി.ഡി. അക്കൗണ്ടിൽ നിന്ന് അധിക തുക നൽകി.**

ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക 2(4)

2001-02 സാമ്പത്തിക വർഷത്തിൽ ഗ്രാന്റ് ഇനത്തിൽ എം.ഇ.എസ്. അത്തൻമോയിൻ യത്തീംഖാന, മമ്പാടിന് 69,555 രൂപ അനുവദിക്കുകയും ടി തുകയ്ക്കുള്ള ചെക്ക് (ഡി.എ.326417/24.06.02) നൽകിയതായി ക്യാഷ് ബുക്കും ചെക്കിന്റെ കൗണ്ടർ ഫോയിലും പരിശോധിച്ചതിൽ കാണുകയുണ്ടായി. എന്നാൽ പി.ഡി. അക്കൗണ്ടിന്റെ ട്രഷറി പാസ്ബുക്ക് പ്രകാരം ഈ ചെക്കിന് നേരെ 6,99,555 രൂപ രേഖപ്പെടുത്തിയിരിക്കുന്നതിനാൽ 6,30,000 രൂപ യത്തീംഖാന അധികമായി പിൻവലിച്ചതായി കാണുന്നു. ഇക്കാര്യം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും അധിക തുക പലിശ സഹിതം തിരിച്ചീടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.72.7]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

37. സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

38. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ലക്ഷങ്ങൾ ചെലവഴിച്ചിട്ടും; പൂർത്തീകരിക്കാത്ത; ലക്ഷ്യം നിറവേറ്റാത്ത പദ്ധതികളെ സംബന്ധിച്ചുള്ള പൊതു നിരീക്ഷണം.**

1998-99 മുതൽ 2005-06 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകളിൽ പൊതുവായി കാണപ്പെട്ടിട്ടുള്ള ഓഡിറ്റ് നിരീക്ഷണം ക്രോഡീകരിച്ച് താഴെ കൊടുക്കുന്നു:

| ക്രമ നമ്പർ | വർഷം | ഖണ്ഡിക | പഞ്ചായത്ത് | തുക | റിമാർക്സ് |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 25 | 2004-05 | 3(52) | മലപ്പുറം ജില്ലാ പഞ്ചായത്ത് | 3,60,000 | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പ്രോജക്ടിൽ തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളിൽ 7-ാം തരം തുല്യതാ പഠിതാക്കളിൽ 5000 പേർക്ക് 72 രൂപ നിരക്കിൽ ഓരോ സെറ്റ് പുസ്തകം നൽകുക എന്നതാണ് പ്രോജക്ട്. 31-3-2005-ൽ തുക അനുവദിച്ച് നൽകി. എന്നാൽ പ്രവർത്തന കലണ്ടർ പ്രകാരമുള്ള ക്ലാസ്സുകൾ നടത്തിയില്ല. പ്രോജക്ട് ലക്ഷ്യം കണ്ടില്ല. |
| 26 | 2004-05 | 3(16) | മലപ്പുറം ജില്ലാ പഞ്ചായത്ത് | 3,72,321 | മരവന്ത ഐ.എച്ച്.ഡി.പി കോളനി കുടിവെള്ള പദ്ധതി-പാർട്ട് ബില്ലിൽ നിന്നും പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി മാത്രമേ നടന്നിട്ടുള്ളൂ. |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 27 | 2004-05 | 3(17) | മലപ്പുറം ജില്ലാ പഞ്ചായത്ത് | 1,00,000 | കുറ്റൂർ നോർത്ത് അരീക്കാട്ടു പറമ്പ് കുടിവെള്ള പദ്ധതി-മുൻകൂർ കൈപ്പറ്റിയതല്ലാതെ പ്രവൃത്തിയിൽ ഒരു പുരോഗതി യുമില്ല. |
| 28 | 2004-05 | 3(20) | മലപ്പുറം ജില്ലാ പഞ്ചായത്ത് | 4,63,414 | കുട്ടശ്ശേരികുളം പട്ടികജാതി കോളനി കുടിവെള്ള പദ്ധതി-പമ്പ് ഹൗസ് വയറിംഗ് നടത്തി മോട്ടോർ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. |
| 29 | 2004-05 | 3(21) | മലപ്പുറം ജില്ലാ പഞ്ചായത്ത് | 1,00,000 | പാക്കടപ്പുറായ കുടിവെള്ള പദ്ധതി-കുടിവെള്ള പദ്ധതിയ്ക്ക് കിണർ കുഴിക്കേണ്ട സ്ഥലം ഏതെന്ന് ഉറപ്പിക്കുന്നതിനുമുമ്പ് മുൻകൂർ നൽകി. |
| 30 | 2004-05 | 3(21) എ | മലപ്പുറം ജില്ലാ പഞ്ചായത്ത് | 1,00,000 | ഓവുങ്ങൽമാട് കുടിവെള്ള പദ്ധതി-പ്രവൃത്തി പൂർത്തിയാക്കുന്നതിന് നടപടിയെടുത്തില്ല. |
| 31 | 2004-05 | 3(23) | മലപ്പുറം ജില്ലാ പഞ്ചായത്ത് | 1,46,764 | ഗണപതിക്കാവ് ഇറിഗേഷൻ പദ്ധതി-കിണർ, പമ്പ് ഹൗസ് എന്നിവ മാത്രം ഭാഗികമായി പൂർത്തിയാക്കി. മറ്റ് പ്രവൃത്തികൾ ചെയ്തിട്ടില്ല. |
| 32 | 2004-05 | 3(24) | മലപ്പുറം ജില്ലാ പഞ്ചായത്ത് | 4,68,795 | എരുമപ്പുഴ പുത്തൻപള്ളി ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി-മോട്ടോർ സ്ഥാപിക്കുകയോ വൈദ്യുതീകരണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. |
| 33 | 2004-05 | 3(25) | മലപ്പുറം ജില്ലാ പഞ്ചായത്ത് | 8,00,000 | തിരുനാരായണപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി-പുലാമന്തോൾ ഗ്രാമപഞ്ചായത്തുമായി സംയോജിപ്പിച്ചുകൊണ്ട് തയ്യാറാക്കിയ പദ്ധതി പൂർത്തീകരിക്കുന്നതിനുമുമ്പ് ജില്ലാ പഞ്ചായത്ത് വിഹിതം നൽകി. |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 34 | 2004-05 | 3(28) | മലപ്പുറം ജില്ലാ പഞ്ചായത്ത് | 2,74,411 | വറ്റല്ലൂർ കുടിവെള്ള പദ്ധതി-കിണറും പൈപ്പ്ലൈൻ പ്രവൃത്തിയും പൂർത്തിയാക്കി. തുടർനടപടി സ്വീകരിച്ചിട്ടില്ല. |
| 35 | 2004-05 | 3(29) | മലപ്പുറം ജില്ലാ പഞ്ചായത്ത് | 5,53,567 | രാങ്ങാട്ടൂർ സമഗ്ര കുടിവെള്ള പദ്ധതി പൈപ്പ്ലൈൻ നീട്ടൽ-പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. |
| 36 | 2004-05 | 3(30) | മലപ്പുറം ജില്ലാ പഞ്ചായത്ത് | 3,90,232 | എരിക്കോട് ആസ്ഥാന കുടിവെള്ള പദ്ധതി-പൈപ്പ് ലൈൻ സ്ഥാപിക്കുക എന്ന പ്രവൃത്തി മാത്രം ചെയ്തു. പമ്പ് ഹൗസ് നിർമ്മാണം, വൈദ്യുതീ കരണം, ജലലഭ്യത ഉറപ്പാക്കൽ എന്നിവ ചെയ്തിട്ടില്ല. |
| 37 | 2004-05 | 3(31) | മലപ്പുറം ജില്ലാ പഞ്ചായത്ത് | 4,34,233 + 15,300 | ഉണ്ണ്യാൽ കുടിവെള്ള പദ്ധതി-വൈദ്യുതീകരണ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. |
| 38 | 2004-05 | 3(32) | മലപ്പുറം ജില്ലാ പഞ്ചായത്ത് | 3,53,772 + 46,400 | വാഴക്കുന്ന് മിനിവാട്ടർ സപ്ലൈ സ്കീം-1999-2000-ൽ ആരംഭിച്ച പ്രവൃത്തി നാളിതുവരെ പൂർത്തി യായിട്ടില്ല. |
| 39 | 2004-05 | 3(89) | മലപ്പുറം ജില്ലാ പഞ്ചായത്ത് | 2,16,000 + 310.90 ക്വിന്റൽ ഭക്ഷ്യധാന്യം | എസ്.ജി.ആർ.വൈ-8 പ്രവൃത്തി കൾ-മുൻകൂറും ഭക്ഷ്യ ധാന്യവും കൈപ്പറ്റിയിട്ടുണ്ട്. ഒരു പ്രവൃത്തി ഉപേക്ഷിച്ചുവെങ്കിലും മുൻകൂർ 50,000 തിരികെ ഈടാക്കി യിട്ടില്ല. |
| 40 | 2001-02 | 2(3) | പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് | 1,40,000 | കണ്ണേങ്കായൽ ബണ്ടിംഗ് നിർമ്മാണത്തിന് മുൻകൂർ നൽകിയ തുക തിരിച്ചട വാക്കുകയോ പ്രവൃത്തി പൂർത്തി യാക്കുകയോ ചെയ്തിട്ടില്ല. |
| 41 | 2001-02 | 2(7) | പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് | 16,17,513 | തൊഴിലുറപ്പ് പദ്ധതിയിൽ 7 പ്രവൃത്തികൾക്കായി നൽകിയ തുകയ്ക്കർഹമായ ഫൈനൽ ബില്ലും പൂർത്തീകരണ വിവരവും ലഭ്യമായിട്ടില്ല. |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 42 | 2005-06 | 3(6) | മങ്കട ബ്ലോക്ക് പഞ്ചായത്ത് | 1,09,900 | 3 പ്രവൃത്തികൾക്ക് നൽകിയ മുൻകൂറുകൾ റവന്യൂ റിക്കവറി മുഖേന ഈടാക്കാൻ നടപടി സ്വീകരിച്ചില്ല. |
| 43 | 2000-01 | 2(3) | പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് | 1,03,700 | 4 പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ റവന്യൂ റിക്കവറി നടപടി പൂർത്തിയാക്കേണ്ടതാണ്. |
| 44 | 2005-06 | 3(1) | നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് | 50,000 | കുതിരപ്പുഴ സൈഡ് സംരക്ഷണം മുൻകൂർ കൈപ്പറ്റി പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| 45 | 1999-2000 | 2(7) | വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | 91,000 | 6 പ്രവൃത്തികൾക്ക് നൽകിയ മുൻകൂറുകൾ ഈടാക്കാൻ ആർ.ആർ നടപടി സ്വീകരിച്ചിട്ടില്ല. |
| 46 | 2005-06 | 3(3) | പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് | 27,02,535 | 20 പ്രവൃത്തികൾക്ക് 1999-2000 മുതൽ 2001-02 വരെ നൽകിയ മുൻകൂർ |
| 47 | 2005-06 | 3(4) | പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് | 1,10,000 | 2 കുടിവെള്ള പദ്ധതികൾക്ക് മുൻകൂർ നൽകി. ആർ.ആർ. നടപടി വിവരം ലഭ്യമല്ല. |
| 48 | 2003-04 | 3.4 | പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് | 1,50,000 | കുടിവെള്ള പദ്ധതിയുടെ വൈദ്യുതീകരണം 2007-ലും പൂർത്തിയാക്കിയിട്ടില്ല. |
| 49 | 1999-2000 | 2(19) | വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | 80,000 | ശുദ്ധജല പദ്ധതി-കെയ്കോയിൽ തുക ഡെപ്പോസിറ്റ് ചെയ്തു. പ്രവൃത്തി പൂർത്തിയാക്കിയതിന്റെ രേഖകളില്ല. |
| 50 | 2001-02 | 2(11) എ | പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് | 9,98,116 | കരകൗശല നിർമ്മാണ വ്യവസായ സഹകരണ സംഘം പ്രവൃത്തി തുടങ്ങിയിട്ടില്ല. |
| 51 | 2001-02 | 2(11) ബി | പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് | 5,14,229 | ഇലക്ട്രോണിക് ചോക്ക് (നിർമ്മാണം)(വനിത)–പ്രവൃത്തി തുടങ്ങിയിട്ടില്ല. |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 52 | 2004-05 | 3(5) | മങ്കട ബ്ലോക്ക് പഞ്ചായത്ത് | 57,360 | അനുമതിയില്ലാതെ പദ്ധതി ഉപേക്ഷിച്ചു. |
| 53 | 2001-02 | 3(3) | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് | 2,47,562 | 1. കളക്ടർ നിശ്ചയിച്ച വിലയിന്മേൽ 25 ശതമാനം വർദ്ധനവ് നൽകി.<br>2. വില വർദ്ധനവിന് ഉടമ അപേക്ഷ നൽകിയിട്ടില്ല. |
| 54 | 2003-04 | 2(10) | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് | 1,21,561 | 1. കളക്ടർ നിശ്ചയിച്ച വിലയുടെ 30 ശതമാനം വർദ്ധനവ് നൽകിയാണ് സ്ഥലം വാങ്ങിയത്. ഇങ്ങനെ വാങ്ങിയതിൽ തന്നെ അനുവദനീയ മായതിലും 7047 രൂപ അധികം നൽകി.<br>2. വിലവർദ്ധനവ് നൽകാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനമില്ല. |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.1, പട്ടിക ക്രമ നം. 25-54 ജില്ല/ബ്ലോക്ക് പഞ്ചായത്തുകൾ]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

39. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ട്, മരവന്ത ഐ.എച്ച്.ഡി.പി. കോളനി കുടിവെള്ള പദ്ധതി, കുട്ടശ്ശേരിക്കുളം പട്ടികജാതി കോളനി കുടിവെള്ള പദ്ധതി, കുതിരപ്പുഴ സൈഡ് സംരക്ഷണം, കെയ്കോയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടും പൂർത്തീകരണ രേഖകളില്ലാത്ത വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിലെ ശുദ്ധജല പദ്ധതി, പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിലെ കരകൗശല നിർമ്മാണ വ്യവസായ സഹകരണ സംഘം പ്രവൃത്തി തുടങ്ങിയിട്ടില്ല എന്നിവയുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

40. കുറ്റൂർ നോർത്ത് അരീക്കോട്ടുപറമ്പ് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ പദ്ധതിയ്ക്കായി 1,00,000 രൂപ മുൻകൂർ നൽകിയിരുന്നുവെങ്കിലും കിണർ നിർമ്മാണം മാത്രം പൂർത്തീകരിച്ച് പദ്ധതി

അവസാനിപ്പിക്കുകയായിരുന്നുവെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി(ഇൻ-ചാർജ്) മറുപടി നൽകി. പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ പരിശോധന നടത്തി വാല്യുവേഷൻ സംബന്ധിച്ച വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

41. പാകടപ്പുറായ കുടിവെള്ള പദ്ധതിയ്ക്കായി അനുവദിച്ച തുക വിനിയോഗിച്ച് പദ്ധതി പൂർത്തീകരിച്ചുവെങ്കിലും പദ്ധതി പൂർത്തീകരണ വിവരം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് നിർദ്ദേശിച്ചു.

42. ഓവുങ്ങൽമാട് കുടിവെള്ള പദ്ധതി, ഗണപതിക്കാവ് ഇറിഗേഷൻ പദ്ധതി, എരുമപ്പുഴ പുത്തൻപള്ളി ലക്ഷംവീട് കോളനി കുടിവെള്ള പദ്ധതി, തിരുനാരായണപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, വറ്റല്ലൂർ കുടിവെള്ള പദ്ധതി, രാങ്ങാട്ടൂർ സമഗ്ര കുടിവെള്ള പദ്ധതി, എടരിക്കോട് ആസ്ഥാന കുടിവെള്ള പദ്ധതി, ഉണ്ണ്യാൽ കുടിവെള്ള പദ്ധതി, വാഴക്കുന്ന് മിനിവാട്ടർ സ്കീം എന്നിവയുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ മേൽപരാമർശിച്ച പദ്ധതികളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

43. 8 എസ്.ജി.ആർ.വൈ. പദ്ധതികളിൽ ഉൾപ്പെട്ട പുന്നമത-മംഗലം സിൻഡിക്കേറ്റ് നടപ്പാത അഭിവൃദ്ധിപ്പെടുത്തൽ, പഞ്ഞൻപടി- തലൂക്കര നടപ്പാത, നാരങ്ങപൊയിൽ-കല്ലേങ്ങര തോട് പാർശ്വസംരക്ഷണം, ഭാരതപ്പുഴയിൽ കിണർ നിർമ്മിക്കൽ, തുറക്കൽ കുളം നിർമ്മാണം എന്നിവ സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ മേൽപരാമർശിച്ച പ്രവൃത്തികളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു. പൊറ്റക്കുടി ഇക്കരത്തോട് പാർശ്വസംരക്ഷണം, കുറ്റിപ്പാല– കക്കടിപ്പുറം തോട് പുനരുദ്ധാരണം, വാലൻചേരി - രാമൻചിറ റോഡ് എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കുവാൻ സമിതി നിർദ്ദേശിച്ചു.

44. കണ്ണേങ്കായൽ ബണ്ടിംഗ് നിർമ്മാണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ 1998-99-ൽ ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തിയാണ് കണ്ണേങ്കായൽ ബണ്ടിംഗിന്റെ നിർമ്മാണം ആരംഭിച്ചതെന്നും, എന്നാൽ പ്രവൃത്തി നിശ്ചിത സമയത്ത് പൂർത്തിയാക്കുവാൻ സാധിക്കാത്തതിനാൽ നിലവിലുള്ള അവസ്ഥയിൽതന്നെ അവസാനിപ്പിക്കുന്നതിന് ഭരണസമിതി തീരുമാനിക്കുകയും ടി വിവരം കൺവീനറെ അറിയിക്കുകയും ചെയ്തിരുന്നുവെന്നും അതിന്റെ അടിസ്ഥാനത്തിലാണ് കൺവീനർ പ്രവൃത്തി നിർത്തിവച്ചതെന്നും കൺവീനർ കൈപ്പറ്റിയ തുകയേക്കാൾ കൂടുതൽ പ്രവൃത്തി തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ടെന്നും പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

45. പൊന്നാനി ബ്ലോക്ക് പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയിലെ 7 പ്രവൃത്തികൾക്കായി നൽകിയ തുകയ്ക്കുർഹമായ ഫൈനൽ ബില്ലും പൂർത്തീകരണ വിവരവും ലഭ്യമാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പദ്ധതി നം. 1, 2, 5, 7 എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു. പദ്ധതി നം. 3-മായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലവിലുള്ള കേസിന്റെ അന്തിമ വിധിയ്ക്കനുസരിച്ച് തുടർനടപടി സ്വീകരിക്കാമെന്ന് സമിതി നിർദ്ദേശിച്ചു. പദ്ധതി നം. 4, 6 എന്നിവയുമായി ബന്ധപ്പെട്ട ആർ.ആർ. നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

46. മങ്കട ബ്ലോക്ക് പഞ്ചായത്തിലെ 3 പ്രവൃത്തികൾക്ക് നൽകിയ മുൻകൂറുകൾ റവന്യൂ റിക്കവറി മുഖേന ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട പരാമർശവിധേയമായ മൂന്ന് പ്രവൃത്തികളിൽ ജൈവകൃഷി വികസനം, മക്കരപറമ്പ് ടൗൺ ഡ്രെയ്നേജ് നിർമ്മാണം എന്നിവയ്ക്ക് നൽകിയ മുൻകൂറുകൾ റവന്യൂ റിക്കവറി പ്രകാരം തിരിച്ചടവാക്കിയിട്ടുണ്ടെന്ന് മങ്കട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. എന്നാൽ തുക തിരിച്ചടവാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടില്ലെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിശദാംശങ്ങൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. കാളാവ് രാമപുരം റോഡ് പ്രവൃത്തി പൂർത്തീകരിച്ചതായി മങ്കട ബ്ലോക്ക് പഞ്ചായത്ത് അധികൃതർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ വിവരം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

47. പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിലെ നാല് പ്രവൃത്തികൾ പൂർത്തിയാക്കാത്തതിനാൽ റവന്യൂ റിക്കവറി നടപടി പൂർത്തീകരിക്കേണ്ടതാണ് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ പൊതുമരാമത്ത് പ്രവൃത്തികൾക്ക് മുൻകൂർ തുക നൽകിയതിൽ പൂർത്തീകരിക്കാത്ത 4 പ്രവൃത്തികളുണ്ടെന്നും അതിൽ ഒന്നാമത്തെ പ്രവൃത്തിയായ ചിയ്യാന്നൂർ ജി.എൽ.പി.എസ്. കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ കൺവീനർക്ക് സ്വന്തമായി വസ്തുവകകൾ ഇല്ലാത്തതിനാൽ അയാൾക്കെതിരെയുള്ള ആർ.ആർ. നടപടി ജില്ലാ കളക്ടർ മടക്കിയിരിക്കുകയാണെന്നും, രണ്ടാമത്തെയും മൂന്നാമത്തെയും പ്രവൃത്തികളായ മാത്തുംപ്പുറം കോളനി ശുദ്ധജലവിതരണം, വാക്കോത്ത് താഴംകുളം പുനരുദ്ധാരണ പ്രവൃത്തി എന്നിവയുമായി ബന്ധപ്പെട്ട് കൺവീനർമാർക്ക് നൽകിയിരുന്ന മുൻകൂർ തുക ആർ.ആർ. നടപടിയിലൂടെ പൂർണ്ണമായും ഈടാക്കിയിട്ടുണ്ടെന്നും നാലാമത്തെ പ്രവൃത്തിയായ വാക്കോത്ത് താഴം അംഗൻവാടി മീറ്റിംഗ് ഹാൾ നിർമ്മാണവുമായി ബന്ധപ്പെട്ട് കൺവീനറുടെ അപേക്ഷപ്രകാരം ചെയ്ത പ്രവൃത്തികൾ ഒഴിച്ച് ശേഷിക്കുന്ന തുക ആർ.ആർ. നടപടിയിലൂടെ തിരിച്ച് പിടിക്കുന്നതിന് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും പെരുമ്പടപ്പ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ് ഹെഡ് ക്ലാർക്ക് മറുപടി നൽകി. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

48. വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിലെ 6 പ്രവൃത്തികൾക്ക് നൽകിയ മുൻകൂറുകൾ ഈടാക്കുവാൻ ആർ.ആർ. നടപടി സ്വീകരിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ 6 പ്രവൃത്തികൾക്ക് നൽകിയ മുൻകൂർ തുക തിരിച്ച് പിടിക്കുന്നതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും ചള്ളിപ്പാടം ഗവ. എൽ.പി സ്കൂളിലെ കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട് 12,500 രൂപ കൺവീനർക്ക് നൽകിയിരുന്നുവെന്നും ഏകദേശം 37 അടിയോളം കിണർ കുഴിച്ചപ്പോൾ പാറയായതിനാൽ പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിച്ചില്ലെന്നും ആയതിനാൽ failed well എന്ന ഗണത്തിൽ ഉൾപ്പെടുത്തി ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്നാണ് തന്റെ അപേക്ഷയെന്നും, പനഞ്ചോല പൊതുകിണർ നിർമ്മാണത്തിന് 15000 രൂപ മുൻകൂർ നൽകിയിരുന്നുവെങ്കിലും പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ലെന്നും ആ വർഷം തന്നെ കൺവീനർ മരണപ്പെട്ടുപ്പോയെന്നും, ചെമ്പകുത്ത് പൊതുകളിസ്ഥലവുമായി ബന്ധപ്പെട്ട പ്രവൃത്തിയ്ക്ക് 31000 രൂപ അനുവദിക്കുകയും 7500 രൂപ മുൻകൂറായി നൽകുകയും ചെയ്തിരുന്നുവെന്നും പൊതുകളിസ്ഥലത്തിന്റെ പ്രാരംഭ പ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നുവെന്നും, നാട്ടുകാരും പി.ടി.എ.-യും ചേർന്ന് പിന്നീട് സ്റ്റേജിന്റെ നിർമ്മാണം പൂർത്തീകരിച്ച് നിലവിൽ ഉപയോഗിക്കുന്നുണ്ടെന്നും വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥൻ മറുപടി നൽകി.

49. ചെളിപ്പാടം എസ്.സി. കോളനി റോഡിന്റെ നിർമ്മാണത്തിന് 21,000 രൂപ അഡ്വാൻസായി നൽകിയിരുന്നുവെന്നും കൺവീനർ ഭാഗികമായി പൂർത്തിയാക്കിയ പ്രവൃത്തി പിന്നീട് പൂർണ്ണമായി പൂർത്തീകരിച്ചിരുന്നുവെന്നും, 2001-02-ലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന കരിന്താൽ കിണർ നിർമ്മാണ പ്രവൃത്തിയ്ക്കായി 20,000 രൂപ അനുവദിച്ചിരുന്നുവെന്നും എന്നാൽ 21 അടിയോളം കുഴിച്ചിട്ടും വെള്ളം ലഭിച്ചില്ലെന്നും അതിനുശേഷം കുടിവെള്ള പൈപ്പ്ലൈൻ മുഖേന കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ടെന്നും, ഗവ. വി.എച്ച്.എസ്. ശുദ്ധജല കുടിവെള്ള പദ്ധതിയുടെ കൺവീനറായി സ്കൂൾ പ്രിൻസിപ്പാളിനെ നിശ്ചയിക്കുകയും അഡ്വാൻസ് നൽകുകയും ചെയ്തിരുന്നുവെന്നും എന്നാൽ കിണർ കുഴിച്ചപ്പോൾ പാറയായതിനാൽ വെള്ളം ലഭിച്ചില്ലെന്നും ആയതിനാൽ പ്രസ്തുത പ്രവൃത്തിയും failed well ഗണത്തിൽപ്പെടുത്തി ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്നാണ് തന്റെ അപേക്ഷയെന്നും അദ്ദേഹം തുടർന്ന് സമിതിയെ ബോധിപ്പിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് അധികൃതർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

50. പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിലെ മുൻകൂർ നൽകിയ 20 പ്രവൃത്തികളിൽ 13 എണ്ണം പൂർത്തീകരിച്ചതിന്റെയും മുൻകൂർ ക്രമീകരിച്ചതിന്റെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

51. കുത്ത്പറമ്പ് മൈനർ ഇറിഗേഷൻ പദ്ധതിയും മണ്ണാത്തിക്കടവ് ഇറിഗേഷൻ പദ്ധതിയും പൂർത്തീകരിച്ച് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും രണ്ട് പ്രവൃത്തികളുടെയും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്നും, ഊരകപറമ്പ് തെയ്യാലകത്ത് കുദോര കോളനി കുടിവെള്ള പദ്ധതിക്കുവേണ്ടി അനുവദിച്ച തുക ഉപയോഗിച്ച് കിണർ കുഴിച്ചിട്ടുണ്ടെന്നും, പ്രസ്തുത പ്രവൃത്തിയുടെയും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്നും എന്നാൽ മലിനീകരണ പ്രശ്നം കാരണം കിണർ ഉപയോഗിക്കുവാൻ കഴിയാത്ത അവസ്ഥയാണെന്നും പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

52. അമ്മിനിക്കാട് കുടിവെള്ള പദ്ധതിക്കുവേണ്ടി അനുവദിച്ച തുക വിനിയോഗിച്ച് കിണർ കുഴിക്കുകയും ടാങ്ക് നിർമ്മിക്കുകയും ചെയ്തിരുന്നുവെന്നും എന്നാൽ അമ്മിനിക്കാട് ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് റോഡിന് വീതി കൂട്ടിയതിന്റെ ഭാഗമായി പൈപ്പ്ലൈൻ മാറ്റിയിരുന്നുവെന്നും അതിനാൽ പ്രസ്തുത കുടിവെള്ള പദ്ധതി പൂർത്തീകരിക്കുവാൻ സാധിച്ചില്ലെന്നും പ്രസ്തുത പ്രവൃത്തിയുടെ കൺവീനർ മരണപ്പെട്ടുപോയെന്നും, കോട്ടോത്ത് പടി പട്ടികജാതി കുടിവെള്ള പദ്ധതി എടപ്പറ്റ പഞ്ചായത്തിൽ ചെയ്തതാണെന്നും പ്രസ്തുത പദ്ധതി പ്രകാരം കിണർ കുഴിച്ചുവെങ്കിലും വെള്ളം ലഭ്യമായിരുന്നില്ലെന്നും, ആയത് നിലവിൽ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും, കൺവീനർ പ്രസ്തുത പ്രവൃത്തി ഉപേക്ഷിച്ചുപോയിരുന്നുവെന്നും, തെച്ചിക്കുന്ന് പദ്ധതിക്കായി 4500 രൂപ മൊബിലൈസേഷൻ വഴി വാങ്ങുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥൻ തുടർന്നറിയിച്ചു. പഴകുത്ത് തിരുത്ത് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

53. രണ്ട് കുടിവെള്ള പദ്ധതികൾക്ക് മുൻകൂർ നൽകിയെങ്കിലും ആർ.ആർ. നടപടി വിവരം ലഭ്യമല്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ 2 കുടിവെള്ള പദ്ധതികൾക്ക് മുൻകൂർ തുക നൽകിയതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും ടി പ്രദേശങ്ങളിൽ നിലവിൽ ജലനിധി പദ്ധതി പ്രകാരം ആവശ്യാനുസരണം കുടിവെള്ളം ലഭ്യമാക്കുന്നുണ്ടെന്നും കോട്ടോത്ത് പടി ഹരിജൻ കോളനി കുടിവെള്ള പദ്ധതിക്കായി അനുവദിച്ച തുക ഉപയോഗിച്ച് കിണർ കുഴിച്ചുവെങ്കിലും വെള്ളം കാണാൻ സാധിക്കാത്തതിനാൽ കൺവീനർ പ്രവൃത്തി നിർത്തിവയ്ക്കുകയാണ് ചെയ്തതെന്നും ഇത് സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാമെന്നും പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

54. കുടിവെള്ള പദ്ധതിയുടെ വൈദ്യുതീകരണം 2007-ലും പൂർത്തിയായിട്ടില്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ 2005-ൽ പദ്ധതി പ്രദേശം ഉൾപ്പെടെ എസ്.സി. കോളനിയിലേയ്ക്കുള്ള കുടിവെള്ള പദ്ധതി പൂർത്തീകരിച്ച് നന്നംമുക്ക് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ടെന്നും വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ ഇതുവരെ പ്രവൃത്തി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ലെന്നും ടി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിച്ചതെന്നും കിണറിൽ നാട്ടുകാർ സ്വന്തമായി മോട്ടോർ ഘടിപ്പിച്ച് വെള്ളം എടുക്കുന്നുണ്ടെന്നും ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് ഗ്രാമപഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ടെന്നും പെരുമ്പടപ്പ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ് ഹെഡ് ക്ലാർക്ക് മറുപടി നൽകി. ഗ്രാമപഞ്ചായത്ത് അടിയന്തരമായി വൈദ്യുതി കണക്ഷൻ ലഭ്യമാക്കി ശുദ്ധജല വിതരണപദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

55. പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിലെ ഇലക്ട്രോണിക് ചോക്ക് നിർമ്മാണ പ്രവൃത്തി തുടങ്ങിയിട്ടില്ല എന്ന ഓഡിറ്റ് പരമാർശവുമായി ബന്ധപ്പെട്ട് ലിക്വിഡേഷൻ നടപടികൾ സ്വീകരിച്ച് മൂന്ന് മാസത്തിനകം റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

56. മങ്കട ബ്ലോക്ക് പഞ്ചായത്ത് അനുമതിയില്ലാതെ പദ്ധതി ഉപേക്ഷിച്ചു എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ പടപ്പറമ്പ് പ്രദേശത്തെ കുടുംബങ്ങൾക്ക് ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടി 4,50,000 രൂപയുടെ മിനികുടിവെള്ള പദ്ധതിയാണ് വിഭാവനം ചെയ്തിരുന്നതെന്നും കുഴൽകിണർ നിർമ്മിച്ചുവെങ്കിലും പദ്ധതിയ്ക്കാവശ്യമായ വെള്ളം അതിൽനിന്നും ലഭ്യമായിരുന്നില്ലെന്നും കുടിവെള്ളക്ഷാമം രൂക്ഷമായപ്പോൾ ഗുണഭോക്താക്കൾ തന്നെ ഹാന്റ് പമ്പ് സ്ഥാപിച്ച് കുഴൽകിണർ ഉപയോഗപ്പെടുത്തിയിരുന്നുവെന്നും പിന്നീട് മൂർക്കനാട് മേജർ കുടിവെള്ള പദ്ധതി നിലവിൽ വന്നതിനാൽ ടി കുഴൽകിണർ ഉപയോഗിക്കുന്നില്ലെന്നാണ് അന്വേഷണത്തിൽനിന്നും മനസ്സിലാക്കുവാൻ സാധിച്ചതെന്നും മങ്കട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പരാമർശവിധേയമായ കുടിവെള്ള പദ്ധതി സംബന്ധിച്ച് വിശദമായ പരിശോധന നടത്തി സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

57. വിലവർദ്ധനവിന് ഉടമ അപേക്ഷ നൽകിയിട്ടില്ലെങ്കിലും കളക്ടർ നിശ്ചയിച്ച വിലയിന്മേൽ 25 ശതമാനം വർദ്ധനവ് നൽകി എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ 2001-02 വർഷത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി മേൽമുറി ജി.എൽ.പി. സ്കൂളിന് സ്ഥലം വാങ്ങിയതുമായി ബന്ധപ്പെട്ടാണ്

ഓഡിറ്റ് പരാമർശമെന്നും സെന്റിന് 4400 രൂപാ നിരക്കിൽ 40 സെന്റ് സ്ഥലമാണ് വാങ്ങിയതെന്നും, വേലായുധൻ നായർ എന്നയാൾ സ്കൂളിനുവേണ്ടി 10 സെന്റ് സ്ഥലം സൗജന്യമായി നൽകിയിരുന്നുവെന്നും, ടി സ്ഥലത്തിന് അടുത്ത് തന്നെയുള്ളതും പ്രസ്തുത വ്യക്തിയുടെ തന്നെ ഉടമസ്ഥതയിലുള്ളതുമായ കെട്ടിടത്തിലാണ് ആരംഭകാലം മുതൽ സ്കൂൾ പ്രവർത്തിച്ചിരുന്നതെന്നും വിദ്യാർത്ഥികളുടെ സൗകര്യം കണക്കിലെടുത്തും ന്യായമായ വിലയ്ക്ക് സ്ഥലമുടമ സ്ഥലം നൽകുവാൻ തയ്യാറായതിനാലുമാകാം ആ സ്ഥലം തന്നെ അധികം തുക നൽകി വാങ്ങുവാൻ ഭരണസമിതി തീരുമാനമെടുത്തതെന്നും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥൻ മറുപടി നൽകി.

58. സ്ഥലമുടമ അധികം തുക നൽകണമെന്ന് ആവശ്യപ്പെട്ടതിന്റെ രേഖകൾ ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് അധിക തുക ആവശ്യപ്പെട്ടതിന്റെ രേഖകളൊന്നും നിലവിലില്ലെന്നും, ജില്ലാ കളക്ടർ നിശ്ചയിച്ച വിലയ്ക്ക് സ്ഥലമുടമ സ്ഥലം നൽകുവാൻ തയ്യാറാകാത്ത സാഹചര്യത്തിൽ പരമാവധി 30 ശതമാനം വരെ അധികതുക ചെലവഴിക്കുവാൻ ബ്ലോക്ക് പഞ്ചായത്തിന് അധികാരമുണ്ടെന്നും, അതിന്റെ അടിസ്ഥാനത്തിലാണ് ഭൂമി വാങ്ങിയതെന്ന് മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. പ്രസ്തുത മിനിട്സിന്റെ പകർപ്പ് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

59. കളക്ടർ നിശ്ചയിച്ച വിലയുടെ 30 ശതമാനം വർദ്ധനവ് നൽകി സ്ഥലംവാങ്ങി എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കോംപ്രിഹെൻസീവ് വാട്ടർ സ്കീം പദ്ധതിയിൽ ഉൾപ്പെടുത്തി ടാങ്ക് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങിയതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും പദ്ധതി ആരംഭിച്ച 1999-2000 വർഷത്തിൽ കളക്ടർ നിശ്ചയിച്ച വില സെന്റിന് 1300 രൂപയായിരുന്നുവെന്നും എന്നാൽ 2002-ലാണ് സ്ഥലം വാങ്ങൽ നടപടി പൂർത്തീകരിച്ചതെന്നും പദ്ധതി ആരംഭിച്ചപ്പോൾ സ്ഥലം നൽകാമെന്ന് സമ്മതിച്ചവർ പദ്ധതി നീണ്ടുപോയതിനാൽ സ്ഥലം നൽകുവാൻ തയ്യാറായില്ലെന്നും അക്കാരണത്താൽ പദ്ധതി മുടങ്ങുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെയും ഭരണസമിതി അംഗങ്ങളുടെയും ഒരു യോഗം വിളിച്ച് ചേർത്തിരുന്നുവെന്നും ചർച്ചയുടെ ഫലമായി ആദ്യത്തേതിനേക്കാൾ ഇരട്ടി വിലയ്ക്ക് (2600) സ്ഥലം നൽകുവാൻ സ്ഥലമുടമകൾ തയ്യാറാകുകയും അതിന്റെ അടിസ്ഥാനത്തിൽ കളക്ടർക്ക് അപേക്ഷ നൽകുകയും ചെയ്തിരുന്നുവെന്നും എന്നാൽ കളക്ടർ സെന്റിന് 80 രൂപ കൂട്ടി 1380 രൂപയായിട്ടാണ് സ്ഥലത്തിന്റെ വില നിശ്ചയിച്ചതെന്നും, അധികതുക നൽകിയത് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരമായിരുന്നുവെന്നും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടെ മറുപടി സമിതി അംഗീകരിച്ചു.

### നിഗമനങ്ങളും ശിപാർശകളും

60. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പ്രോജക്ട്, മരവന്ത ഐ.എച്ച്.ഡി.പി കോളനി കുടിവെള്ള പദ്ധതി, കുട്ടശ്ശേരികുളം പട്ടികജാതി കോളനി കുടിവെള്ള പദ്ധതി, ഓവുങ്ങൽമാട് കുടിവെള്ള പദ്ധതി, ഗണപതിക്കാവ് ഇറിഗേഷൻ പദ്ധതി, എരുമപ്പുഴ പുത്തൻപള്ളി ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി, തിരുനാരായണപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, വറ്റല്ലൂർ കുടിവെള്ള പദ്ധതി, രാങ്ങാട്ടൂർ സമഗ്ര കുടിവെള്ള പദ്ധതി, എടരിക്കോട് ആസ്ഥാന കുടിവെള്ള പദ്ധതി, ഉണ്ണ്യാൽ കുടിവെള്ള പദ്ധതി, വാഴക്കുന്ന് മിനിവാട്ടർ സ്കീം, കണ്ണേങ്കായൽ ബണ്ടിംഗ് നിർമ്മാണം, പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കിയ നാല് പ്രവൃത്തികൾ, കുതിരപ്പുഴ സൈഡ് സംരക്ഷണം, വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കിയ ആറ് പ്രവൃത്തികൾ, കെയ്കോയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടും പൂർത്തീകരണ രേഖകൾ ഇല്ലാത്ത വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിലെ ശുദ്ധജല പദ്ധതി, പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിലെ കരകൗശല നിർമ്മാണ വ്യവസായ സഹകരണ സംഘം, കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിലെ കുടിവെള്ള ടാങ്ക് നിർമ്മാണത്തിനായി കളക്ടർ നിശ്ചയിച്ച വിലയുടെ 30 ശതമാനം വർദ്ധനവ് നൽകിയുള്ള സ്ഥലം വാങ്ങൽ എന്നിവയുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

61. കുറ്റൂർ നോർത്ത് അരീക്കോട്ടുപറമ്പ് കുടിവെള്ള പദ്ധതിയ്ക്കായി 1,00,000 രൂപ മുൻകൂർ നൽകിയിരുന്നുവെങ്കിലും കിണർ നിർമ്മാണം മാത്രം പൂർത്തീകരിച്ച് പദ്ധതി അവസാനിപ്പിക്കുകയാണുണ്ടായതെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ പരിശോധന നടത്തി വാല്യുവേഷൻ സംബന്ധിച്ച വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് അടിയന്തരമായി ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

62. പാകടപ്പുറായ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണ രേഖകൾ നാളിതുവരെ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത രേഖകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിൽ ഹാജരാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

63. മലപ്പുറം ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട എട്ട് എസ്.ജി.ആർ.വൈ. പദ്ധതികളിൽ ഉൾപ്പെട്ട പുന്നമത-മംഗലം സിൻഡിക്കേറ്റ് നടപ്പാത അഭിവൃദ്ധിപ്പെടുത്തൽ, പഞ്ഞൻപടി-തലൂക്കര നടപ്പാത, നാരങ്ങപൊയിൽ-കല്ലേങ്ങര തോട് പാർശ്വസംരക്ഷണം, ഭാരതപ്പുഴയിൽ കിണർ നിർമ്മിക്കൽ, തുറക്കൽ കുളം നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ

അടിസ്ഥാനത്തിൽ മേൽപരാമർശിച്ച പ്രവൃത്തികളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. ശേഷിക്കുന്ന പ്രവൃത്തികളായ പൊറ്റക്കടി ഇക്കരത്തോട് പാർശ്വസംരക്ഷണം, കുറ്റിപ്പാല- കക്കടിപ്പുറം തോട് പുനരുദ്ധാരണം, വാലൻചേരി-രാമൻചിറ റോഡ് എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

64. പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയിലെ 7 പ്രവൃത്തികൾക്കായി നൽകിയ തുകയ്ക്കുർഹമായ ഫൈനൽ ബില്ലും പൂർത്തീകരണ വിവരവും ലഭ്യമാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരമാർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പദ്ധതി നമ്പർ 1, 2, 5, 7 എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. പദ്ധതി നമ്പർ 3-മായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലവിലുള്ള കേസിന്റെ അന്തിമ വിധിയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പദ്ധതി നമ്പർ 4, 6 എന്നിവയുമായി ബന്ധപ്പെട്ട ആർ.ആർ. നടപടികൾ ത്വരിതപ്പെടുത്തണമെന്നും സമിതി പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് അധികൃതരോട് ആവശ്യപ്പെടുന്നു.

65. മങ്കട ബ്ലോക്ക് പഞ്ചായത്ത് മൂന്ന് പ്രവൃത്തികൾക്ക് നൽകിയ മുൻകൂറുകൾ റവന്യൂ റിക്കവറി മുഖേന ഈടാക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പരാമർശവിധേയമായ മൂന്ന് പ്രവൃത്തികളിൽ ജൈവകൃഷി വികസനം, മക്കരപറമ്പ് ടൗൺ ഡ്രെയ്നേജ് നിർമ്മാണം എന്നിവയ്ക്ക് നൽകിയ മുൻകൂറുകൾ തിരിച്ചടച്ചിട്ടുണ്ടെങ്കിലും, തിരിച്ചടവാക്കിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത രേഖകളും കാളാവ് രാമപുരം റോഡ് പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകളും അടിയന്തരമായി സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി മങ്കട ബ്ലോക്ക് പഞ്ചായത്ത് അധികൃതരോട് ആവശ്യപ്പെടുന്നു.

66. പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് മുൻകൂർ നൽകിയ 20 പ്രവൃത്തികളിൽ 13 എണ്ണം പൂർത്തീകരിച്ചതിന്റെയും മുൻകൂർ ക്രമീകരിച്ചതിന്റെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. ശേഷിക്കുന്ന 7 പ്രവൃത്തികളിൽ പഴകത്ത് തിരുത്ത് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട രേഖകൾ അടിയന്തരമായി സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് അധികൃതരോട് ആവശ്യപ്പെടുന്നു. മറ്റ് 6 പ്രവൃത്തികളുമായി

**ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് അധികൃതർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അമ്മിനിക്കാട് കുടിവെള്ള പദ്ധതി, കോട്ടോത്ത് പടി പട്ടികജാതി കുടിവെള്ള പദ്ധതി എന്നിവ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാനും ശേഷിക്കുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു.**

67. **പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് രണ്ട് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി മുൻകൂർ നൽകിയിരുന്നുവെങ്കിലും പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയിരുന്നില്ലെന്നും അതിൽ കോട്ടോത്ത് പടി ഹരിജൻ കോളനി കുടിവെള്ള പദ്ധതിയ്ക്കായി അനുവദിച്ച തുക ഉപയോഗിച്ച് കിണർ കുഴിച്ചുവെങ്കിലും വെള്ളം കാണാതിരുന്നതിനാൽ കൺവീനർ പ്രവൃത്തി നിർത്തിവയ്ക്കുകയായിരുന്നു വെന്നും സമിതി നിരീക്ഷിക്കുന്നു. പരാമർശവിധേയമായ രണ്ട് പദ്ധതികളുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

68. **പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കിയ കുടിവെള്ള പദ്ധതി 2005-ൽ തന്നെ പൂർത്തീകരിച്ച് നന്നംമുക്ക് ഗ്രാമപഞ്ചായത്തിന് കൈമാറിയിരുന്നുവെങ്കിലും നാളിതുവരെയായി വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ കുടിവെള്ള പദ്ധതി നിലവിലും പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. വൈദ്യുതി കണക്ഷൻ അടിയന്തരമായി ലഭ്യമാക്കി പരാമർശവിധേയമായ പദ്ധതി പ്രാവർത്തികമാക്കി പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഇത് സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നന്നംമുക്ക് ഗ്രാമപഞ്ചായത്ത് അധികൃതരോട് നിർദ്ദേശിക്കുന്നു.**

69. **പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന ഇലക്ട്രോണിക് ചോക്ക് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട ലിക്വിഡേഷൻ നടപടികൾ സ്വീകരിച്ച് മൂന്ന് മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

70. **മങ്കട ബ്ലോക്ക് പഞ്ചായത്തിലെ പടപ്പറമ്പ് പ്രദേശത്തെ കുടുംബങ്ങൾക്കായി വിഭാവനം ചെയ്ത 4,50,000 രൂപയുടെ മിനി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് കുഴൽ കിണർ നിർമ്മിച്ചിരുന്നുവെങ്കിലും നിലവിൽ പ്രസ്തുത പദ്ധതി മുടങ്ങിക്കിടക്കുകയാണെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത പദ്ധതി സംബന്ധിച്ച് വിശദമായി പരിശോധന നടത്തി സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി മങ്കട ബ്ലോക്ക് പഞ്ചായത്ത് അധികൃതരോട് നിർദ്ദേശിക്കുന്നു.**

71. **മേൽമുറി ജി.എൽ.പി. സ്കൂളിനായി സ്ഥലം വാങ്ങിയപ്പോൾ സ്ഥലമുടമ വിലവർദ്ധനവിന് അപേക്ഷ നൽകിയിരുന്നില്ലെങ്കിലും കളക്ടർ നിശ്ചയിച്ച വിലയേക്കാൾ 25 ശതമാനം വർദ്ധനവ് നൽകി എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സ്ഥലമുടമ അധികം തുക ആവശ്യപ്പെട്ടതിന്റെ രേഖകൾ നിലവിൽ ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ജില്ലാ കളക്ടർ നിശ്ചയിച്ച വിലയ്ക്ക് സ്ഥലം നൽകുവാൻ ഉടമ തയ്യാറാകാത്ത സാഹചര്യത്തിൽ പരമാവധി 30 ശതമാനം വരെ അധികതുക ചെലവഴിക്കുവാൻ ബ്ലോക്ക് പഞ്ചായത്തിന് അധികാരമുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് ഭൂമി വാങ്ങിയതെന്ന് മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് അധികൃതർ അറിയിച്ചിരിക്കുന്നതിനാൽ പ്രസ്തുത മിനിട്സിന്റെ പകർപ്പ് അടിയന്തരമായി സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടും മുടങ്ങിക്കിടക്കുന്ന ശുദ്ധജലവിതരണ പദ്ധതികൾ**

ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05, ഖണ്ഡിക നമ്പർ 3(33)

1999-2000 മുതൽ 2004-2005 വരെയുള്ള വർഷങ്ങളിൽ ആരംഭിച്ച് നാളിതുവരെ പൂർത്തിയാക്കാതെ കിടക്കുന്ന കുടിവെള്ള പദ്ധതികൾക്കായി നൽകിയ മുൻകൂർ തുകയായ 28,75,858 രൂപ തിരികെ ഈടാക്കുന്നതിന് 8-7-2005-ലെ 8906/ഡി.പി.3/2005/തസ്വഭവ. സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് നടപടി സ്വീകരിച്ചുവരുന്നില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.58.1]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

72. തട്ടത്തലം ശുദ്ധജലവിതരണ പദ്ധതി, തിണ്ടലം പടിഞ്ഞാറെ പുത്തൻകുളം പട്ടികജാതി കുടിവെള്ള പദ്ധതി, ചെങ്കുണ്ടൻപടി കുടിനീർ പദ്ധതി, വലിയോറ മങ്ങാമാട് കുടിവെള്ള പദ്ധതി, അയ്യപ്പൻകാവ് കുടിവെള്ള പദ്ധതി, കുന്നനിക്കുളം കുടിവെള്ള പദ്ധതി, കാളിയാല ശുദ്ധജല വിതരണ പദ്ധതി, പാക്കടപ്പുറയ് കുടിവെള്ള പദ്ധതി, ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ മൈത്രി യത്തീംഖാന കുടിവെള്ള പദ്ധതി, വടക്കതിൽ വട്ടപറമ്പ് കുടിവെള്ള പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

73. പച്ചീരി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട വാല്യുവേഷൻ രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

74. വരിക്കോട്ട് ചിറ കുണ്ടൻചോല കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ നിലവിൽ പ്രവർത്തനരഹിതമായ പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് തദ്ദേശവാസികളുമായും ഗ്രാമപഞ്ചായത്ത് അധികൃതരുമായും സംസാരിക്കുന്നതിന് ഡിവിഷൻ മെമ്പറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. കുടിവെള്ള പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

### നിഗമനങ്ങളും ശിപാർശകളും

75. **തട്ടത്തലം ശുദ്ധജലവിതരണ പദ്ധതി, തിണ്ടലം പടിഞ്ഞാറെ പുത്തൻകുളം പട്ടികജാതി കുടിവെള്ള പദ്ധതി, ചെങ്കുണ്ടൻപടി കുടിനീർ പദ്ധതി, വലിയോറ മങ്ങാമാട് കുടിവെള്ള പദ്ധതി, അയ്യപ്പൻകാവ് കുടിവെള്ള പദ്ധതി, കുന്നനിക്കളം കുടിവെള്ള പദ്ധതി, കാളിമല ശുദ്ധജല വിതരണ പദ്ധതി, പാക്കടപ്പുറയ് കുടിവെള്ള പദ്ധതി, ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ മൈത്രി യത്തീംഖാന കുടിവെള്ള പദ്ധതി, വടക്കതിൽ വട്ടപറമ്പ് കുടിവെള്ള പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

76. **പച്ചീരി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട വാല്യുവേഷൻ രേഖകൾ അടിയന്തരമായി സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

77. **വരിക്കോട്ട് ചിറ കുണ്ടൻചോല കുടിവെള്ള പദ്ധതി നിലവിൽ പ്രവർത്തനരഹിതമായതിനാൽ പ്രസ്തുത പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പൊന്നാനി കോൾനില വികസനം - മോട്ടോർ വാങ്ങിയതിലെ അപാകതകൾ - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല**

ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05, ഖണ്ഡിക നമ്പർ 3(53)

പെരുമ്പടപ്പ്, അണ്ടത്തോട്, പൊന്നാനി ബ്ലോക്ക് പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന കോൾനിലങ്ങളിലെ ജലനിർഗമനവും ജലസേചനവും സാധ്യമാക്കുന്നതിനായി 29,50,000 രൂപയുടെ പദ്ധതി രൂപീകരിച്ചതിൽ 27 മോട്ടോർ വാങ്ങൽ, 16 സ്ഥിരം എഞ്ചിൻ മോട്ടോർപുര, കായൽ ബണ്ടിന്റെ കേടായ ഭാഗം മണ്ണിട്ടുനികത്തൽ എന്നിവ ഉൾപ്പെടുന്നു. എന്നാൽ 27 മോട്ടോർ വിലയായ 13,56,000 രൂപയ്ക്ക് പുറമെ മറ്റ് അനുബന്ധ പ്രവൃത്തിയുടെ അടങ്കൽ തുക

42,34,000 രൂപയായി ഉയർത്തുകയും ചെയ്തു. ടെണ്ടർ നിബന്ധനകളും 14-7-1999-ലെ ജി.ഒ. (പി)68/99 പി.ഡബ്ല്യു.ഡി. ഉത്തരവിലെ നിർദ്ദേശങ്ങളും പാലിക്കാതെ മോട്ടോർ വാങ്ങിയതിൽ 1,56,431 രൂപ നഷ്ടം വന്നിട്ടുണ്ട്. തന്നെയുമല്ല 16 എഞ്ചിൻതറ സ്ഥാപിക്കൽ ലക്ഷ്യമിട്ടിരുന്നതിൽ 12 എണ്ണം പൂർണ്ണമായും 2 എണ്ണം ഭാഗികമായും പൂർത്തിയാക്കി. 2 എണ്ണത്തിന്റെ പണി നടന്നിട്ടില്ല. 16 എണ്ണത്തിന് 2,50,000 രൂപ വീതം എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും, വളരെ കുറഞ്ഞ തുകയ്ക്കാണ് പണി പൂർത്തീകരിച്ചിരിക്കുന്നത്. പ്രസ്തുത പ്രവൃത്തി നിർദ്ദിഷ്ട ഗുണനിലവാരത്തിലാണോ പൂർത്തീകരിച്ചിരിക്കുന്നതെന്ന് പരിശോധിക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.58.2]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

78. സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

79. **സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**എസ്.ജി.ആർ.വൈ. പദ്ധതികൾക്ക് ഭക്ഷ്യധാന്യം നൽകിയതിലെ അപാകത - സബ്സിഡിയിനത്തിൽ വൻനഷ്ടം**

ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05, ഖണ്ഡിക നമ്പർ 3(76)

വേതന ഘടകത്തിൽ മനുഷ്യദിനം ഒന്നിന് 10 Kg. ഭക്ഷ്യധാന്യം കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയ പദ്ധതിയിൽ അർഹമായ മനുഷ്യദിനത്തേക്കാൾ കൂടുതൽ മനുഷ്യദിനം കണക്കാക്കിയതും സബ്സിഡി നിരക്കിലുള്ള ഭക്ഷ്യധാന്യം അധികം നൽകിയതും വഴി യഥാക്രമം 16,26,334 രൂപയും 27,37,391 രൂപയും നഷ്ടം സംഭവിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷിതത്വവും തൊഴിൽ സുരക്ഷിതത്വവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യം കൈവരിക്കാനുതകും വിധമുള്ള നിർവ്വഹണം ഉണ്ടായിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.58.3]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.

80. പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങളും ശിപാർശകളും

81. **പരാമർശവിധേയമായ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ അടിയന്തരമായി സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വനിതാ വ്യവസായ പരിശീലന കേന്ദ്രം - പദ്ധതി ലക്ഷ്യം നേടിയില്ല - മങ്കട ബ്ലോക്ക് പഞ്ചായത്ത്**

ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06, ഖണ്ഡിക നമ്പർ 3(9)

അഭ്യസ്തവിദ്യരായ പട്ടികജാതി യുവതികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് കെട്ടിടനിർമ്മാണത്തിനായി 2001-02 വർഷം 5,70,000 രൂപയും 2005-06-ൽ രണ്ടാം നില നിർമ്മിക്കുന്നതിന് 6,82,076 രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 2003-04-ൽ 3,08,948 രൂപയുടെ പരിശീലന ഉപകരണങ്ങളും വാങ്ങി. വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി 91,217 രൂപ 2006-07-ൽ ചെലവാക്കിയെങ്കിലും സമയബന്ധിതമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് തുടർനടപടി സ്വീകരിച്ചിരുന്നില്ല. കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കുന്നതിന് മുമ്പുതന്നെ പരിശീലന ഉപകരണങ്ങൾ വാങ്ങിയത് മൂലം ഗ്യാരന്റി കാലയളവ് ഉപയോഗപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. പ്രോജക്ട് ലക്ഷ്യമിടുന്ന പ്രകാരം തുക ചെലവഴിച്ച് അനുബന്ധ സാഹചര്യം ഒരുക്കിയെങ്കിലും പരിശീലന പ്രവർത്തനം ആരംഭിക്കുവാൻ ഒരു നടപടിയും സ്വീകരിച്ചില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.59.1]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.

82. സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

### നിഗമനങ്ങളും ശിപാർശകളും

83. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കുടിവെള്ള പദ്ധതിയുടെ പ്രവൃത്തിയ്ക്ക് മുൻകൂർ നൽകിയ 75,020 രൂപ ബില്ലിൽനിന്നും കുറവ് ചെയ്തിട്ടില്ല - പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്**

ഓർക്കോട്ടുപറമ്പ് പട്ടികജാതി കോളനി കുടിവെള്ള പദ്ധതിയുടെ ഫൈനൽ ബില്ലിൽനിന്നും മുൻകൂറുകൾ കുറവ് ചെയ്തപ്പോൾ "റെയ്ഡ്കോയ്ക്ക്" സാധനവിലയായി അനുവദിച്ച 75,020 രൂപയുടെ മുൻകൂർ കുറവ് ചെയ്തില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.60.1]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.

84. സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

85. **സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പ്രവൃത്തികളിൽ നിന്നുള്ള നികുതി തുക ഗുണഭോക്തൃ സമിതി കൺവീനർക്ക് നൽകിയത്**

ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം പൂർത്തിയാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ നികുതി തുക അതാത് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനുശേഷം പഞ്ചായത്ത് ഫണ്ടിൽനിന്നും സർക്കാരിലേയ്ക്ക് നേരിട്ട് അടവാക്കേണ്ട ബില്ലിൽനിന്നും കുറവുചെയ്യാതെ ഗുണഭോക്തൃസമിതി കൺവീനർക്ക് നൽകിയ ഇനത്തിൽ 1,65,634 രൂപ നഷ്ടം വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനം | ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ | മൂല്യനിർണ്ണയ തുകയോട് ചേർത്ത നികുതി | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് | 2002-03 3(8) | 91,907 | 91,908 |
| 2 | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് | 2002-03 3(12) | 92,963 | 28,603 |
| 3 | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് | 2002-03 3(16) | 92,813 | 28,192 |
| 4 | പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് | 2004-05 2(6) | 19,575 | 16,931 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.61]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.

86. ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം പൂർത്തിയാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ നികുതി തുക അതത് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനുശേഷം പഞ്ചായത്ത് ഫണ്ടിൽനിന്നും സർക്കാരിലേയ്ക്ക് നേരിട്ട് അടവാക്കേണ്ട ബില്ലിൽനിന്നും കുറവ് ചെയ്യാതെ ഗുണഭോക്തൃസമിതി കൺവീനർമാർക്ക് നൽകിയ ഇനത്തിൽ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിൽ 16,931 രൂപയുടെ നഷ്ടം സംഭവിച്ചതായി നിരീക്ഷിച്ച സമിതി നഷ്ടത്തുക ഗുണഭോക്തൃ സമിതി കൺവീനറിൽനിന്നും തിരിച്ചുപിടിച്ച് സമിതിയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

87. കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ ഉറവൻ പള്ളിയൽ കാരാട്ട് ചിറ തോടിന്റെ പാർശ്വഭിത്തി നിർമ്മാണത്തിന് നികുതി വിഹിതം പിടിക്കാതെ 91,907 രൂപ നൽകിയെന്നാണ് ഒരു ഓഡിറ്റ് പരാമർശമെന്നും ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക തിരിച്ചടയ്ക്കണമെന്ന് കൺവീനറോട് ആവശ്യപ്പെട്ടപ്പോൾ 24 തവണകളായി അടയ്ക്കാമെന്നും പരാമർശവിധേയമായ തുകയിൽ 77,982 രൂപ ടാക്സും 13,925 രൂപ വെൽഫെയർ ഫണ്ടുമാണെന്നും ആയതിനാൽ പലിശ ഒഴിവാക്കി നൽകുന്നത് ഉചിതമായിരിക്കുമെന്നും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. കൺവീനറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പലിശ ഒഴിവാക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്ത് സർക്കാരിനെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

88. പർച്ചേസ് ടാക്സ് ഈടാക്കിയത് തിരിച്ച് നൽകിയതുമായി ബന്ധപ്പെട്ടാണ് മറ്റ് രണ്ട് ഓഡിറ്റ് പരാമർശങ്ങളെന്നും പരാമർശവിധേയമായ പ്രവൃത്തികളുമായി ബന്ധപ്പെട്ട അന്തിമബിൽ കൺവീനർ 7-11-2003-ന് നൽകിയിരുന്നുവെന്നും ഭക്ഷ്യധാന്യത്തിന്റെ നികുതി ഈടാക്കേണ്ടതില്ലെന്ന നിർദ്ദേശമനുസരിച്ച് ഈയിനത്തിൽ ഈടാക്കിയ തുക കൺവീനർക്ക് 17-11-2003-ന് തിരിച്ച് നൽകിയതായി ഫയൽ പരിശോധിച്ചതിൽനിന്നും മനസ്സിലായിട്ടുണ്ടെന്നും 25-1-2002-ലെ 10/2002 നമ്പർ സർക്കാർ ഉത്തരവിൽ എസ്.ജി.ആർ.വൈ. പദ്ധതികൾക്ക് പർച്ചേസ് ടാക്സ് ഈടാക്കേണ്ടതില്ലെന്നാണ് വ്യക്തമാക്കിയിരിക്കുന്നതെന്നും അതനുസരിച്ചാണ് ഒരു പ്രവൃത്തിയിൽ 30,090 രൂപയും മറ്റേതിൽ 28,192 രൂപയും തിരിച്ച് കൊടുത്തതെന്നും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

89. എസ്.ജി.ആർ.വൈ. പദ്ധതിയിൽ ഭക്ഷ്യധാന്യത്തിന്റെയും ക്യാഷിന്റെയും അനുപാതം 60:40 ആണെന്നും പഞ്ചായത്ത് ആദ്യം മുഴുവൻ തുകയ്ക്കും ടാക്സ് പിരിച്ചിരുന്നുവെന്നും ഭക്ഷ്യധാന്യ വിഹിതത്തിലെ നികുതി കുറവ് ചെയ്യണമെന്ന

കൺവീനറുടെ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് തുക തിരിച്ച് നൽകിയതെന്നും, എന്നാൽ ക്യാഷ് പോർഷനിൽ നിന്നുള്ള നികുതി ഈടാക്കിയിട്ടുണ്ടെന്നും ഭക്ഷ്യധാന്യ വിഹിതത്തിലെ നികുതി ഇളവ് ചെയ്ത് നൽകിയതാണ് ഓഡിറ്റ് പരാമർശത്തിന് കാരണമായതെന്നും യഥാർത്ഥത്തിൽ ടി തുക കൺവീനർക്കുതന്നെ ലഭിക്കേണ്ടതാണെന്നും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കൂട്ടിച്ചേർത്തു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും ഫയലുകളും പരിശോധിച്ച് ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് അധികൃതരോട് നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

90. **ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം പൂർത്തിയാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ നികുതി തുക അതത് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനുശേഷം പഞ്ചായത്ത് ഫണ്ടിൽനിന്നും സർക്കാരിലേയ്ക്ക് നേരിട്ട് അടവാക്കേണ്ട ബില്ലിൽനിന്നും കുറവ് ചെയ്യാതെ ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് നൽകിയ ഇനത്തിൽ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിൽ 16,931 രൂപയുടെ നഷ്ടം സംഭവിച്ചതായി സമിതി നിരീക്ഷിക്കുന്നു. നഷ്ടത്തുക ഗുണഭോക്തൃ സമിതി കൺവീനറിൽനിന്നും തിരിച്ചുപിടിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് അധികൃതരോട് നിർദ്ദേശിക്കുന്നു.**

91. **കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിലെ ഉറവൻ പള്ളിയാൽ കാരാട്ട് ചിറ തോടിന്റെ പാർശ്വഭിത്തി നിർമ്മാണത്തിന് നികുതി വിഹിതം പിടിക്കാതെ 91,907 രൂപ നൽകിയെന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് നഷ്ടത്തുക 24 തവണകളായി തിരിച്ചടയ്ക്കുവാൻ കൺവീനർ സമ്മതിച്ചിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. പലിശ ഒഴിവാക്കി നൽകണമെന്ന കൺവീനറുടെ അപേക്ഷയുടെ അടിസ്ഥാനത്തിലും പരാമർശവിധേയമായ തുകയിൽ 77,982 രൂപ ടാക്സും 13,925 രൂപ വെൽഫെയർ ഫണ്ടും ആയതിനാൽ പലിശ ഒഴിവാക്കി നൽകുന്നതിൽ അപാകതയില്ലെന്ന കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടെ മറുപടിയുടെ അടിസ്ഥാനത്തിലും പലിശ ഒഴിവാക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്ത് സർക്കാരിനെ അറിയിക്കണമെന്നും ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിനും സമിതി കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് അധികൃതരോട് നിർദ്ദേശിക്കുന്നു.**

92. **എസ്.ജി.ആർ.വൈ. പദ്ധതികളുമായി ബന്ധപ്പെട്ട് ഈടാക്കിയ പർച്ചേസ് ടാക്സ് തിരിച്ച് നൽകിയതുമായി ബന്ധപ്പെട്ടാണ് മറ്റ് രണ്ട് പരാമർശങ്ങളെന്ന് സമിതി മനസ്സിലാക്കുന്നു. എസ്.ജി.ആർ.വൈ. പദ്ധതികൾക്ക് പർച്ചേസ് ടാക്സ് ഈടാക്കേണ്ടതില്ലെന്ന സർക്കാർ ഉത്തരവ് പ്രകാരവും ഭക്ഷ്യധാന്യ വിഹിതത്തിലെ നികുതി**

**കുറവ് ചെയ്യണമെന്ന കൺവീനറുടെ അപേക്ഷയുടെ അടിസ്ഥാനത്തിലുമാണ് അത്തരത്തിൽ പ്രവർത്തിച്ചതെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട ഉത്തരവുകളും ഫയലുകളും പരിശോധന നടത്തി വിശദമായ റിപ്പോർട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാക്കണമെന്ന് സമിതി കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് അധികൃതരോട് നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം നൽകിയത് ദുരുപയോഗം ചെയ്തത് സംബന്ധിച്ച് - തിരൂർ ബ്ലോക്ക് പഞ്ചായത്ത്**

ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06, ഖണ്ഡിക നമ്പർ 1(17)

സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം നൽകിയതിന്റെ ചെലവ് സംബന്ധമായ വിശദാംശം നേരിൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണപ്പെട്ടു.

(i) **കക്ക സംസ്കരണ പാക്കേജ് (പ്രൊ.നം.32/03):** ഒരു ലക്ഷം രൂപ ചെലവഴിച്ചുവെങ്കിലും ഏകദേശം 1000 രൂപ പോലും വിലമതിക്കാത്ത ഒരു ഓല ഷെഡ്ഡും മൺചൂളയും മാത്രമാണ് പരിശോധനയിൽ കാണപ്പെട്ടത്.

(ii) **നാളികേര സംസ്കരണം (പ്രൊ.നം.030/03):** 3 ലോഡ് കരിങ്കല്ല് തനിയെ പാക്ക് ചെയ്ത രൂപത്തിൽ അട്ടിവച്ചതുമാത്രമാണ് പരിശോധനയിൽ കാണപ്പെട്ടത്.

(iii) **ആട് ഫാമിന് ഭൗതികസാഹചര്യം ഒരുക്കൽ (പ്രൊ.നം.031/05):** 4,01,000 രൂപ ചെലവഴിച്ചുവെങ്കിലും കെട്ടിടത്തിന്റെ തറയും കുറച്ച് പില്ലറുകൾ കെട്ടിയതും മാത്രമാണ് സൈറ്റിൽ കാണപ്പെട്ടത്.

സംഘങ്ങൾക്ക് നൽകിയ ധനസഹായത്തിന്റെ വിനിയോഗം സംബന്ധിച്ച് അന്വേഷണം വേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.10.2]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.

93. കക്ക സംസ്കരണ പാക്കേജുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ കക്ക സംസ്കരണത്തിനായി രണ്ട് സ്വയംസഹായ സംഘങ്ങൾക്ക് 75,000 രൂപ വീതമാണ് ധനസഹായമായി അനുവദിച്ചിരുന്നതെന്നും അതിൽ 50,000 രൂപ

വീതം രണ്ട് ഗഡുക്കളായി രണ്ട് സ്വയംസഹായ സംഘങ്ങൾക്ക് നൽകിയിരുന്നുവെന്നും, കക്കയുടെയും കരിയുടെയും ലഭ്യതക്കുറവ് മൂലവും ഷെഡ്ഡ്, ചൂള എന്നിവ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുവാൻ കഴിയാതെ വന്നതിനാലും മൂന്ന് വർഷത്തിനുശേഷം പദ്ധതി മുടങ്ങിപ്പോവുകയായിരുന്നുവെന്നും കക്ക സംസ്കരണം ലാഭകരമല്ലാതെവന്ന സാഹചര്യത്തിലാണ് പദ്ധതി അവസാനിപ്പിച്ചതെന്നും 28-6-2012-ന് ഭരണസമിതി ചർച്ച ചെയ്ത് പദ്ധതിയ്ക്ക് ചെലവായ തുക മുഴുവനും വിലയിരുത്തിയിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ 2014 സെപ്റ്റംബർ മാസം ഓഡിറ്റ് വകുപ്പിന് കത്ത് നൽകിയിട്ടുണ്ടെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിന്റെ അന്വേഷണം നടന്ന് വരികയാണെന്നും തിരൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

94. നാളികേര സംസ്കരണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ നാളികേര സംസ്കരണം എന്ന പദ്ധതിയ്ക്ക് 90,000 രൂപയാണ് പദ്ധതി വിഹിതമായി കൊടുത്തിട്ടുള്ളതെന്നും സംഘം പ്രസിഡന്റിന്റെ പേരിൽ 9.725 സെന്റ് സ്ഥലം വാങ്ങിയിരുന്നുവെന്നും പദ്ധതി നിർവ്വഹണം നിലവിൽ തടസ്സപ്പെട്ടിരിക്കുകയാണെന്നും പദ്ധതി ഏറ്റെടുത്തിരുന്ന സ്വയംസഹായ സംഘത്തിന്റെ ഒരു യോഗം 2019 ജനുവരിയിൽ ചേർന്നിരുന്നുവെന്നും പ്രസ്തുത പദ്ധതിയുമായി മുന്നോട്ട് പോകുവാനാണ് അവർ തീരുമാനിച്ചിരിക്കുന്നതെന്നും തിരൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

95. ആട് ഫാമിന് ഭൗതിക സാഹചര്യം ഒരുക്കൽ എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫയലുകൾ കാണാതെപോയതിനാൽ ഓഡിറ്റ് വകുപ്പിന്റെ പരിശോധനാ സമയത്ത് ഹാജരാക്കുവാൻ സാധിച്ചിരുന്നില്ലെന്നും ആട് ഫാമിനായി തമിഴ്നാട്ടിൽനിന്നും കുറച്ച് ആടുകളെ കൊണ്ടുവന്നിരുന്നുവെന്നും എന്നാൽ കുറച്ചുനാൾ കഴിഞ്ഞപ്പോൾ അവ കൂട്ടത്തോടെ ചത്തുപോയെന്നുമാണ് പരിസരവാസികളുമായി സംസാരിച്ചപ്പോൾ മനസ്സിലായതെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ആട് ഫാം പദ്ധതിയ്ക്ക് തുക നലകിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്കായി ഹാജരാക്കുവാൻ കഴിഞ്ഞില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽനിന്നും നഷ്ടത്തുക ഈടാക്കുകയാണ് വേണ്ടതെന്ന് സമിതി അഭിപ്രായപ്പെടുകയുണ്ടായി. പരാമർശവിധേയമായ മൂന്ന് പദ്ധതികൾ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയും പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചും റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

96. **തിരൂർ ബ്ലോക്ക് പഞ്ചായത്ത് മുഖേന ഒരു ലക്ഷം രൂപ ചെലവാക്കി ആരംഭിച്ച കക്ക സംസ്കരണ പാക്കേജ് ലാഭകരമല്ലാത്തതിനാൽ മൂന്ന് വർഷങ്ങൾക്കുള്ളിൽ പ്രവർത്തനരഹിതമായിരുന്നുവെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് നിലവിൽ സർക്കാർ തലത്തിൽ അന്വേഷണം നടന്ന് വരികയാണെന്നും സമിതി നിരീക്ഷിക്കുന്നു. അന്വേഷണം അടിയന്തരമായി പൂർത്തിയാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി തദ്ദേശസ്വയംഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു.**

97. **നാളികേര സംസ്കരണ യൂണിറ്റിന്റെയും പ്രവർത്തനം നിലവിൽ തടസ്സപ്പെട്ടിരിക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള കർശന നിർദ്ദേശം പദ്ധതിത്തുക കൈപ്പറ്റിയിരുന്ന സ്വയംസഹായ സംഘത്തിന് നൽകണമെന്നും ആയത് പാലിക്കപ്പെട്ടെന്ന് നിർബന്ധമായും ഉറപ്പാക്കണമെന്നും ഇത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി തിരൂർ ബ്ലോക്ക് പഞ്ചായത്ത് അധികൃതരോട് നിർദ്ദേശിക്കുന്നു.**

98. **തിരൂർ ബ്ലോക്ക് പഞ്ചായത്ത് മുഖേന ആരംഭിച്ച ആട് ഫാം പദ്ധതിയും നിലവിൽ മുടങ്ങിക്കിടക്കുകയാണെന്നും പദ്ധതിത്തുക നൽകിയത് സംബന്ധിച്ച രേഖകൾ ബ്ലോക്ക് പഞ്ചായത്ത് അധികൃതർ നാളിതുവരെ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. പദ്ധതിത്തുക സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കാത്തപക്ഷം നഷ്ടത്തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പരാമർശവിധേയമായ മൂന്ന് പദ്ധതികൾ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയും പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് സർക്കാരിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചും സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി തദ്ദേശസ്വംഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് നൽകിയ അഡ്വാൻസ് തുകകൾ തിരിച്ച് പിടിക്കാത്തത് സംബന്ധിച്ച് - തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3 (32)

എസ്.ജി.ആർ.വൈ. പദ്ധതിയിൽ താഴെ കാണിച്ച വിവിധ പഞ്ചായത്തുകളിലെ റോഡ്/പാത്ത് വേ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 2005-06 വർഷത്തിൽ ഗുണഭോക്തൃ സമിതി കൺവീനർമാർ കരാർവച്ച് അഡ്വാൻസ് കൈപ്പറ്റിയശേഷം പ്രവൃത്തി നിർവ്വഹിക്കുകയോ, തുക തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തികൾ തുടർന്ന്

നിർവ്വഹിക്കേണ്ടതില്ലായെന്ന് 20-12-06-ലെ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 7(എ) ആയി അഡ്വാൻസ് തുക പലിശ സഹിതം തിരിച്ച് പിടിക്കാൻ തീരുമാനിച്ചതാണ്.

| | | | |
|---|---|---|---|
| 1 | കാളം തിരുത്തി - പൂക്കളങ്ങര റോഡ് പുരോഗമനം (എസ്.ജി.ആർ.വൈ-2005-06) നന്നമ്പ്ര ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃ സമിതി കൺവീനർ - ശ്രീ. കെ. ഷംസുദ്ദീൻ കരാർ നം.32/05-06/03.01.06, എസ്റ്റി. തുക - 10 ലക്ഷം രൂപ | 8,65,876<br>8-2-2006 | 50,000 |
| 2 | കിഴക്കം പാടം ഫീൽഡ് ബോത്തി മൂന്നിയൂർ ഗ്രാമപഞ്ചായത്ത് (എസ്.ജി.ആർ.വൈ-2005-06) ഗുണഭോക്തൃ സമിതി കൺവീനർ - മണക്കടവൻ അലവി കരാർ നം.30/05-06/31.01.06, എസ്റ്റി. തുക- 5 ലക്ഷം രൂപ | 8,65,874<br>8-2-2006 | 50,000 |
| 3 | ചീർപ്പിങ്ങൽ ന്യൂ കട്ട് റോഡ് പുനരുദ്ധാരണം - പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത് (എസ്.ജി.ആർ.വൈ-2005-06) ഗുണഭോക്തൃ സമിതി കൺവീനർ - ശ്രീ. കുളത്ത് കോയക്കുട്ടി എസ്റ്റി. തുക - 10 ലക്ഷം രൂപ | 8,65,875<br>8-2-2006 | 50,000 |
| | **ആകെ** | | **1,50,000** |

മേൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ അഡ്വാൻസ് തുക ഈടാക്കുന്നതിന് ഒരു തുടർനടപടിയും സ്വീകരിച്ചതിന് രേഖയില്ല. 7-12-09 വരെയുള്ള കാലയളവിന് 18% പലിശയായ 1,03,500 രൂപയുൾപ്പെടെ 2,53,500 രൂപയാണ്. (സർക്കുലർ നം.47101/ഡി.പി.ഐ/01/ത.സ്വ.ഭ.വ. തീയതി 27-12-01)

അഡ്വാൻസ് തിരിച്ചുപിടിക്കാത്ത കാര്യം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് 30-12-09-ന് നൽകിയ മറുപടിയിൽ 18% പലിശ സഹിതം എത്രയുംവേഗം തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുന്നുണ്ട്. 20-12-06-ന് ഭരണസമിതി തീരുമാനിച്ചിട്ടും ബന്ധപ്പെട്ട സെക്ഷൻ, മേൽനോട്ട ചുമതലയുള്ള ഹെഡ്ക്ലാർക്ക്, ബ്ലോക്ക് സെക്രട്ടറി എന്നിവരുടെ ഭാഗത്തുനിന്നും ഓഡിറ്റ് പരാമർശം വരുന്നതുവരെ യാതൊരു നടപടിയും സ്വീകരിക്കാതിരുന്നത് ശരിയായ നടപടിയല്ല.

ഓഡിറ്റ് തീയതി (5-2-10) വരെയുള്ള കാലയളവിൽ 1.5 ലക്ഷം രൂപയ്ക്ക് 18% പലിശ സഹിതം (1,08,000 രൂപ) ആകെ 2,58,000 രൂപ തിരിച്ച് പിടിക്കാനുണ്ട്. തുക തിരിച്ച്

പിടിക്കുന്നതിൽ വീഴ്ച വന്നതിന് 20-12-06 മുതൽ ചുമതലയുള്ള സെക്ഷൻ ക്ലാർക്ക്, ഹെഡ് ക്ലാർക്ക്, ബ്ലോക്ക് സെക്രട്ടറി എന്നിവർ ഉത്തരവാദികളാണ്.

Note: ഉത്തരവാദികളായവരുടെ പേരും വിലാസവും ലഭ്യമാക്കിയിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 5.6.7 (1)]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

99. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

100. **ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**നിക്ഷേപ പ്രവൃത്തികൾ - നടപടിക്രമങ്ങൾ പാലിക്കുന്നില്ല**

ഒരു പ്രോജക്ടിന്റെ നിർവ്വഹണത്തിനായി ഒരു വകുപ്പിന്/പൊതുമേഖല സ്ഥാപനത്തിന് തുക മുൻകൂറായി നൽകി നിർവ്വഹണം നടത്തുന്ന രീതിയാണ് ഡെപ്പോസിറ്റ് വർക്കുകൾ. ബന്ധപ്പെട്ട സ്ഥാപനവുമായി നിർവ്വഹണം സംബന്ധിച്ച് ധാരണയിലെത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും ഡി.പി.സി അംഗീകാരവും വാങ്ങുന്നു. കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളെ/ഏജൻസികളെ മേൽപ്പറഞ്ഞ രീതിയിൽ പ്രവൃത്തി ഏൽപ്പിക്കുകയാണെങ്കിൽ, സ.ഉ.(പി)177/06/ഫിൻ തീയതി 12-4-06 പ്രകാരം എസ്റ്റിമേറ്റ് തുക ഡെപ്പോസിറ്റ് ചെയ്യാവുന്നതാണ്. തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് മുൻപ് തദ്ദേശസ്വയംഭരണ സ്ഥാപനം ബന്ധപ്പെട്ട സ്ഥാപനം/വകുപ്പുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. പണി പൂർത്തിയാക്കി ഫൈനൽ ബിൽ നൽകിയശേഷം വിശദമായ വിനിയോഗ പത്രിക തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ബന്ധപ്പെട്ട വകുപ്പ്/സ്ഥാപനം നൽകേണ്ടതാണ്.

ഡെപ്പോസിറ്റ് വർക്കുകളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കാതെ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന ഏകദേശ അടങ്കലിന്റെ അടിസ്ഥാനത്തിൽ പദ്ധതി അംഗീകാരം വാങ്ങിയശേഷം തികച്ചും അവ്യക്തമായ

വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമച്ച് പദ്ധതി തുക മാത്രം ഡെപ്പോസിറ്റ് ചെയ്യുന്ന പ്രവണത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കണ്ടുവരുന്നു. മുൻകൂറായി നൽകിയ തുകയുടെ വിശദവിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇത് ചെയ്തതായി കാണുന്നില്ല. സ്ഥാപനങ്ങൾ കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തതുമൂലം നാളിതുവരെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മാറ്റിവച്ച തുകയിൽ എത്രമാത്രം ക്രമീകരിക്കാനുണ്ടെന്ന് നിർണയിക്കുക സാധ്യമല്ല. വെറും റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് KSEB, KWA തുടങ്ങിയ സ്ഥാപനങ്ങൾക്ക് തുക നൽകുന്നത്. ആയതിനാൽ നിർവ്വഹണ ഏജൻസികൾ അധികം തുക കൈപ്പറ്റാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല. തുക ഒടുക്കുവരുത്തുകയല്ലാതെ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഏജൻസികളും യാതൊരു ശുഷ്കാന്തിയും കാണിക്കുന്നില്ല. ഗുണഭോക്തൃ വിഹിതം സംബന്ധിച്ചോ, പൂർത്തീകരണം സംബന്ധിച്ചോ വ്യവസ്ഥകളൊന്നുമില്ലെന്ന് മാത്രമല്ല തുക നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞ് പദ്ധതി അവലോകനം നടത്തുമ്പോൾ പല പദ്ധതികളും വിവിധ കാരണങ്ങളാൽ റദ്ദ് ചെയ്തിട്ടുള്ളതായും കാണുന്നു. അപ്രകാരം റദ്ദ് ചെയ്തിട്ടുള്ള പദ്ധതികൾക്കായി ഒടുക്ക് വരുത്തിയ തുകകൾ കരാർ നിർദ്ദേശപ്രകാരം മടക്കി നൽകാതെ നിർവ്വഹണ ഏജൻസികളുടെ ഡെപ്പോസിറ്റ് അക്കൗണ്ടിൽ സൂക്ഷിച്ച് വരുന്നത് പദ്ധതി നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വൈദ്യുതീകരണം, കുടിവെള്ള വിതരണം തുടങ്ങിയ അടിസ്ഥാന വികസന പദ്ധതികൾക്ക് സർക്കാർ ഏജൻസികളിലും മറ്റ് സ്ഥാപനങ്ങളിലും നിക്ഷേപം നടത്തി വർഷങ്ങൾ കഴിഞ്ഞിട്ടും പദ്ധതികൾ പൂർത്തിയാക്കിയതിനുള്ള രേഖകൾ ലഭ്യമാക്കുന്നില്ല. ഓരോ പ്രവൃത്തിയുടേയും അംഗീകൃത പ്രോജക്റ്റ് എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം, മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം, ഗുണഭോക്തൃ ഗ്രൂപ്പിനെ പദ്ധതി ഏൽപ്പിച്ചുകൊണ്ടുള്ള കരാർ എന്നിവയെല്ലാം ചെലവിന്റെ കൃത്യതയും പദ്ധതി ലക്ഷ്യം കൈവരിക്കലും ഉറപ്പുവരുത്തുവാൻ അനിവാര്യമാണ്. പ്രസ്തുത രേഖകളൊന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമാകുന്നില്ല. പല സ്ഥാപനങ്ങളും 1996-ലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം കരാറിൽ ഏർപ്പെടുന്നതായും കാണുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടച്ച തുക മൃതനിക്ഷേപമായി തുടരുന്നു. തുടർനടപടികൾ സ്വീകരിക്കാത്തതിനാൽ അടിസ്ഥാന സൗകര്യമേർപ്പെടുത്തുക, കുടിവെള്ള പ്രശ്നം പരിഹരിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കാതെ വരുകയും ചെയ്യുന്നു.

പ്രവൃത്തികളുടെ മോണിട്ടറിംഗ് നടത്തുന്നതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് ഗുരുതരമായ വീഴ്ചയുണ്ട്. പൂർത്തീകരിച്ചതും അവശേഷിക്കുന്നതുമായ നിക്ഷേപ പദ്ധതികളെക്കുറിച്ചും വിവരങ്ങൾ ലഭ്യമല്ല.

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖകൾ പ്രകാരം പ്രോജക്ട് തയ്യാറാക്കി ഭരണ/ സാങ്കേതികാനുമതി ലഭ്യമാക്കി നിർവ്വഹണ ഏജൻസിയെ ഏൽപ്പിച്ച് പ്രവൃത്തി പൂർത്തിയാക്കിയ രേഖകളെല്ലാം മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ട്, പെർഫോമൻസ് റിപ്പോർട്ട് എന്നിവ സഹിതം തദ്ദേശസ്വയംഭരണ സ്ഥാപനം സൂക്ഷിക്കേണ്ടതാണ്.

പതിനൊന്നാം പദ്ധതിയുടെ ഭാഗമായ സമ്പൂർണ്ണ ഊർജ്ജസുരക്ഷ സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ജി.ഒ. (പി).നം.95/2008/ഫിൻ തീയതി 23-2-2008 പ്രകാരം നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച അനർട്ടിൽ (Agency for Non Conventional Energy & Rural Technology) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലക്ഷക്കണക്കിന് രൂപ നിക്ഷേപിക്കുകയുണ്ടായി. എന്നാൽ ഇതുവരെയും പദ്ധതി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽനിന്നും നിർവ്വഹണ ഏജൻസിയ്ക്ക് കൈമാറിയ ലക്ഷക്കണക്കിന് രൂപ ഉപയോഗിക്കാതെ കിടക്കുന്നുണ്ട്.

വിവിധ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള തുകകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | തുക നിക്ഷേപിച്ച സ്ഥാപനം | നിക്ഷേപിച്ച തുക |
|---|---|---|---|---|---|
| 19 | മലപ്പുറം ജില്ലാ പഞ്ചായത്ത് | 2009-10 | 3-107 | കെ. ഡബ്ല്യു.എ. | 1,96,98,742 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 2.6]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.

101. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ മലപ്പുറം ജില്ലാ പഞ്ചായത്ത് 2007-08 മുതൽ 2015-16 വരെ വിവിധ പട്ടികജാതി കോളനിയിലെ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട 145 പദ്ധതികൾക്കായി 11,42,13,724 രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നുവെന്നും, അതിൽ 81 പദ്ധതികൾക്കായി 8,47,44,309 രൂപ വിനിയോഗിച്ചിരുന്നുവെന്നും 64 പദ്ധതികൾ വിവിധ കാരണങ്ങളാൽ ഒഴിവാക്കിയിരുന്നുവെന്നും, നിക്ഷേപത്തുകയിൽ വാട്ടർ അതോറിറ്റിയിൽ അവശേഷിച്ച 3,02,53,251 രൂപയിൽനിന്നും 2,01,51,000 രൂപ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരം 16 പ്രവൃത്തികൾക്കായി വകയിരുത്തി അംഗീകാരം നൽകിയിരുന്നുവെന്നും അതിൽ 4 പ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നുവെന്നും, മറ്റുള്ളവയുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരികയാണെന്നും, 1,01,02,251 രൂപ നിലവിലും മലപ്പുറം പി.എച്ച്. ഡിവിഷനിൽ വിനിയോഗിക്കാതെ ശേഷിക്കുന്നുണ്ടെന്നും വാട്ടർ അതോറിറ്റി പ്രസ്തുത തുക ജില്ലാ പഞ്ചായത്തിന് തിരികെ നൽകുകയാണെങ്കിൽ അത് സർക്കാരിലേയ്ക്ക് ഒടുക്കുന്നതാണെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. എസ്.സി.

വിഭാഗത്തിലും ജനറൽ വിഭാഗത്തിലുമുള്ള കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റി ജില്ലാ പഞ്ചായത്തിന് നൽകിയ വിനിയോഗ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള വിശദമായ കണക്ക് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

102. **മലപ്പുറം ജില്ലാ പഞ്ചായത്ത് 2007-08 മുതൽ 2015-16 വരെ വിവിധ പട്ടികജാതി കോളനികളിലേയ്ക്കുള്ള 145 കുടിവെള്ള വിതരണ പദ്ധതികൾക്കായി 11,42,13,724 രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നുവെങ്കിലും ആയതിൽ 85 പദ്ധതികൾ മാത്രമാണ് നിലവിൽ പൂർത്തിയാക്കിയിരിക്കുന്നതെന്നും 12 പദ്ധതികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരികയാണെന്നും ശേഷിക്കുന്ന 48 പദ്ധതികൾ വിവിധ കാരണങ്ങളാൽ ഒഴിവാക്കിയിരിക്കുകയാണെന്നും ആയിനത്തിൽ 1,01,02,251 രൂപ നിലവിലും മലപ്പുറം പി.എച്ച് ഡിവിഷനിൽ വിനിയോഗിക്കാതെ ശേഷിക്കുന്നുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. എസ്.സി വിഭാഗത്തിലും ജനറൽ വിഭാഗത്തിലുമുള്ള കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റി ജില്ലാ പഞ്ചായത്തിന് നൽകിയ വിനിയോഗ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള വിശദമായ കണക്ക് സംസ്ഥാന ഓഡിറ്റ് വകുപ്പിന് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി മലപ്പുറം ജില്ലാ പഞ്ചായത്ത് അധികൃതരോട് നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഐ.എ.വൈ. ഭവനനിർമ്മാണ പദ്ധതിയിൽ വ്യാപകമായ ക്രമക്കേടുകൾ**

ഓഡിറ്റ് റിപ്പോർട്ട് വർഷം 2011-12, 12-13 ഖണ്ഡിക 3.2

- ഒരേ ഗുണഭോക്താക്കൾക്ക് രണ്ടുതവണ ആനുകൂല്യം നൽകിയതിലൂടെ 8,00,031 രൂപയുടെ നഷ്ടം
- ഗ്രാമസഭ തെരഞ്ഞെടുക്കാതെ ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് ഭരണസമിതി ശിപാർശ ചെയ്തതിലൂടെ 25,99,962 രൂപ അനർഹർ കൈപ്പറ്റി.
- ഗ്രാമസഭയും ഗ്രാമപഞ്ചായത്ത് ഭരണസമിതിയും അംഗീകരിക്കാതെ ഗുണഭോക്താക്കൾ ബ്ലോക്ക് പഞ്ചായത്തിൽനിന്നും നേരിട്ട് ആനുകൂല്യം കൈപറ്റിയതിലൂടെ 19,27,753 രൂപ അനർഹർക്ക് ലഭിച്ചു.
- ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശിപാർശയില്ലാത്ത ബ്ലോക്ക് പഞ്ചായത്തിൽ നേരിട്ട് കരാർ ചമച്ച് ഗുണഭോക്താക്കൾക്ക് ക്രമപ്രകാരമല്ലാത്ത ധനസഹായം നൽകിയത് 16,26,319 രൂപ.
- ഗ്രാമപഞ്ചായത്ത് തീരുമാനമെന്ന പേരിൽ വ്യാജരേഖകൾ ഹാജരാക്കി 12,49,059 രൂപയുടെ ആനുകൂല്യങ്ങൾ നേടിയെടുത്തു.

അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ ഇന്ദിരാ ആവാസ് യോജന പ്രകാരം കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽനിന്നും ഭവനനിർമ്മാണാനുകൂല്യത്തിന് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിക്കുകയും, വീടുകൾ നേരിട്ട് സന്ദർശിക്കുകയും ചെയ്തതിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തി. ചട്ടങ്ങളും സർക്കാർ മാനദണ്ഡങ്ങളും മറികടന്ന് ആനുകൂല്യം നൽകിയതിലൂടെ ലക്ഷക്കണക്കിന് രൂപയുടെ ദുർവ്യയം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഇനിപ്പറയുന്നു.

**ഒരേ വ്യക്തികൾക്ക് രണ്ട് തവണ ആനുകൂല്യം നൽകി - 8,00,031 രൂപ നഷ്ടം [ഖണ്ഡിക 3(2 എ)]**

കേന്ദ്രാവിഷ്കൃത പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം ഒരിക്കൽ ഭവന നിർമ്മാണാനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവിന് കേന്ദ്രാവിഷ്കൃത ഫണ്ട് വിനിയോഗിച്ച് വീണ്ടും ആനുകൂല്യം നൽകുവാൻ പാടില്ല. 10 വർഷങ്ങൾക്കുശേഷം മാത്രമേ ഇത്തരം ഗുണഭോക്താക്കൾക്ക് (വീട് വാസയോഗ്യമല്ല എങ്കിൽ) ഭവനനിർമ്മാണാനുകൂല്യം നൽകുവാൻ പാടുള്ളു എന്നും 17-12-2007-ലെ 57744/ഡി.എ 1/2007/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ നിർദ്ദേശിക്കുന്നു.

എന്നാൽ കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽ 2011-12, 2012-13 വർഷങ്ങളിൽ ഐ.എ.വൈ പദ്ധതി ആനുകൂല്യം നേടിയവരുടെ രേഖകൾ പരിശോധിച്ചതിൽ, മുൻവർഷങ്ങളിൽ ഭവനനിർമ്മാണാനുകൂല്യത്തിന് അർഹരായവരും ആനുകൂല്യം കൈപ്പറ്റിയവരുമായ ഗുണഭോക്താക്കൾ 10 വർഷം തികയുന്നതിനുമുൻപ് വീണ്ടും ആനുകൂല്യം കൈപ്പറ്റിയതായി വ്യക്തമായി. ഈയിനത്തിൽ അനർഹമായി നൽകിയിട്ടുള്ളത് 8,00,031 രൂപയാണ്. വിശദാംശങ്ങൾ **അനുബന്ധം 5(എ)**യിൽ നൽകിയിരിക്കുന്നു. സർക്കാർ നിർദ്ദേശം മറികടന്ന് ഒരേ ഗുണഭോക്താക്കൾക്ക് 10 വർഷത്തിനുള്ളിൽ വീണ്ടും ഭവനനിർമ്മാണ ധനസഹായം നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈയിനത്തിൽ ചെലവായ തുക ഗുണഭോക്താക്കളുമായി കരാർ ചമച്ച കാലത്തെ വി.ഇ.ഒ., ഹൗസിങ് ഓഫീസർ, ബി.ഡി.ഒ. എന്നിവരിൽനിന്നും ഈടാക്കണം.

**ഗ്രാമസഭ/ഗ്രാമപഞ്ചായത്ത് ഭരണസമിതി ശിപാർശ ചെയ്യാത്തവർക്ക് ആനുകൂല്യം നൽകി - 61.54 ലക്ഷം രൂപ നഷ്ടം [ഖണ്ഡിക 3 (2 ബി)]**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികളിൽ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം ഗുണഭോക്താക്കളെ മുൻഗണനാക്രമത്തിൽ തെരഞ്ഞെടുത്ത് നൽകുക എന്നത് ഗ്രാമസഭകളുടെ അധികാരമാണെന്ന് കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 3 എ(സി)യിൽ വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2-9-1998-ലെ ജി.ഒ.(പി)189/98/ത.ഭ.വ. നമ്പർ ഉത്തരവിലും ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ നിന്നാണ് ബ്ലോക്ക് പഞ്ചായത്ത്

വ്യക്തിഗതാനുകൂല്യങ്ങൾ അനുവദിക്കേണ്ടത് എന്ന് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച ജി.ഒ.(പി)181/98/സി.എ.ഡി. നമ്പർ ഉത്തരവിൽ (തീയതി 2-9-98) വ്യക്തമാക്കിയിട്ടുണ്ട്.

ഐ.എ.വൈ. പദ്ധതിപ്രകാരം കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽനിന്നും 2011-12, 2012-13 വർഷങ്ങളിൽ ഭവനനിർമ്മാണത്തിന് കരാർ ചമച്ച് ആനുകൂല്യം നേടിയ ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിച്ചതിൽ ഇനിപ്പറയുന്നവ ചട്ടവിരുദ്ധമായി നടന്നിട്ടുണ്ട്.

1) ചില ഗുണഭോക്താക്കളുടെ പേര് ഗ്രാമസഭ അംഗീകരിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല.

2) ചില ഗുണഭോക്താക്കളുടെ പേര് ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ചിട്ടില്ല.

3) ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് ഭരണസമിതി ശിപാർശ ചെയ്തിരിക്കുന്നു.

ഇത്തരത്തിൽ അനർഹമായി ആനുകൂല്യം കൈപ്പറ്റിയവരുടെ വിവരം **അനുബന്ധം (5 ബി, 5 സി, 5 ഡി)**യിൽ നൽകിയിട്ടുണ്ട്.

ഗ്രാമസഭയും പഞ്ചായത്ത് ഭരണസമിതിയും അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിലൂടെ 19,27,753 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശിപാർശയില്ലാതെ ബ്ലോക്ക് പഞ്ചായത്തിൽ നേരിട്ട് കരാർ ചമച്ച ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായമായി നൽകിയ 16,26,319 രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. മേൽ നഷ്ടങ്ങൾ ഗുണഭോക്താക്കൾ കരാർ ചമച്ച കാലത്തെ വി.ഇ.ഒ., ഹൗസിങ് ഓഫീസർ, ബി.ഡി.ഒ. എന്നിവരിൽനിന്നും ആനുപാതികമായി ഈടാക്കണം. ഗ്രാമസഭകൾ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കളെ ഗ്രാമപ്പഞ്ചായത്ത് ഭരണസമിതി തെറ്റായി ശിപാർശ ചെയ്തതിലൂടെ അനർഹർ ആനുകൂല്യം കൈപ്പറ്റാനിടയായി. ഇത്തരത്തിൽ നടന്ന 25,99,962 രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഭരണസമിതിയുടെ തെറ്റായ തീരുമാനം മൂലമുള്ള നഷ്ടങ്ങൾക്ക് ഉദ്യോഗസ്ഥർക്ക് പുറമേ ഭരണസമിതി അംഗങ്ങളും ഉത്തരവാദികളാണെന്ന് 2007-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ (തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥൻമാരുമായുള്ള തൊഴിൽപരമായ ബന്ധവും പെരുമാറ്റവും) ചട്ടം 7 (ഉപചട്ടം 2) വ്യക്തമാക്കുന്നു. ആയതിനാൽ മേൽനഷ്ടം കരാർ ചമച്ചപ്പോഴത്തെ കുഴിമണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, വി.ഇ.ഒ, ഭരണസമിതി അംഗങ്ങൾ എന്നിവരിൽനിന്നും തുല്യമായി ഈടാക്കണം.

### വിസ്തൃതി മാനദണ്ഡം മറികടന്ന് വീടുകൾ നിർമ്മിച്ചു [ഖണ്ഡിക 3(2 സി)]

സർക്കാർ മാനദണ്ഡപ്രകാരം, ഭവനനിർമ്മാണാനുകൂല്യം കൈപ്പറ്റുന്ന ഗുണഭോക്താക്കൾ നിർമ്മിക്കുന്ന വീടുകൾ 30 എം$^2$നും 60 എം$^2$നും ഇടയിൽ വിസ്തൃതിയുള്ളതായിരിക്കണം.

2011-12, 2012-13 വർഷങ്ങളിൽ ഐ.എ.വൈ. പദ്ധതിപ്രകാരം കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കപ്പെട്ട വീടുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ നേരിട്ട് പരിശോധിച്ചതിൽ, പല വീടുകളും 60 എം$^2$ൽ കൂടുതൽ വിസ്തൃതിയിലാണ് നിർമ്മിച്ചിട്ടുള്ളതെന്ന് വ്യക്തമായി. ഓഡിറ്റ് പരിശോധന നടത്തിയ 161 വീടുകളിൽ കൂടിയ വിസ്തൃതിയിൽ ഭവനനിർമ്മാണം നടത്തിയ ഗുണഭോക്താക്കളുടെ വിവരം അനുബന്ധം എ, ബി എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമേയുള്ളവ **അനുബന്ധം 5(ഇ)**യായി നൽകിയിരിക്കുന്നു. വിസ്തൃതി മാനദണ്ഡങ്ങൾ പാലിക്കാതെ നിർമ്മിച്ച വലിയ വീടുകൾക്ക് ധനസഹായം നൽകിയ ഇനത്തിന് ചെലവഴിച്ച 26,92,360 രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ വി.ഇ.ഒ.യിൽനിന്നും ഈടാക്കണം. (വീട് നിർമ്മിച്ചപ്പോൾ വിസ്തൃതി നിശ്ചിതപരിധിയിൽ ആയിരുന്നുവെന്നും പിന്നീട് വലുപ്പം കൂട്ടി നിർമ്മിച്ചതാണ് എന്നുമാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് വി.ഇ.ഒ. നൽകിയ മറുപടി. എന്നാൽ മേൽപ്പറയുന്ന വീടുകളുടെ പെർമിറ്റ് നേടിയതിന്റെയും, കംപ്ലീഷൻ പ്ലാനിന്റെയും രേഖകൾ ഹാജരാക്കാൻ വി.ഇ.ഒ. യ്ക്ക് സാധിച്ചിട്ടില്ല. ഇക്കാരണത്താൽ തന്നെ വീട് നിർമ്മിച്ചപ്പോൾ നിശ്ചിത പരിധിക്കുള്ളിലായിരുന്നുവെന്ന വാദം ഓഡിറ്റ് അംഗീകരിക്കുന്നില്ല).

**വാസയോഗ്യമായ വീടുള്ള വ്യക്തിയ്ക്ക് ഭവനനിർമ്മാണാനുകൂല്യം നൽകി [ഖണ്ഡിക 3 (2 ഡി)]**

ഐ.എ.വൈ. പദ്ധതിപ്രകാരം 2012-13 ൽ ഭവനനിർമ്മാണാനുകൂല്യം ലഭിച്ച ശ്രീമതി പത്മാവതി W/o വേലു, കുറുതൊടിയിൽ ഹൗസ് എന്നയാളുടെ വീട് 13-11-2013-ന് ഓഡിറ്റ് ടീം വി.ഇ.ഒ.-യുടെ സാന്നിധ്യത്തിൽ നേരിട്ട് പരിശോധന നടത്തി. മേൽവ്യക്തിയുടെ നിലവിലുള്ള വീടിന്റെ ഒരു ഭാഗത്തെ മേൽക്കൂര മാത്രം മാറ്റി കോൺക്രീറ്റ് ചെയ്യുകയും, 21 എം$^2$ വിസ്തൃതിയിൽ പുതുതായി മുറികൾ നിർമ്മിക്കുകയുമാണ് ചെയ്തത് എന്ന് പരിശോധനയിൽ വ്യക്തമായി. ഗുണഭോക്താവിന് വാസയോഗ്യമായ ഓടിട്ട വീടുണ്ടായിരിക്കെയാണ് പുതിയ വീടിന് ധനസഹായം അനുവദിച്ചത്. മേൽ ഗുണഭോക്താവിന് വാസയോഗ്യമായ വീടില്ല എന്ന് വി.ഇ.ഒ. സാക്ഷ്യപ്പെടുത്തിയത് ചട്ടപ്രകാരമല്ല. ഈയിനത്തിൽ നാളിതുവരെ നൽകിയ തുകയായ 95,822 രൂപ ഉത്തരവാദിയായ വി.ഇ.ഒ.-യിൽനിന്നും തിരികെ ഈടാക്കണം.

**ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം എന്ന പേരിൽ വ്യാജരേഖ-അനർഹർക്ക് ഭവനനിർമ്മാണ സഹായം ലഭിച്ചു [ഖണ്ഡിക 3 (2 ഇ)]**

ഐ.എ.വൈ. പദ്ധതിയ്ക്കായി 2011-12, 2012-13 വർഷങ്ങളിൽ കുഴിമണ്ണ ഗ്രാമപഞ്ചായത്ത് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ബ്ലോക്ക് പഞ്ചായത്തിന് നൽകിയ രേഖകൾ പരിശോധിച്ചതിൽ ഭരണസമിതി അംഗീകരിക്കാത്ത ഗുണഭോക്താക്കളുടെ പേര് എഴുതിച്ചേർത്ത് വ്യാജമായി തയ്യാറാക്കിയ തീരുമാനങ്ങൾ ഗ്രാമപഞ്ചായത്തിന്റെയും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും സീൽ പതിച്ച് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം എന്ന പേരിൽ തയ്യാറാക്കിയ വ്യാജരേഖകളിലെ വിവരങ്ങൾ ഇനിപ്പറയുന്നു:

(1) 4-2-2011-ലെ 23(9) നമ്പർ തീരുമാനം: ഈ തീരുമാനപ്രകാരം 2011-12 വർഷത്തെ ഐ.എ.വൈ. ഗുണഭോക്താക്കളായി ജനറൽ വിഭാഗത്തിൽ 19 പേരെയും എസ്.സി. വിഭാഗത്തിൽ 9 പേരെയും ശിപാർശ ചെയ്തു. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ മിനിട്ട്സ് പരിശോധിച്ചതിൽ 4-2-11-ന് ഭരണസമിതിയോഗം ചേർന്നിട്ടില്ല. തുടർന്ന്, 11-2-2011-ന് ചേർന്ന ഭരണസമിതിയോഗവും ഇത്തരമൊരു തീരുമാനമെടുത്തിട്ടില്ല.

15-10-11-ലെ 88(5) നമ്പർ തീരുമാനം: ഈ നമ്പറിലുള്ള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ രണ്ട് തീരുമാനങ്ങളാണ് ബ്ലോക്ക് പഞ്ചായത്തിൽ നൽകിയിട്ടുള്ളത്. ഇതിൽ 11 ഗുണഭോക്താക്കളെ ശിപാർശചെയ്ത തീരുമാനം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഇതേ നമ്പറിൽ, ഭവനനിർമ്മാണത്തിന് 32 ഗുണഭോക്താക്കളെയും, ഭവനപുനരുദ്ധാരണത്തിന് 10 ഗുണഭോക്താക്കളെയും ശിപാർശ ചെയ്തുകൊണ്ടുള്ള തീരുമാനം ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വ്യാജരേഖ പ്രകാരം ശിപാർശ ചെയ്യപ്പെട്ടിട്ടുള്ള 9 ഗുണഭോക്താക്കൾ ബ്ലോക്ക് പഞ്ചായത്തിൽ കരാർവെച്ച് ഭവനനിർമ്മാണാനുകൂല്യം നേടിയിട്ടുണ്ട്. ഇവരുടെ വിവരം **[അനുബന്ധം 5 (എഫ്)]** ആയി നൽകിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെയും, സെക്രട്ടറിയുടെയും ഔദ്യോഗികമുദ്ര ദുരുപയോഗം ചെയ്ത് 12,49,059 രൂപ അനർഹർക്ക് നൽകിയതിനെപ്പറ്റി വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

**ഗ്രാമസഭയുടെ മുൻഗണനാക്രമം പാലിക്കാതെ ആനുകൂല്യം നൽകി [ഖണ്ഡിക 3(2 എഫ്)]**

ഐ.എ.വൈ. പ്രകാരം ഭവനനിർമ്മാണാനുകൂല്യം ലഭിച്ച കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിച്ചതിൽ, ഗ്രാമസഭ ശിപാർശ ചെയ്ത മുൻഗണനാക്രമം പാലിക്കാതെ ആനുകൂല്യം നൽകാൻ ഭരണസമിതി ശിപാർശ ചെയ്തതായി കാണുന്നു. ഗ്രാമസഭ അംഗീകരിച്ച് മുൻഗണനാക്രമത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റുകളിൽ മാറ്റം വരുത്താൻ പാടില്ലായെന്നും ഒരു ഗുണഭോക്താവിന്റെ സ്ഥാനം മാറ്റണമെങ്കിൽ വീണ്ടും ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടണമെന്നും 8-3-2004-ലെ 54017/ഡി.പി.1/03/ത.സ്വ.ഭ.വ. നമ്പർ സർക്കുലറിലൂടെ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ, ഗ്രാമസഭയുടെ മുൻഗണനാക്രമം പാലിക്കാതെ ആനുകൂല്യം നൽകിയതിന്റെ ഏതാനും ഉദാഹരണങ്ങൾ **അനുബന്ധം 5(ജി)** ആയി നൽകിയിരിക്കുന്നു. ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

**നിർമ്മിക്കാത്ത വീടുകൾക്ക് പണം നൽകി [ഖണ്ഡിക 3 (2 ജി)]**

2011-12, 2012-13 വർഷത്തിൽ ഐ.എ.വൈ. പദ്ധതിയിൽ കരാർ ഉടമ്പടി ചമച്ച് ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ നിർമ്മാണപ്രവൃത്തികൾ ഓഡിറ്റ് നേരിട്ട് പരിശോധിച്ചതിൽ, ചെയ്യാത്ത പ്രവൃത്തി പൂർത്തിയാക്കിയതായി വി.ഇ.ഒ. സ്റ്റേജ്

സർട്ടിഫിക്കറ്റ് നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന് പണം നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ഇനിപ്പറയുന്നു.

| ക്രമ നം. | പേര്/വിലാസം | കരാർ നമ്പർ | കൈപ്പറ്റിയ തുക | കുറിപ്പ് |
|---|---|---|---|---|
| 1. | മൈമൂന മുതിരി<br>W/O മൊയ്തീൻ ഹാജി<br>വാർഡ് 9 | 58/12-13<br>11-6-2012 | 1,19,400 | വാർക്കാനുള്ള സാമഗ്രികൾ സംഭരിച്ചു എന്നാണ് 3-10-13-ന് വി.ഇ.ഒ. നൽകിയ സാക്ഷ്യ പത്രത്തിലുള്ളത്. എന്നാൽ 30-10-2013-ന് ഓഡിറ്റ് നടത്തിയ പരിശോധനയിൽ വീടിന്റെ തറ മാത്രമേ നിർമ്മിച്ചിട്ടുള്ളൂ എന്ന് വ്യക്തമായി. |
| 2. | ശബ്ന കിഴക്കേപറമ്പൻ<br>D/O മുഹമ്മദ്<br>വാർഡ് 8 | 6/12-13<br>9-5-2012 | 1,25,000 | വീടിന്റെ വാർപ്പ് പൂർത്തിയായി എന്ന് 7-3-13-ന് വി.ഇ.ഒ. സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. 13-11-13-ന് വി.ഇ.ഒ.-യുടെ സാന്നിധ്യത്തിൽ നടത്തിയ പരിശോധനയിൽ പ്രസ്തുത വീട് കാണാനായില്ല. |

ഓഡിറ്റ് എൻക്വയറിക്ക് വി.ഇ.ഒ. 25-11-2013-ന് നൽകിയ മറുപടിയിൽ വീടുപണി ആരംഭിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. തെറ്റായ സാക്ഷ്യപത്രം നൽകിയ വി.ഇ.ഒ.-യുടെ നടപടി സർക്കാർ ഫണ്ടിന്റെ ദുരുപയോഗത്തിന് കാരണമായിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**തെറ്റായ സാക്ഷ്യപത്രം നൽകി [ഖണ്ഡിക 3 (2 എച്ച്)]**

2011-12, 2012-13-ലെ ഭവനനിർമ്മാണ പദ്ധതിയിൽ കരാർ വെച്ചവരിൽ 60 ഗുണഭോക്താക്കൾ ഗ്രാമസഭാംഗീകാരം/ഭരണസമിതി തീരുമാനം ഇല്ലാതെയാണ് ആനുകൂല്യം നേടിയത്. എന്നാൽ ഇവരുടെ അപേക്ഷകളിലെല്ലാം തന്നെ ഗുണഭോക്താവ് ഗ്രാമസഭ മുഖേന തെരഞ്ഞെടുക്കപ്പെട്ട് ഭരണസമിതി അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നാണ് വി.ഇ.ഒ. സാക്ഷ്യപത്രം നൽകിയിരിക്കുന്നത്. തെറ്റായ സാക്ഷ്യപത്രം നൽകിയതിലൂടെ അനർഹരായവർക്ക് ആനുകൂല്യം ലഭിക്കാനിടയായി എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**ഗ്രാമസഭ തെരഞ്ഞെടുക്കുന്നതിനുമുൻപ് ഗുണഭോക്താവിനെ പഞ്ചായത്ത് ഭരണസമിതി ശിപാർശ ചെയ്തു [ഖണ്ഡിക 3 (2 ഐ)]**

ഐ.എ.വൈ. പദ്ധതിപ്രകാരം ഭവനനിർമ്മാണാനുകൂല്യം ലഭിച്ച മൂന്ന് ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുക്കുംമുൻപ് തന്നെ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് ശിപാർശ

ചെയ്തിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ കരാറും ചമച്ചു. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ **അനുബന്ധം 5(എച്ച്)** ആയി നൽകിയിരിക്കുന്നു. ഗ്രാമസഭാംഗീകാരം ലഭിക്കുംമുൻപ് മേൽഗുണഭോക്താക്കൾ തെരഞ്ഞെടുക്കപ്പെട്ട് കരാറിലേർപ്പെട്ടത് എങ്ങനെയെന്ന് വ്യക്തമല്ല.

ഖണ്ഡികയെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം 16-4-2014-ലെ എൽ.എഫ്./എം.19/2510/12 നമ്പർ കത്തിലൂടെ ലോക്കൽ ഫണ്ട് ഓഡിറ്റ് മലപ്പുറം ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഇ-731/2014 നമ്പറായി 21-4-2014-ൽ നൽകിയ മറുപടി തൃപ്തികരമല്ല.

**വിവിധ ഖണ്ഡികകളിലെ നഷ്ടങ്ങൾക്ക് ഉത്തരവാദികൾ**

| ഖണ്ഡിക നം. | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| (1) | (2) | (3) |
| 3.2(എ) | 8,00,031 | 1) ശ്രീമതി കെ. പി. മിനിമോൾ, എൽ.വി.ഇ.ഒ., പുളിയക്കോട് - 4,32,865 രൂപ<br>2) ശ്രീമതി എസ്. രമാഭായി, ഹൗസിംഗ് ഓഫീസർ - 1,83,583 രൂപ<br>3) ശ്രീ. എം. ജെ. ജോസ്, ബി.ഡി.ഒ. - 1,83,583 രൂപ |
| (ഖണ്ഡിക 3.2(എ) അനുബന്ധം 5 എ പ്രകാരം ക്രമ നം.1, 6 എന്നിവർ ആദ്യ തവണ ആനുകൂല്യം കൈപ്പറ്റിയത് ഗ്രാമപഞ്ചായത്തിൽ നിന്നായതിനാൽ ടിയാളുകൾക്ക് വീണ്ടും സഹായം നൽകിയതുമൂലമുള്ള നഷ്ടത്തിന് ഉത്തരവാദി വി.ഇ.ഒ. മാത്രമായും ബാക്കി 4 പേർക്ക് രണ്ട് തവണയും ബ്ലോക്കിൽ നിന്ന് സഹായം നൽകിയതിനാൽ നഷ്ടോത്തരവാദിത്തം വി.ഇ.ഒ, ഹൗസിംഗ് ഓഫീസർ, ബി.ഡി.ഒ എന്നിവർക്ക് തുല്യമായും വീതിച്ച് നൽകുകയാണ് ചെയ്തത്.) | | |
| 3.2 ബി(1) | 19,27,753 | 1) ശ്രീമതി കെ. പി. മിനിമോൾ, എൽ.വി.ഇ.ഒ., പുളിക്കോട് - 6,42,585 രൂപ<br>2) ശ്രീമതി എസ്. രമാഭായി, ഹൗസിംഗ് ഓഫീസർ - 6,35,918 രൂപ<br>3) ശ്രീ. ജോസഫ് മാന്തോട്ടത്തിൽ, ഹൗസിംഗ് ഓഫീസർ (ഇൻ-ചാർജ്) - 6,666 രൂപ<br>4) ശ്രീ. അശോക് കുമാർ, ബി.ഡി.ഒ. (ഇൻചാർജ്) - 59,534 രൂപ<br>5) ശ്രീ. എം. ജെ. ജോസ് , ബി.ഡി.ഒ.- 5,83,050 രൂപ |

| (1) | (2) | (3) |
|---|---|---|
| 3.2 ബി(2) | 16,26,319 | 1) ശ്രീമതി കെ. പി. മിനിമോൾ, എൽ.വി.ഇ.ഒ, പുളിക്കോട് - 5,42,107 രൂപ<br>2) ശ്രീമതി എസ്. രമാഭായി, ഹൗസിംഗ് ഓഫീസർ - 4,57,741 രൂപ<br>3) ശ്രീ. ജോസഫ് മാന്തോട്ടത്തിൽ, ഹൗസിംഗ് ഓഫീസർ (ഇൻ-ചാർജ്) - 84,365<br>4) ശ്രീ. ഫ്രാൻസിസ് ചക്കനാത്ത്, ബി.ഡി.ഒ – 92,358 രൂപ<br>5) ശ്രീമതി എസ്. രമാഭായി, ബി.ഡി.ഒ (ഇൻ ചാർജ്) - 48,333 രൂപ<br>6) ശ്രീ. എം. ജെ. ജോസ്, ബി.ഡി.ഒ.- 4,01,415 രൂപ |
| 3.2 ബി(3) | 25,99,962 | 1) ശ്രീ. പി. സൈതലവി, സെക്രട്ടറി- 20,980 രൂപ<br>2) ശ്രീ. എസ്. ഷൺമുഖപ്രസാദ്, സെക്രട്ടറി - 1,09,250 രൂപ<br>3) ശ്രീമതി കെ. പി. മിനിമോൾ, എൽ.വി.ഇ.ഒ. - 1,30,230 രൂപ<br>4) ശ്രീമതി പെരുന്തായത്ത് ഫാത്തിമ സുഹ്റ, മെമ്പർ,വാർഡ് - 1, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് - 1,30,229 രൂപ<br>5) ശ്രീ. പാലാൻകുഴി കുഞ്ഞുണ്ണി, മെമ്പർ, വാർഡ് -2, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് - 1,30,229 രൂപ<br>6) ശ്രീ. സി. പി. മൂസ്സക്കുട്ടി, മെമ്പർ, വാർഡ് - 3, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് - 1,30,229 രൂപ<br>7) ശ്രീമതി നെല്ലിക്കുന്നത്ത് മറിയുമ്മ, മെമ്പർ, വാർഡ് - 4, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് - 1,30,229 രൂപ<br>8) ശ്രീമതി സുഹറ ടീച്ചർ, മെമ്പർ, വാർഡ് - 5, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് - 1,30,229 രൂപ<br>9) ശ്രീമതി രുഗ്മിണി കെ. വി., മെമ്പർ, വാർഡ് - 6, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് - 1,30,229 രൂപ<br>10) ശ്രീ. പേവുങ്ങാട്ടിൽ അബ്ദുറഹ്മാൻ (മാനുട്ടി) മെമ്പർ, വാർഡ് -7, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് - 1,30,229 രൂപ<br>11) ശ്രീ. മമ്മറക്കോട്ടിൽ ഉണ്ണിമോയിൻ, മെമ്പർ, വാർഡ്- 8, കുഴിമണ്ണ ഗ്രാമപഞ്ചായത്ത്- 1,30,229 രൂപ |

| (1) | (2) | (3) |
| --- | --- | --- |
| | | 12) ശ്രീമതി ഷൈലാ ഗഫൂർ, മെമ്പർ, വാർഡ് - 9, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് - 1,30,229 രൂപ<br>13) ശ്രീ. വി. അബ്ദുൽ കരീം എന്ന ബാവ, മെമ്പർ, വാർഡ് - 10, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് - 1,30,229 രൂപ<br>14) ശ്രീ. അബ്ദുറസാഖ് ഹാജി കുന്നക്കാട്, മെമ്പർ, വാർഡ് - 11, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് - 1,30,229 രൂപ<br>15) ശ്രീ. പി. കെ. കുഞ്ഞിമ്മു എന്ന കുഞ്ഞാപ്പു, മെമ്പർ, വാർഡ് - 12, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് 1,30,229 രൂപ<br>16) ശ്രീ. അഡ്വ. വിട്ട വാളശ്ശേരി, മെമ്പർ, വാർഡ് - 13, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് - 1,30,229 രൂപ<br>17) ശ്രീമതി കെ. നസീറ, മെമ്പർ, വാർഡ് - 14, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് - 1,30,229 രൂപ<br>18) ശ്രീമതി പറശ്ശീരി ആയിശാബി, മെമ്പർ, വാർഡ് - 15, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് - 1,30,229 രൂപ<br>19) ശ്രീമതി തൈക്കുന്നത്ത് മിനി, മെമ്പർ, വാർഡ് - 16, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് - 1,30,229 രൂപ<br>20) ശ്രീമതി കെ. രാധ, മെമ്പർ, വാർഡ് - 17, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് - 1,30,229 രൂപ<br>21) ശ്രീ. പറശ്ശീരി അലവി, മെമ്പർ, വാർഡ് - 18, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് - 1,25,609 രൂപ (12-7-12-ൽ നടന്ന മീറ്റിംഗിൽ പങ്കെടുത്തിട്ടില്ല) |
| 3.2(സി) | 26,92,360 | ശ്രീമതി കെ. പി. മിനിമോൾ, എൽ.വി.ഇ.ഒ., പുളിയക്കോട്. |
| 3.2(ഡി) | 95,822 | ശ്രീമതി കെ. പി. മിനിമോൾ, എൽ.വി.ഇ.ഒ., പുളിയക്കോട്. |
| 3.2(ഇ) | 12,49,059 | വ്യാജരേഖ ചമച്ച് ആനുകൂല്യം നൽകിയത് ഉത്തരവാദിയെ കണ്ടെത്താൻ അന്വേഷണം ആവശ്യമാണ്. |

**നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം പിൻകോഡ് സഹിതം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ശ്രീമതി കെ. പി. മിനിമോൾ, എൽ.വി.ഇ.ഒ., പുളിയക്കോട് | എൽ.വി.ഇ.ഒ., പുളിയക്കോട് | കുറ്റിപ്പുളിയൻ ഹൗസ്, ചന്തക്കുന്ന്, നിലമ്പൂർ |
| 2 | ശ്രീമതി എസ്. രമാഭായി, ഹൗസിംഗ് ഓഫീസർ | റിട്ടയേർഡ് | മഞ്ചാടിയിൽ ഹൗസ്, ഉമയനല്ലൂർ, കൊല്ലം |
| 3 | ശ്രീ. എം. ജെ. ജോസ്, ബി.ഡി.ഒ. | ബി.ഡി.ഒ., അരീക്കോട് | മറ്റത്തിൽ ഹൗസ്, കൂടരഞ്ഞി, കോഴിക്കോട് ജില്ല |
| 4 | ശ്രീ. ജോസഫ്, മാന്തോട്ടത്തിൽ | ജി.ഇ.ഒ., അരീക്കോട് | മാന്തോട്ടത്തിൽ ഹൗസ്, വാലില്ലാപുഴ (പി.ഒ), അരീക്കോട് വഴി, മലപ്പുറം ജില്ല |
| 5 | ശ്രീ. അശോക് കുമാർ, ബി.ഡി.ഒ.(ഇൻ-ചാർജ്) | ലഭ്യമല്ല | എല്ലവീട്ടിൽ ഹൗസ്, കുട്ടമംഗലം, കൊയിലാണ്ടി |
| 6 | ശ്രീ. ഫ്രാൻസിസ് ചക്കനാത്ത്, ബി.ഡി.ഒ. | ലഭ്യമല്ല | ചുങ്കത്തറ ഹൗസ്, കോടനാട് (പി.ഒ.), പിൻ-673 577 |
| 7 | ശ്രീ. പി. സൈതലവി, സെക്രട്ടറി | സെക്രട്ടറി | കോൽക്കുളം ഹൗസ്, ചെങ്ങോട്ടൂർ (പി.ഒ.), പിൻ-676 503 |
| 8 | ശ്രീ. എസ്. ഷണ്മുഖപ്രസാദ് | സെക്രട്ടറി | ചിന്നു ഹൗസ്, കാവുങ്ങൽ, മലപ്പുറം |
| 9 | ശ്രീമതി പെരുന്തായത്ത് ഫാത്തിമ സുഹ്റ, മെമ്പർ, വാർഡ് - 1 | മെമ്പർ, വാർഡ് - 1, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | പെരുന്തായത്ത് ഹൗസ്, കിഴിശ്ശേരി, കുഴിമണ്ണ പി.ഒ. |
| 10 | ശ്രീ. പാലാൻകുഴി കുഞ്ഞുണ്ണി, മെമ്പർ, വാർഡ് - 2 | മെമ്പർ, വാർഡ് -2, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | പാലാൻകുഴിയിൽ ഹൗസ്, ആക്കപ്പറമ്പ്, ആക്കപ്പറമ്പ് പി.ഒ. |
| 11 | ശ്രീ. സി.പി. മൂസ്സക്കുട്ടി, മെമ്പർ, വാർഡ് - 3 | മെമ്പർ, വാർഡ് - 3 കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | ചെറിയ പാറക്കൽ ഹൗസ്, മുണ്ടംപറമ്പ്, പുളിയക്കോട് പി.ഒ. |

| (1) | (2) | (3) | (4) |
|---|---|---|---|
| 12 | ശ്രീമതി നെല്ലിക്കുന്നത്ത് മറിയുമ്മ, മെമ്പർ, വാർഡ് - 4 | മെമ്പർ, വാർഡ് - 4 കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | നെല്ലിക്കുന്നത്ത് ഹൗസ്, മുണ്ടംപറമ്പ്, പുളിയക്കോട് പി.ഒ. |
| 13 | ശ്രീമതി സുഹറ ടീച്ചർ, മെമ്പർ, വാർഡ് - 5 | മെമ്പർ, വാർഡ് - 5 കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | പാലാംകുണ്ട് ഹൗസ്, കടുങ്ങല്ലൂർ, പുളിയക്കോട് പി.ഒ. |
| 14 | ശ്രീമതി രുഗ്മിണി കെ. വി., മെമ്പർ, വാർഡ് - 6 | സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷ, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | കോവുള്ളിൽകാട്ടിൽ ഹൗസ്, ആക്കപ്പറമ്പ്, ആക്കപ്പറമ്പ് പി.ഒ. |
| 15 | ശ്രീ. പേവുങ്ങാട്ടിൽ അബ്ദുറഹ്മാൻ (മാനുട്ടി), മെമ്പർ, വാർഡ് - 7 | മെമ്പർ, വാർഡ് - 7 കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | പേവുങ്ങാട്ടിൽ ഹൗസ്, ആക്കപ്പറമ്പ്, ആക്കപ്പറമ്പ് പി.ഒ. |
| 16 | ശ്രീ. മമ്മറക്കോട്ടിൽ ഉണ്ണിമോയിൻ, മെമ്പർ, വാർഡ് - 8 | മെമ്പർ, വാർഡ് - 8 കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | മമ്മറക്കോട്ടിൽ ഹൗസ്, ആക്കപ്പറമ്പ്, ആക്കപ്പറമ്പ് പി.ഒ. |
| 17 | ശ്രീമതി ഷൈലാ ഗഫൂർ, മെമ്പർ, വാർഡ് - 9 | പ്രസിഡന്റ്, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | ടി. പി. ഹൗസ്, നീരുട്ടിക്കൽ, കുഴിമണ്ണ പി.ഒ. |
| 18 | ശ്രീ. വി. അബ്ദുൽ കരീം എന്ന ബാവ, മെമ്പർ, വാർഡ് - 10 | മെമ്പർ, വാർഡ്-10, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | പൊക്കനാളിൽ ഹൗസ്, കുഴിമണ്ണ, കുഴിമണ്ണ പി.ഒ. |
| 19 | ശ്രീ. അബ്ദുറസാഖ് ഹാജി കുന്നക്കാട് മെമ്പർ, വാർഡ് - 11 | സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷൻ, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | കുന്നക്കാട് ഹൗസ്, കുഴിയാംപറമ്പ്, കുഴിമണ്ണ പി.ഒ. |
| 20 | ശ്രീ. പി. കെ. കുഞ്ഞിമ്മു എന്ന കുഞ്ഞാപ്പ മെമ്പർ, വാർഡ് - 12 | വൈസ് പ്രസിഡന്റ്, കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | ചക്കാലക്കുന്നത്ത് ഹൗസ്, കുഴിമണ്ണ, കുഴിമണ്ണ പി.ഒ. |
| 21 | ശ്രീ. അഡ്വ. വിഭു, വാളശ്ശേരി, മെമ്പർ, വാർഡ് - 13 | മെമ്പർ, വാർഡ്-13 കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | വാളശ്ശേരി ഹൗസ്, കിഴിശ്ശേരി, കുഴിമണ്ണ പി.ഒ. |

| (1) | (2) | (3) | (4) |
|---|---|---|---|
| 22 | ശ്രീമതി കെ നസീറ, മെമ്പർ, വാർഡ് - 14 | മെമ്പർ, വാർഡ്- 14 കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | ഇട്ടിപ്പറമ്പ് ഹൗസ്, എക്കാപറമ്പ്, കുഴിമണ്ണ പി.ഒ. |
| 23 | ശ്രീമതി പറശ്ശീരി ആയിശാബി, മെമ്പർ, വാർഡ് - 15 | മെമ്പർ, വാർഡ്-15 കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | മങ്ങാട്ടിയിൽ ഹൗസ്, ആലിൻചുവട്, കുഴിമണ്ണ പി.ഒ. |
| 24 | ശ്രീമതി തൈക്കുന്നത്ത് മിനി, മെമ്പർ, വാർഡ് - 16 | മെമ്പർ, വാർഡ്- 16 കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | തൈക്കുന്നത്ത് ഹൗസ്, ആലിൻചുവട്, കുഴിമണ്ണ പി.ഒ. |
നിർമ്മാണം തുടങ്ങിയ പദ്ധതിയിൽ ടാങ്ക്, കിണർ, വിതരണ പൈപ്പ് ലൈൻ. ടാങ്ക് നിർമ്മാണം, പമ്പ് ഹൗസ് നിർമ്മാണം , മോട്ടോർ സ്ഥാപിക്കൽ എന്നീ പ്രവർത്തനങ്ങൾ വർഷങ്ങൾക്ക് മുമ്പ് പൂർത്തിയായിട്ടുള്ളതാണ്.

1999-2000 വർഷത്തിലെ മേൽ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന പദ്ധതിയുടെ വൈദ്യുതി കണക്ഷന് കെ.എസ്.ഇ.ബിയിൽ തുക അടവാക്കാൻ കഴിയാതിരുന്നത് കൊണ്ട് മാത്രം മുടങ്ങിപ്പോയ ഒരു പദ്ധതിയാണിത്. ഇപ്പോൾ ടാങ്ക് നാശോൻമുഖമാണ്. മേൽ പദ്ധതി പുനരുദ്ധരിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതിന് 06.04.19 ന് ചേർന്ന ഭരണ സമിതി യോഗം തീരുമാനിച്ചിട്ടുണ്ട്.

**7 വരിക്കോട്ടുചിറ കണ്ടേനിചിറ കുടിവെള്ള വിതരണ പദ്ധതി**

**( 2003-04) □ 3(17)**

തിരുനാവായ ഗ്രാമപഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് ജില്ലാ പഞ്ചായത്ത് 1999-2000 വാർഷിക പദ്ധതിയിൽ 4,15,000/- രൂപ മതിപ്പുചെലവുള്ള ഈ പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നു. വരിക്കോട്ടുചിറ, കണ്ടേനിചിറ എന്നീ സ്ഥലങ്ങളിലെ കുളങ്ങളിൽ നിർമ്മിച്ചിട്ടുള്ള കിണറുകളിൽ നിന്നും

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | ലൈൻ നീട്ടൽ | | | | തുടർ നടപടി സ്വീകരിക്കാത്തതതിനാൽ പ്രവൃത്തി ആരംഭിക്കുകയോ ഡെപ്പോസിറ്റ് തുക തിരിച്ചുപിടിക്കുകയോ ചെയ്തിട്ടില്ല. | വെള്ളം പമ്പ് ചെയ്ത് നമ്പിയൻ കുന്നിൽ സ്ഥാപിച്ചിട്ടുള്ള ഓവർഹെഡ് ടാങ്കിൽ എത്തിയതിനു ശേഷം വിവിധ സ്ഥലങ്ങളിലേക്ക് വിതരണ ശൃംഖല സ്ഥാപിച്ച് കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള ഒരു ബൃഹത് പദ്ധതിയാണ് വരിക്കോട്ടുചിറ കണ്ടേനിചിറ കുടിവെള്ള പദ്ധതി.<br>ഈ പ്രവൃത്തി പൂർത്തിയായതായും ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം വിതരണ ശൃംഖല സ്ഥാപിച്ച് കുടിവെള്ളം വിതരണം ചെയ്യുന്നതായി 20.04.2010-ന് എൽ.എസ്.ജി.ഡി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്.ജി.ഡി സെക്ഷൻ തിരുനാവായ ഗ്രാമപഞ്ചായത്ത് എന്നിവരുമൊത്ത് നടത്തിയ സംയുക്ത പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതായി അന്നത്തെ സെക്രട്ടറി ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ഓഡിറ്റിൽ പരാമർശിച്ച മേൽ പദ്ധതി പൂർത്തീകരിച്ച് രണ്ട് വർഷത്തോളം നല്ല നിലയിൽ പ്രവർത്തിച്ചതിനാലും അഡ്വാൻസായി നൽകിയ 37500/- രൂപയിലും കവിഞ്ഞ പ്രവൃത്തി ചെയ്തിട്ടുണ്ട്.<br>കണ്ടേരി ചോല നിവാസികളുടെ എതിർപ്പ് കൊണ്ടു മാത്രം മുടങ്ങിപ്പോയ പദ്ധതിയാണിത്.<br><br>**8. തൃക്കലങ്ങോട് പ്രീ മെട്രിക് ഹോസ്റ്റൽ കെട്ടിട നിർമ്മാണം**<br>തൃക്കലങ്ങോട് പ്രീ മെട്രിക് ഹോസ്റ്റൽ കെട്ടിടം |
| | | | | | | 1,48,60,778 | | |

| | | | |
|---|---|---|---|
| | | | നിർമ്മാണം പ്രൊജക്റ്റ് നിർവ്വഹണം നടത്താതിരുന്നതിനാൽ മലപ്പുറം ജില ്ല ാ പഞ്ചായത്ത് വിഹിതമായി അനുവദിച്ച് 23,65,000/- രൂപ വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് തിരിച്ചു നൽകുകകയും ആയത് ട്രഷറി ചലാൻ വഴി സർക്കാർ ഫണ്ടിലേക്ക് ( ROP -2515-00-196-45 PLAN) അടവാക്കുകയും ചെയ്തിട്ടുണ്ട്<br>**<u>9.തിരുനാരായണപുരം ലിഫ്റ്റ് ഇറിഗേഷൻ</u>**<br>പുലാമന്തോൾ ഗ്രാമപഞ്ചായത്തിലെ 70.11 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിന് 2002-03 സാമ്പത്തിക വർഷത്തിൽ പുലാമന്തോൾ ഗ്രാമപഞ്ചായത്ത് മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ ധന സഹായത്തോടെ നടപ്പിലാക്കിയ ഈ പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് അനുവദിച്ച 8 ലക്ഷം രൂപ വിനിയോഗിച്ച് പൂർത്തിയാക്കിയിട്ടുണ്ട് എന്നും പദ്ധതി പ്രവർത്തനക്ഷമമാണെന്നും 10.08.2009- ലെ എ 4-692/09 നമ്പർ കത്തുപ്രകാരം പുലാമന്തോൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.<br>പ്രസ്തുത ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പഞ്ചായത്തിലെ ഏക്കർ കണക്കിന് കൃഷി ഭൂമികളിലേക്ക് കുന്തിപ്പുഴയിൽ നിന്നും ജലസേചന സൗകര്യം എത്തിക്കുന്നതിന് പര്യാപ്തമാണ്. |

| | | | |
|---|---|---|---|
| | | | **10.ജൈവവള സംസ്കരണ യൂണിറ്റ്**<br>നഗരസഭ ജീവനക്കാർ നടത്തിയ പരിശോധനയിൽ പദ്ധതി നടപ്പിലാക്കിയതായി കണ്ടെത്താൻ സാധിച്ചില്ലെന്നും, പദ്ധതി കാലയള വിൽ നിലമ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന വ്യക്തിക്ക് ടി പദ്ധതി സംബന്ധിച്ച വിവരം ആരാഞ്ഞുകൊണ്ടും രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും 30.03.19 ന് അടിയന്തിര സ്വഭാവമുള്ള കത്ത് നൽകിയിട്ടുണ്ട്. എന്നിരുന്നാലും മേൽ പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണോ എന്ന് പരിശോധിച്ച് വരുന്നതായും, ഗ്രാമ പഞ്ചായത്തിൽ നിന്നും ഫയലുകളും രേഖകളും രേഖാമൂലം കൈമാറികിട്ടാത്തതിനാലാണ് വിനിയോഗ വിവരം ലഭ്യമാക്കാൻ സാധിക്കാത്തത് എന്നും നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത പക്ഷം തുക തിരികെ അടവാക്കുന്നതിന് നഗരസഭയോട് ആവശ്യപ്പെടാവുന്നതാണ്.<br><br>**11. <u>കങ്കാടി കോളനി ശുദ്ധജല വിതരണ പദ്ധതി</u>**<br>കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ കങ്കാടി എസ്.സി.കോളനി നിവാസികളായ 20 പട്ടികജാതി കുടുംബങ്ങൾക്കും 13 പൊതുവിഭാഗങ്ങൾക്കും കുടിവെള്ളം നൽകുന്നതിന് 200-01 സാമ്പത്തിക വർഷത്തിൽ 5,38,000/- രൂപ മതിപ്പ് ചെലവിൽ |

| | | | |
|---|---|---|---|
| | | | ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച ഒരു പദ്ധതിയാണ് ഇത്. 2004 ആരംഭത്തിൽ കമ്മീഷൻ ചെയ്ത ഈ പദ്ധതി പൂർണ്ണതോതിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് 17.04.2010-ന് സ്ഥലം സന്ദർശിച്ചപ്പോൾ ബോധ്യപ്പെട്ടിട്ടുണ്ട് എന്നും, 28 കുടുംബങ്ങൾ ഇപ്പോഴും ഈ കുടിവെള്ള പദ്ധതിയെ ആശ്രയിക്കുന്നുണ്ട് എന്ന് ഗുണഭോക്താക്കൾ നേരിട്ട് ബോധിപ്പിച്ചിട്ടുണ്ടെന്നും, നിർമ്മാണം പൂർത്തിയാക്കി 2004 ആരംഭം മുതൽ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ടെന്നും അന്നത്തെ സെക്രട്ടറി നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**12. വട്ടപ്പറമ്പ് കുടിവെള്ള പദ്ധതി 2002-03**<br>2002-03 സാമ്പത്തിക വർഷത്തിൽ 5,20,200/- രൂപ മതിപ്പ് ചെലവിൽ കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച വട്ടപ്പറമ്പ് കുടിവെള്ള പദ്ധതിക്ക് മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ വിഹിതമായി 2,00,000/- രൂപ 28.03.2003-ന് കൈമാറിയിരുന്നു. ജില്ലാ പഞ്ചായത്ത് അനുവദിച്ച 2,00,000/- രൂപ പൂർണ്ണമായും വട്ടപ്പറമ്പ് കുടിവെള്ള പദ്ധതിക്കായി ചെലവഴിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് എന്നും 02.02.2007 -ലെ എ 2-47/07 കത്ത് മുഖേന കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **<u>13. പുലമാന്തോൾ മാലിന്യ സംസ്കരണ യൂണിറ്റ്</u>**<br>2002-03 സാമ്പത്തിക വർഷത്തിൽ പുലാമന്തോൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്ന മാലിന്യസംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്ത് വിഹിതമായി 5,00,000/- രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും, പ്ലാന്റ് പൂർത്തീകരിച്ചിട്ടുണ്ടെന്നും 15.06.2001 -ലെ എ 2-5094/2010 നമ്പർ തുക വിനിയോഗ സാക്ഷ്യപത്രം പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.<br><br>**(14) <u>കൊപ്രാ ടയർ യൂണിറ്റ് 2002-03 ▯ 3 (13)</u>**<br>ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിൽ കൊപ്രാ ടയർ യൂണിറ്റ് സ്ഥാപിക്കുന്നതിനായി 2002-03 സാമ്പത്തിക വർഷം അനുവദിച്ച 5 ലക്ഷം രൂപ നാളിതുവരെ വിനിയോഗിക്കാത്ത സാഹചര്യത്തിൽ പലിശ സഹിതം ജില്ലാ പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടക്കുന്നതിന് 20.11.2009 - ലെ പി1-1139/06 നമ്പർ കത്ത് മുഖേന ജില്ലാ വ്യവസായ കേന്ദ്രം മാനേജർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 6,76,078/- രൂപ 6.12.2010 ലെ ഡി- 130574 നമ്പർ ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന ജില്ലാ പഞ്ചായത്തിൽ തിരിച്ച് അടവാക്കിയിട്ടുണ്ട്. നിലവിൽ മുടങ്ങിക്കിടക്കുന്ന മേൽ പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിന് സാധ്യത പരിശോധിക്കുന്നതിന് തദ്ദേശവാസികളുമായും |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത് അധികൃതരുമായും സംസാരിക്കുന്നതിന് ഡിവിഷൻ മെമ്പറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>(15) <u>സമ്പൂർണ്ണ ശുചിത്വ പരിപാടി</u><br>സമ്പൂർണ്ണ ശുചിത്വ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന വ്യക്തിഗത കക്കൂസുകൾക്ക് 2002-03 വർഷം ജില്ലാ പഞ്ചായത്ത് വിഹിതമായി 80 ഗ്രാമപഞ്ചായത്തുകൾക്ക് ജില്ലാ ശുചിത്വ മിഷൻ മുഖേന തുക അനുവദിച്ചിരുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത 63 പഞ്ചായത്തുകളുടെ രസീതും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും അടിയന്തിരമായി ലഭ്യമാക്കാൻ ആവശ്യപ്പെട്ടതു പ്രകാരം, 02.04.2019 ലെ 153/2014/ഡി.എസ്.എം. നമ്പർ കത്ത് പ്രകാരം 55 ഗ്രാമ പഞ്ചായത്തുകളിൽ നിന്നുള്ള തുക വിനിയോഗ സാക്ഷ്യപത്രങ്ങൾ ജില്ലാ മിഷൻ കോർഡിനേറ്റർ ലഭ്യമാക്കിയിട്ടുണ്ട്. ഇനിയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരോട് ആയത് സമിതി മുൻപാകെ നേരിൽ ഹാജരായി ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്ന് ജില്ലാ കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.<br><br>(16) <u>തിണ്ടലം പടിഞ്ഞാറെ പുത്തൻകുളം പട്ടികജാതി കുടിവെള്ള പദ്ധതി</u> |

ഈ പ്രവൃത്തിയുടെ കിണർ പൂർത്തിയാക്കി 87,249/- രൂപയുടെ ബിൽ കൺവീനർ സമർപ്പിച്ചിട്ടുണ്ട്. നിർമ്മിച്ചിട്ടുള്ള കിണർ നല്ല സ്ഥിതിയിലാണെന്നും ആവശ്യത്തിന് വെള്ളമുണ്ടെന്നും 7.7.2006 ലെ എഇ/എൽ.എസ്.ജി.ഡി/ഇഡിവൈആർ നമ്പർ കത്തിൽ ആതവനാട് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കൺവീനർ സമർപ്പിച്ച ബില്ലിൽ നിന്നും ഗുണഭോക്തൃ വിഹിതമായി ഈടാക്കേണ്ട 5,000/- രൂപ കഴിച്ച് ബാക്കി തുകയായ 82,249/- രൂപ മൊബിലൈസേഷൻ അഡ്വാൻസിലേക്ക് വരവ് വെച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുകയായ 17,715/- രൂപ എസ്.ബി.ടി. യുടെ 20.09.2006 -ലെ 174899 നമ്പർ ഡിമാന്റ് ഡ്രാഫ്റ്റ് ആയും ജില്ലാ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. പ്രസ്തുത തുകയുടെ പലിശയിനത്തിലേക്ക് 3000/- രൂപ 16.01.2008-ലെ 93121/100 നമ്പർ രശീതി പ്രകാരം ജില്ലാ പഞ്ചായത്തിൽ അടവക്കിയിട്ടുണ്ട്. പലിശയിനത്തിൽ ബാക്കി വന്ന തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുക വഴി 11674/- രൂപ ഈടാക്കിയിട്ടുണ്ട്. എസ്.സിയും ജനറലും അടക്കം ശരാശരി 100 ൽ അധികം കുടുംബങ്ങൾ പദ്ധതിയിലൂടെ വെള്ളം ഉപയോഗിക്കുന്നുണ്ട്.

**(17) <u>പടിഞ്ഞാറേക്കര കുടിവെള്ള പദ്ധതി 2003-04 (3.72.1(17)</u>**

ഈ പദ്ധതിയുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 09.03.2005, 25.08.2005 എന്നീ തീയതികളിൽ നടത്തിയ ടെണ്ടറുകൾക്ക് പ്രതികരണം ലഭിക്കാതിരുന്നതിനാൽ എസ്റ്റിമേറ്റ് പുതുക്കുന്നതിന് 25.10.2006-ലെ ജി 2-859/09 നമ്പർ കത്ത് മുഖേന പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. പുറത്തൂർ ഗ്രാമപഞ്ചായത്ത് ഈ പദ്ധതിയുടെ ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കി പദ്ധതി കമ്മീഷൻ ചെയ്തിട്ടുണ്ട്.

നിലവിൽ പദ്ധതി നല്ല നിലയിൽ മുന്നോട്ട് പോകുന്നു. 50000 ലിറ്റർ ശേഷിയോടെ കോൺക്രീറ്റ് ഫില്ലറുകൾക്ക് മുകളിൽ കെട്ടി ഉയർത്തിയ ടാങ്കിൽ നിന്നും 500 ഓളം ഗുണഭോക്താക്കൾ പൊതു ടാപ്പുകളിൽ നിന്നും വെള്ളം ഉപയോഗിക്കുന്നുണ്ട്. തീരപ്രദേശമായതിനാൽ വെള്ളത്തിന് നിറവും രുചി വ്യത്യാസവുമുള്ളതിനാൽ ഗ്രാമ പഞ്ചായത്ത് വലിയ രണ്ട് ഫിൽട്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്. പദ്ധതി വർഷങ്ങളായി നല്ല നിലയിൽ പ്രവർത്തിച്ച് വരുന്നു. ഈ ടാങ്കിലേക്ക് പടിഞ്ഞാറേക്കര യു.പി സ്കൂൾ ഗ്രൗണ്ടിൽ ഗ്രാമ പഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള കിണറിൽ നിന്നു കുടിവെള്ളം അടിക്കുന്നുണ്ട്.

**(18) <u>മാതൃകാ നീർമറി വികസന പദ്ധതി</u>**

ബ്ലോക്ക് പഞ്ചായത്തിന്റേയും ജില്ലാ

| | | | |
|---|---|---|---|
| | | | പഞ്ചായത്തിന്റേയും ധനസഹായത്തോടെ പള്ളിക്കൽ പഞ്ചായത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന മാതൃകാ നീർമറി വികസന പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി 2002-03 സാമ്പത്തിക വർഷത്തിൽ 5,00,000/- രൂപയും, 2003-04 സാമ്പത്തിക വർഷത്തിൽ 8,00,000/- രൂപയും അനുവദിച്ചിരുന്നു.<br>ജില്ലാ പഞ്ചായത്ത് നൽകിയ 13 ലക്ഷം രൂപയുടെ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതിന് 18.10.2004, 13.02.2007, 6.04.2010 എന്നീ തീയതികളിൽ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആയത് നാളിതുവരെ ലഭിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതിന് പള്ളിക്കൽ ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകുന്നതിന് 21.04.2010 - ലെ പി 4 □ 974/03 നമ്പർ കത്ത് മുഖേന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് അഭ്യർത്ഥിച്ചിരുന്നു. ആയതിനും മറുപടി ലഭിക്കുകയുണ്ടായില്ല. തുടർന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് പള്ളിക്കൽ ഗ്രാമപഞ്ചായത്ത് നേരിൽ സന്ദർശിച്ച് വീണ്ടും നിർദ്ദേശം നൽകിയിരുന്നു. ആയതിന് 02.04.19 - ലെ എ 2-2449/19 നമ്പർ കത്ത് പ്രകാരം പള്ളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്നു അനുവദിച്ച തുകയുടെ വിവരം കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും എന്നാൽ 2003-04 വർഷത്തെ സുലേഖ സോഫ്റ്റ് |

| | | | |
|---|---|---|---|
| | | | വെയർ പരിശോധിച്ചതിൽ 1,52,500/- രൂപ ടി മേഖലയിൽ ചിലവഴിച്ചതായി കാണുന്നുണ്ടെന്നും ആയത് സംബന്ധിച്ച വിവരങ്ങൾ കണ്ടെത്തുന്നതിന് അടിയന്തിര തുടർ നടപടികൾ സ്വീകരിച്ചുവരുന്നതായും അറിയിച്ചിട്ടുണ്ട്.<br><br>(19) . **<u>അമ്മക്കുളം ചിലവിൽ കുടിവെള്ള പദ്ധതി</u>**<br>പൊന്മുണ്ടം ഗ്രാമപഞ്ചായത്തിലെ അമ്മക്കുളം ചിലവിൽ കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിന് 2004-05 വർഷത്തിൽ 7 ലക്ഷം രൂപ മതിപ്പ് ചെലവിൽ ജില്ലാ പഞ്ചായത്ത് ഒരു പദ്ധതി ആവിഷ്കരിച്ചിരുന്നു. ജില്ലാ പഞ്ചായത്ത് അനുവദിച്ച തുക ഉപയോഗിച്ച് കിണറും ടാങ്കും നിർമ്മിച്ചിട്ടുണ്ട്.<br><br>(20). **<u>ചിത്രാ സാഗർ തീയേറ്റർ മുതൽ മുസഹാജിപ്പടി വരെ പൈപ്പ് ലൈൻ നീട്ടൽ</u>**<br>മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം പൊന്മുണ്ടം പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി തിരൂർ പട്ടണത്തിന്റെ അതിർത്തിയിലുള്ള ചിത്രാസാഗർ തീയേറ്റർ മുതൽ തലക്കടത്തൂർ, വൈലത്തൂർ ബംഗ്ലാംകുന്ന് വഴി മുസ്സഹാജിപ്പടി വരെ മെയിൻ റോഡിലൂടെ കേരള വാട്ടർ അതോറിറ്റിയുടെ ലൈൻ നീട്ടുന്നതിന് ഉദ്ദേശിച്ചുള്ള 6 ലക്ഷം രൂപ മതിപ്പ് ചെലവ് പ്രതീക്ഷിച്ച ഒരു പദ്ധതിയായിരുന്നു ഇത്. 1999-2000 |

| | | | |
|---|---|---|---|
| | | | സാമ്പത്തിക വർഷത്തിൽ 3,00,000/- രൂപയും 2000-01 സാമ്പത്തിക വർഷത്തിൽ 3,00,000/- രൂപയും വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നതിന് ഉദ്ദേശിച്ചിരുന്നു. ഇതിൽ ഒന്നാം വർഷം വിഹിതമായ 3,00,000/- രൂപ 31.03.2000-ത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിരുന്നുവെങ്കിലും, രണ്ടാം വർഷ വിഹിതമായ 3,00,000/- രൂപ അടവാക്കിയിട്ടില്ല. പ്രവൃത്തിയുടെ നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിക്കൽ ഉൾപ്പെടെയുള്ള പ്രാരംഭ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിരുന്നുവെങ്കിലും മുഴുവൻ തുകയും അടവാക്കാത്തതിനാൽ പ്രവൃത്തി റദ്ദാക്കി നാളിതു വരെയുള്ള ചെലവുകൾ കഴിച്ച് 2,87,350/- രൂപ 22.08.2005- ലെ 494603 നമ്പർ ചെക്ക് മുഖേന തിരിച്ചു നൽകിയിട്ടുണ്ട്. |
| 2 | | **3.72.2 എസ്.ജി.ആർ.വൈ. പ്രവൃത്തിക്ക് അധിക ചെലവ്** 17.03.03 ലെ 90(1) നമ്പർ ഇന്റൻഡ് പ്രകാരം 10,000 കിലോ അരി പട്ടീരി ഹരിജൻ കോളനി മണ്ണ് ജല സംരംക്ഷണ പ്രവൃത്തിക്കായി ഇഷ്യൂ ചെയ്ത് ഗുണഭോക്തൃ സമിതി കൺവീനർക്ക് ഫൈനൽ ബിൽ നൽകിയപ്പോൾ പരിഗണിച്ചിട്ടില്ല. ഇതിന്റെ എഫ്.സി.ഐ. നിരക്കായ 1,21,000/- രൂപ ഈടാക്കിയിട്ടില്ല. തുക പലിശ സഹിതം വീഴ്ച വരുത്തിയ വ്യക്തിയിൽ നിന്ന് | പട്ടീരി ഹരിജൻ കോളനി മണ്ണ് ജല സംരക്ഷണം എന്ന പ്രവൃത്തിയുടെ ഗുണഭോക്തൃ കമ്മിറ്റി കൺവീനർക്ക് ഭക്ഷ്യധാന്യ ഇനത്തിൽ അധികം നൽകിയ 62,000/- രൂപ ഈടാക്കിയിട്ടുണ്ട്. ബാക്കി വരുന്നതായി 59,000/- രൂപ കൂടി കൺവീനറിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കുന്നതിനു വേണ്ട നടപടികൾ |

| | | | |
|---|---|---|---|
| | | ഈടാക്കേണ്ടതാണ്. | സ്വീകരിക്കുന്നതിന് പ്രോജക്റ്റ് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റിന് 13.05.2010-ലെയും 15.09.2010-ലെയും പി1-934/10 നമ്പർ കത്ത് പ്രകാരം പ്രോജക്റ്റ് ഡയക്ടർ ലഭ്യമാക്കിയ മറുപടി താഴെകൊടുക്കുന്നു.<br>പ്രൊ നം. 820/03 പട്ടീരി കോളനി മണ്ണ് ജല സംരക്ഷണം പുൽപ്പറ്റ ഗ്രാമ പഞ്ചായത്ത് എന്ന പ്രവൃത്തി 2002-03 വർഷത്തെ എസ്.ജി.ആർ.വൈ പദ്ധതിയിൽ 300,000/- രൂപ അടങ്കലോടെ അനുവദിക്കപ്പെട്ടതാണ്.<br><br>ശ്രീ.രാഘവൻ പി. എന്നയാൾ കൺവീനറായ ഗുണഭോക്തൃ കമ്മിറ്റിക്ക് പ്രവൃത്തി നടത്തുന്നതിനായി രണ്ട് ഘട്ടങ്ങളിലായി 28941 കിലോഗ്രാം ഭക്ഷ്യധാന്യം, കിലോഗ്രാമിന് 6.20 രൂപ നിരക്കിൽ അനുവദിച്ചിരുന്നു. ഭക്ഷ്യധാന്യത്തിന്റെ മൊത്തം വില 179434/- രൂപയാണ്. പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കുകയും ഫൈനൽ ബിൽ 300000/- രൂപക്ക് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 31.03.2003 -ന് ഫൈനൽ പേയ്മെന്റ് നടത്തുമ്പോൾ ഭക്ഷ്യധാന്യത്തിന്റെ വിലയായി 179433/- രൂപ കുറവ് ചെയ്യുന്നതിനു പകരം 117434/- രൂപ മാത്രമാണ് തെറ്റായി കുറവ് ചെയ്തത്.<br>2002-03 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് |

| | | | |
|---|---|---|---|
| | | | റിപ്പോർട്ടിലെ പരാമർശ പ്രകാരം ഫൈനൽ ബില്ലിൽ കൺവീനർക്ക് അധികമായി നൽകാനിടയായ 62,000/- രൂപ തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കുകയും 13,03.2007 -ലെ 177858 നമ്പർ ഡിമാന്റ് ഡ്രാഫ്റ്റുകൾ മുഖേന ഗുണഭോക്തൃ സമിതി കൺവീനർ 62000/- രൂപ തിരിച്ചടവാക്കുകയും ചെയ്തു. ടി തുക ജില്ലാ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. |
| 3 | | 3.72.3 <u>മാർക്കറ്റ് കെട്ടിടങ്ങളുടെ നിർമ്മാണം</u><br>ഐ.ആർ.ഡി.പി ഫണ്ടുപയോഗിച്ച് 98-99 വർഷം ഗ്രാമ /ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് 19 മാർക്കറ്റ് കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനു മുമ്പ് ഗ്രാമപഞ്ചായത്തുകളുമായി ഉടമ്പടി വച്ചിട്ടില്ല. വാടകയായി ഈടാക്കുന്ന തുകയുടെ 10% ജില്ലാ പഞ്ചായത്തിലേക്ക് അടവാക്കേണ്ടതാണെന്നും പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് അതാതു പഞ്ചായത്തുകളെ ഏൽപ്പിക്കേണ്ടതാണെന്നും ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. 26.09.01 ലെ 2(4) നമ്പർ തീരുമാനത്തിൽ 8 പഞ്ചായത്തുകളിലെ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല എന്ന് പറയുന്നു. തിരുനാവായ ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച കെട്ടിടം സ്വകാര്യ വ്യക്തി കയ്യേറിയതായി റിപ്പോർട്ടുണ്ട്. 19 പ്രവൃത്തികൾ പൂർത്തിയാക്കിയതായും അതാതു സ്ഥാപനങ്ങൾ എഗ്രിമെന്റ് വച്ച് കൈമാറിയതായും ജില്ലാ പഞ്ചായത്തിന് വാടകയിനത്തിൽ ലഭിക്കേണ്ട 10% തുക ലഭിച്ചതായും വ്യക്തമാക്കുന്ന | <u>മാർക്കറ്റ് കെട്ടിടങ്ങളുടെ നിർമ്മാണം</u><br>ഐ.ആർ.ഡി.പി.ഫണ്ട് വിനിയോഗിച്ച് മലപ്പുറം ജില്ലാ പഞ്ചായത്ത് വിവിധ ഗ്രാമപഞ്ചായത്തുകളിൽ താഴെ ചേർത്ത പ്രകാരം മാർക്കറ്റ് കെട്ടിടങ്ങൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്.<br><br>(1) ഐ.ആർ.ഡി.പി വിപണന കേന്ദ്രം, മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് -എസ്റ്റിമേറ്റ് തുക 2,55,000/- രൂപ<br>മക്കരപ്പറമ്പ് പഞ്ചായത്തിലെ മക്കരപ്പറമ്പ് ടൗണിൽ നിന്നും വലത്തോട്ടുള്ള റോഡിൽ ചെറുപുഴയോട് ചേർന്നാണ് ജില്ലാ പഞ്ചായത്ത് നിർമ്മിച്ച് നൽകിയ കെട്ടിടം സ്ഥിതി ചെയ്യുന്നത്. ടി കെട്ടിടത്തിന് ഇപ്പോൾ 2 നിലയുണ്ട്. താഴെ നിലയിൽ ജില്ലാ പഞ്ചായത്ത് നിർമ്മിച്ച ഗ്രൗണ്ട് ഫ്ലോറിൽ ഗവ. ആയുർവേദ ഡിസ്പൻസറി പ്രവർത്തിക്കുന്ന കെട്ടിടം |

| | | | |
|---|---|---|---|
| | | രേഖകളൊന്നും ലഭ്യമല്ല. | ഇപ്പോഴും നല്ല ഉറപ്പോടു കൂടി നിലനിൽക്കുന്നതായാണ് കാണുന്നത്.<br><br>2) ഐ.ആർ.ഡി.പി വിപണന കേന്ദ്രം, വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് എസ്റ്റിമേറ്റ് തുക 4,53,000/- രൂപ. 8 മുറികൾ നിർമ്മിച്ചിട്ടുണ്ട്. വെട്ടത്തൂർ ഗ്രാമപഞ്ചായത്തിലെ പട്ടിക്കാട് ചുങ്കം അങ്ങാടിയിലുള്ള സർവ്വീസ് സഹകരണ ബാങ്കിന് സമീപം ഗ്രാമപഞ്ചായത്ത് നിർമ്മിച്ച 1/498 മുതൽ നമ്പർ നൽകിയിട്ടുള്ള കെട്ടിട മുറികൾക്ക് പിറകിലാണ് ജില്ലാ പഞ്ചായത്ത് നിർമ്മിച്ച നൽകിയ 8 മുറികൾ സ്ഥിതി ചെയ്യുന്നത്. അതിലെ ഒന്നൊഴികെയുള്ള മുറികളെല്ലാം കച്ചവടക്കാരുടെ ഗോഡൗൺ നടത്തുകയാണ്. ടി മുറികൾക്ക് 1/491 മുതൽ 1/497 വരെ നമ്പർ നൽകിയിട്ടുണ്ട്.<br><br>(3).ഐ.ആർ.ഡി.പി. വിപണന കേന്ദ്രം, കീഴാറ്റൂർ ഗ്രാമപഞ്ചായത്ത് എസ്റ്റിമേറ്റ് തുക 1,70,000/- രൂപ<br><br>കീഴാറ്റൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന ആക്കപ്പറമ്പ് ടൗണിൽ പഞ്ചായത്ത് കെട്ടിടത്തിനോട് ചേർന്ന് വേറിട്ട് നിൽക്കുന്ന ഒരു കെട്ടിടമാണ് ജില്ലാ പഞ്ചായത്ത് നിർമ്മിച്ച് നൽകിയിട്ടുള്ളത്. VII 95 എന്ന നമ്പർ നൽകിയിരിക്കുന്ന കെട്ടിടത്തിൽ ഒരു മുറി മൃഗാശുപത്രിയുടെ ഗോഡൗൺ ആണ്. മറ്റേ മുറിയിൽ |

| | | | |
|---|---|---|---|
| | | | " സിതാര " എന്ന പേരിൽ മഹിളാ സമാജം പ്രസിഡന്റ് ശ്രീമതി. സതിദേവി 19 വർഷമായി തുന്നൽ പരിശീലന കേന്ദ്രം നടത്തുന്നു.<br><br>(4) പൊതു മാർക്കറ്റ് ബിൽഡിംഗ് പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത്. എസ്റ്റിമേറ്റ് തുക 1,53,000/- രൂപ. പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത് കെട്ടിടത്തിനോട് ചേർന്ന് മുൻപിൽ സ്ഥിതി ചെയ്യുന്ന ആയുർവേദ ഡിസ്പെൻസറി എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് എന്നിവ പ്രവർത്തിക്കുന്ന താഴത്തെ നിലയാണ് ജില്ലാ പഞ്ചായത്ത് നിർമ്മിച്ചു നൽകിയത്.<br><br>(5) എടക്കര ഐ.ആർ.ഡി.പി. മാർക്കറ്റ് കേന്ദ്രം, എടക്കര ഗ്രാമപഞ്ചായത്ത്. എസ്റ്റിമേറ്റ് തുക 2,56,000/- രൂപീകരിച്ചത്<br>എടക്കര ഗ്രാമപഞ്ചായത്തിലെ ഐ.ആർ.ഡി.പി. മാർക്കറ്റ് ബിൽഡിംഗിലെ ആകെയുള്ള 6 മുറികളിൽ 3 മുറികൾ ജില്ലാ പഞ്ചായത്ത് നിർമ്മിച്ചതാണ്. 3 മുറികളും വാടകയ്ക്ക് നൽകിയതാണ്. ഒരു ഹോട്ടലും വാടക സ്റ്റോറും പ്രവർത്തിക്കുന്നു. കെട്ടിടം ഉറപ്പുള്ളതും നല്ല നിലയിൽ പ്രവർത്തിക്കുന്നതുമാണ്.<br><br>(6) വാണിയമ്പലം മാർക്കറ്റ് ബിൽഡിംഗ്, വണ്ടൂർ ഗ്രാമപഞ്ചായത്ത് എസ്റ്റിമേറ്റ് തുക |

| | | | |
|---|---|---|---|
| | | | 1,54,000/- രൂപ.<br>വണ്ടൂർ ഗ്രാമപഞ്ചായത്തിലെ റെയിൽവേ സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന പ്രധാന പട്ടണമായ വാണിയമ്പലത്ത് റെയിൽവേ സ്റ്റേഷന് എതിർവശത്ത് സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്തിന്റെ 1.30 ഏക്ര സ്ഥലത്തായിരുന്നു ജില്ലാ പഞ്ചായത്ത് നിർമ്മിച്ച മത്സ്യ മാർക്കറ്റ് സ്ഥിതി ചെയ്തിരുന്നത്. 2000 -ത്തിൽ പ്രവർത്തനം ആരംഭിച്ച ടി മാർക്കറ്റ് കുറച്ചു കാലം മാത്രമേ പ്രവർത്തിച്ചുള്ളൂ. ആസ്ബറ്റോസ് ഷീറ്റിൽ ഇഷ്ടികയിൽ തൂണുകളുമായി നിർമ്മിച്ച ടി കെട്ടിടത്തിലേക്ക് വെള്ളവും വൈദ്യുതിയും എത്തിക്കാൻ കഴിഞ്ഞിരുന്നില്ല. ടി സ്ഥലത്തിന്റെ ആരംഭ ഭാഗത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് ഒരു കേസും നിലനിന്നിരുന്നു. നാശോന്മുഖമായ ടി കെട്ടിടം 2015- ൽ ഗ്രാമപഞ്ചായത്ത് പൊളിച്ചുമാറ്റി ഡി.ടി.പി.സിക്ക് ടൂറിസ്റ്റ് ഹബ് നിർമ്മിക്കാൻ അനുമതി നൽകുകയും അപ്രകാരം 27.02.2016-ൽ അന്നത്തെ ടൂറിസം മന്ത്രി ബഹു.എ.പി. അനിൽകുമാർ അവർകൾ " വാണിയമ്പലം ടൂറിസ്റ്റ് പ്രൊജക്ട് " എന്ന സമുച്ചയം ഉത്ഘാടനം നടത്തുകയും ചെയ്തു.<br><br>(7)കരുവാരക്കുണ്ട് മാർക്കറ്റ് ബിൽഡിംഗ്, കരുവാരക്കുണ്ട് എസ്റ്റിമേറ്റ് തുക 3,24,000/- രൂപ<br>ടി കെട്ടിടത്തിൽ എല്ലാ മുറികളും വാടകക്ക് നൽകിയതുമാണ്. ടി കെട്ടിടത്തിന് മുകളിൽ |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത് ഒരു സാംസ്കാരിക നിലയം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കെട്ടിടത്തോട് ചേർന്ന് 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി " കെ.ടി.മാനു മുസ്ലിയാർ സാംസ്കാരിക നിലയം " എന്ന പേരിൽ ഒരു കെട്ടിടവും നിർമ്മിച്ചിട്ടുണ്ട്. കെട്ടിടം ഇപ്പോഴും നല്ല ഉറപ്പോടുകൂടി നിലനിൽക്കുന്നതായാണ് കാണുന്നത്.<br><br>(8)കൊണ്ടോട്ടി മീൻ മാർക്കറ്റ് അഭിവൃദ്ധിപ്പെടുത്തൽ, കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് എസ്റ്റിമേറ്റ് തുക 2,70,000/- രൂപ<br>കൊണ്ടോട്ടി ബസ്റ്റാന്റിനു സമീപമുള്ള ജംഗ്ഷനിൽ നിന്നും കുന്നുംപുറം റോഡിൽ സുമാർ 200 മീ. അകലത്തിൽ വർഷങ്ങളായി നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന മാർക്കറ്റ് കെട്ടിടങ്ങൾ ജീർണ്ണാവസ്ഥയിലായതിനാൽ ഏകദേശം 9 മാസം മുമ്പ് നഗരസഭ പൊളിച്ചുമാറ്റിയതായി മുനിസിപ്പാലിറ്റി അറിയിച്ചു. ഒഴിഞ്ഞു കിടക്കുന്ന ടി സ്ഥലത്ത് ഇപ്പോൾ ഹോൾസെയിൽ മാർക്കറ്റ് പ്രവർത്തിക്കുന്നു. വർഷങ്ങളോളം നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. മീൻ പെട്ടികൾ സൂക്ഷിക്കുന്ന വലിയൊരു തുറന്ന ഗോഡൗണുമായും ഉപയോഗിക്കുന്നു. കരിപ്പൂർ വിമാനത്താവളത്തിലേക്കുള്ള വാഹനങ്ങളുടേയും മറ്റുമുള്ള ആധിക്യം കാരണം സമീപത്തെ റോഡിൽ ട്രാഫിക് ജാമും അപകടങ്ങളും പതിവായതിനാൽ |

| | | | |
|---|---|---|---|
| | | | അവിടുത്തെ ചില്ലറ വിൽപ്പന നിർത്തി ടൗണിലെ തന്നെ മറ്റൊരു ഭാഗത്തേക്ക് ചില്ലറ മത്സ്യം കച്ചവടം മാറ്റി സ്ഥാപിച്ചതിനാൽ ഇവിടെ ഇപ്പോൾ ഹോൾസെയിൽ വിൽപ്പന മാത്രമാണ് നടക്കുന്നത്.<br><br>(9)കോട്ടക്കൽ പൊതുമാർക്കറ്റിന് സെമി പെർമനന്റ് ബിൽഡിംഗ് കോട്ടക്കൽ ഗ്രാമപഞ്ചായത്ത്-എസ്റ്റിമേറ്റ് തുക 6,00,000/- രൂപ.<br>14 മുറികൾ നിർമ്മിച്ചിരുന്നു. മാർക്കറ്റ് നവീകരണത്തിന്റെ ഭാഗമായി കെട്ടിടം പൊളിച്ചുമാറ്റി നഗരസഭ പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്.<br><br>(10) കാവന്നൂർ മാർക്കറ്റ് ബിൽഡിംഗ് നിർമ്മാണം, കാവന്നൂർ ഗ്രാമപഞ്ചായത്ത്-എസ്റ്റിമേറ്റ് തുക 2,61,000/- രൂപ.<br>ടി കെട്ടിടത്തിന്റെ മുൻ വശത്തുള്ള 4 മുറികളിൽ ഒന്നിൽ പോസ്റ്റ് ഓഫീസ് പ്രവർത്തിക്കുന്നു. മറ്റുള്ളവയും വാടകയ്ക്ക് നൽകിയതാണ്. കെട്ടിടത്തിന് പിറകിലും 2 ഷട്ടറിട്ട മുറികൾ ഉണ്ട്. കെട്ടിടം നല്ല നിലയിൽ നിലനിൽക്കുന്നു.<br><br>(11) വാഴക്കാട് ബസ്സ്റ്റാന്റിൽ കെട്ടിടം, വാഴക്കാട് ഗ്രാമപഞ്ചായത്ത്-എസ്റ്റിമേറ്റ് തുക 5,26,000/- രൂപീകരിച്ചത്<br>വാഴക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസിനോട് |

| | | | |
|---|---|---|---|
| | | | ചേർന്നുള്ള വാഴക്കാട് ബസ് സ്റ്റാന്റിന്റെ അടുത്തായി XVI □ 78,79,80,81,82 എന്നീ നമ്പറുകൾ നൽകിയിട്ടുള്ള 5 മുറികളാണ് ജില്ലാ പഞ്ചായത്ത് നിർമ്മിച്ച് നൽകിയിട്ടുള്ളത്.<br><br>(12) താനൂർ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്, താനൂർ ഗ്രാമപഞ്ചായത്ത്.<br>എസ്റ്റിമേറ്റ് തുക 5,26,000/-<br>4 മുറികൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്.കെട്ടിടത്തിന് മുകളിൽ കൃഷി ഭവൻ പ്രവർത്തിക്കുന്നു. ടി കെട്ടിടം ആധുനിക കാലഘട്ടത്തെ ആവശ്യങ്ങൾ ഉൾക്കൊള്ളും വിധത്തിൽ നിർമ്മിച്ചിട്ടുള്ളതാണ്. താഴെ റോഡിനോട് അഭിമുഖമായ മുറിയിൽ നോവ ബുക്ക് സ്റ്റാൾ, മുനിസിപ്പാലിറ്റിയിലേക്ക് കടക്കുന്ന ഭാഗത്ത് കുടുംബശ്രീയുടെ ചായക്കട എന്നിവയും പ്രവർത്തിക്കുന്നു.<br><br>(13) മേലാറ്റൂർ കംഫർട്ട് സ്റ്റേഷൻ നിർമ്മാണം, മേലാറ്റൂർ ഗ്രാമപഞ്ചായത്ത്<br>എസ്റ്റിമേറ്റ് തുക 4,85,000/- രൂപ<br>മേലാറ്റൂർ ഗ്രാമപഞ്ചായത്തിൽ മേലാറ്റൂർ ടൗൺ ബസ്റ്റാന്റിനോട് ചേർന്ന് നിലനിന്നിരുന്നു ഷോപ്പിംഗ് കോംപ്ലക്സിൽ 1998-99 ൽ ജില്ലാ പഞ്ചായത്ത് കംഫർട്ട് സ്റ്റേഷൻ നിർമ്മിച്ചു നൽകിയിരുന്നു. ആയത് 2016 വരെ ഉപയോഗിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത് പുതിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചപ്പോൾ ഈ കെട്ടിടം പൊളിച്ചുമാറ്റി പുതിയ ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുകയും ആയത് തുറന്ന് പ്രവർത്തിക്കുകയും ചെയ്യുന്നു. പ്രസ്തുത കംഫർട്ട് സ്റ്റേഷനുകൾ പൊളിച്ച് മാറ്റിയെങ്കിൽ മാത്രമേ പുതിയ കെട്ടിടം നിർമ്മിക്കുവാൻ കഴിയുകയുള്ളു എന്ന സാങ്കേതിക വിഭാഗത്തിന്റെ നിർദ്ദേശപ്രകാരമാണ് ആയത് പൊളിച്ച് മാറ്റിയത്.<br><br>(14) കുത്തുപറമ്പ് മത്സ്യമാർക്കറ്റ് കെട്ടിട നിർമ്മാണം, കീഴുപറമ്പ് ഗ്രാമപഞ്ചായത്ത്<br>എസ്റ്റിമേറ്റ് തുക 3,30,000/- രൂപ<br>കീഴുപറമ്പ് ഗ്രാമപഞ്ചായത്തിലെ കനിയിൽ ടൗണിനോട് ചേർന്നാണ് കുത്തുപറമ്പ് മാർക്കറ്റ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. താഴെ നിലയിലെ 3 മുറികളാണ് ജില്ലാ പഞ്ചായത്ത് നിർമ്മിച്ചത്. മുകളിൽ ഗ്രാമ സേവാ കേന്ദ്രം പ്രവർത്തിക്കുന്നു. താഴത്തെ മുറികളിൽ സാക്ഷരതാ മിഷന്റെ തുടർ വിദ്യാഭ്യാസ കേന്ദ്രം പ്രവർത്തിക്കുന്നു.<br><br>(15) പട്ടർനടക്കാവ് മാർക്കറ്റ് അഭിവൃദ്ധിപ്പെടുത്തൽ, തിരുനാവായ ഗ്രാമപഞ്ചായത്ത്.<br>എസ്റ്റിമേറ്റ് തുക 3,09,254/-<br>തിരുനാവായ ഗ്രാമപഞ്ചായത്തിലെ പട്ടർ നടക്കാവ് ടൗണിൽ ഏഴാം വാർഡിൽ 613,614,615,616 |

| | | | |
|---|---|---|---|
| | | | നമ്പറുകൾ രേഖപ്പെടുത്തിയതാണ്. ജില്ലാ പഞ്ചായത്ത് നിർമ്മിച്ച മാർക്കറ്റ് കെട്ടിടം. ഗ്രാമ/ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുപയോഗിച്ച് നിരവധി കെട്ടിടങ്ങൾ ടി മാർക്കറ്റിൽ നിർമ്മിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മാർക്കറ്റിലെ വെള്ളക്കെട്ട് ഒഴിവാക്കി ടൈൽ പാകിയിട്ടുണ്ട്. കെട്ടിടങ്ങളെല്ലാം നല്ല രീതിയിൽ പരിപാലിച്ച് വരുന്നതായി കാണുന്നു.<br><br>(16) നന്നമ്പ്ര മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ്, നന്നമ്പ്ര ഗ്രാമപഞ്ചായത്ത്<br>എസ്റ്റിമേറ്റ് തുക 3,00,000/- രൂപ.<br>നന്നമ്പ്ര ഗ്രാമപഞ്ചായത്തിൽ മാർക്കറ്റ് കെട്ടിടം നിർമ്മിക്കുന്നതിന് തുക വകയിരുത്തിയിരുന്നെങ്കിലും സ്ഥലം ലഭ്യമാവാത്തതിനാൽ കെട്ടിടം നിർമ്മിച്ചിട്ടില്ല.<br><br>(17) വേങ്ങര ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോംപ്ലക്സ് ഐ.ആർ.ഡി.പി വിപണന കേന്ദ്രം, വേങ്ങര ഗ്രാമപഞ്ചായത്ത്<br>എസ്റ്റിമേറ്റ് തുക - 4,46,264/-<br>വേങ്ങര ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് ഷോപ്പിംഗ് കോംപ്ലക്സ് ഐ.ആർ.ഡി.വിപണന കേന്ദ്രം എന്ന പേരിൽ ജില്ലാ പഞ്ചായത്ത് നിർമ്മിച്ച കെട്ടിടത്തിൽ അമൃത സ്വയം സഹായ സംഘം കുടുംബശ്രീ ഹോട്ടൽ എന്ന ഒരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | (18) ആല്യങ്ങൽ കടപ്പുറത്ത് മത്സ്യ സംഭരണ വിപണന കേന്ദ്രം പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത്<br>പരപ്പനങ്ങാടി നഗരസഭയിലെ ആല്യങ്ങൾ കടപ്പുറത്ത് 1998-99-ൽ നിർമ്മിച്ച് 3 മുറി ഫിഷ് ലാന്റിംഗ് സെന്റർ നല്ല കെട്ടുറപ്പിൽ നിർമ്മിച്ചതാണ്. അന്ന് കടലിൽ നിന്നും സുമാർ 200 മീറ്റർ അകലെയായിരുന്നു ഇത്. ഈ കെട്ടിടത്തിനും കടലിനും ഇടയിൽ ഒരു കളിസ്ഥലം, മൽസ്യം ഉണക്കാനുള്ള സ്ഥലം, പിന്നെ തോണികൾ കയറ്റി ഇടുന്ന സ്ഥലം എന്നിവ 200 മീറ്ററിനുള്ളിൽ ഉണ്ടായിരുന്നു എന്നും ഇപ്പോൾ ഇത്രയും ഭാഗം കടൽ എടുത്തതാണെന്നും അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. കടലേറ്റം മൂലം ഇപ്പോൾ ഉപയോഗപ്രദമല്ലെങ്കിലും മൽസ്യതൊഴിലാളികളുടെ വലകളും കൊട്ടകളും ഇവിടെ സൂക്ഷിക്കുന്നുണ്ട്. അവർ വിശ്രമകേന്ദ്രമായും ഉപയോഗിക്കുന്നുണ്ട്.<br><br>(19) ഇരുവക്കാട് മാർക്കറ്റ് കെട്ടിടം, വളവന്നൂർ ഗ്രാമപഞ്ചായത്ത്<br>എസ്റ്റിമേറ്റ് തുക 5,17,795/- രൂപ<br>ടി കെട്ടിടത്തിൽ ഇപ്പോൾ കെ.എസ്.ഇ.ബി., മൃഗാശുപത്രി, ഹോമിയോ ആശുപത്രി, കല്ലത്തിച്ചിറ ആരോഗ്യ ഉപകേന്ദ്രം എന്നിവ പ്രവർത്തിക്കുന്നു. |

| | | | |
|---|---|---|---|
| | | | |
| 4 | | **3.72.4 <u>കോസ്റ്റ്ഫോർഡിൽ ഡെപ്പോസിറ്റ്</u>**<br>30.06.98 - ന് 1,45,00,000/- രൂപ 36 പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കോസ്റ്റ്ഫോർഡിൽ ഡെപ്പോസിറ്റ് ചെയ്തതിൽ 35 പ്രവൃത്തികൾ പൂർത്തിയാക്കിയതായും വനിത ഗ്രാമ വ്യവസായ സൊസൈറ്റി കെട്ടിട നിർമ്മാണത്തിനായി നൽകിയ 3,00,000/- രൂപ സ്ഥലം കൈമാറാത്തതു കാരണം വിനിയോഗിച്ചിട്ടില്ലെന്നും കോസ്റ്റ്ഫോർഡ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥലം കൈമാറുന്നതിനോ തുക തിരികെ ഈടാക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല. | മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 16.06.1998- ലെ യോഗത്തിന്റെ 6(35) നമ്പർ തീരുമാനപ്രകാരം 36 നിർമ്മാണ പ്രവൃത്തികൾ കോസ്റ്റ്ഫോർഡ് മുഖേന നിർവ്വഹണം നടത്തുന്നതിന് അനുമതി നൽകുകയും എസ്റ്റിമേറ്റ് തുകയായ 1,45,00,000/- രൂപ 30.05.2008- ൽ അനുവദിക്കുകയും ചെയ്തിരുന്നു. നിർദ്ദേശിച്ച പ്രവൃത്തികളിൽ 35 എണ്ണം പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>കട്ടങ്ങാത്തുകുണ്ട് വനിതാ ഗ്രാമവ്യവസായ സൊസൈറ്റിക്ക് കെട്ടിടം പണിയുന്നതിനായി സ്ഥലം ലഭ്യമാകാത്തതിനാൽ ഇതിനായി നൽകിയ 3,00,000/- രൂപ കോസ്റ്റ്ഫോർഡ് താഴെ ചേർത്തിരിക്കുന്ന പ്രകാരം തിരിച്ചു നൽകിയിട്ടുണ്ട്.<br>1) 3.01.2008 ലെ 93121/54 നമ്പർ രശീത് : 50,000/-രൂപ<br>2) 20.02.2008 ലെ 93122/70 നമ്പർ രശീത് : 50,000/-രൂപ<br>3) 4.4.2008 ലെ ഇന്ത്യൻ ബാങ്ക് തൃശ്ശൂരിന്റെ 774492 നമ്പർ ഡിമാന്റ് ഡ്രാഫ്റ്റ് 1,00,000/- രൂപ<br>4) 09.06.2008 ലെ ഇന്ത്യൻ ബാങ്ക് തൃശ്ശൂരിന്റെ 775030 നമ്പർ ഡിമാന്റ് ഡ്രാഫ്റ്റ് 1,00,000/- രൂപ<br>ആകെ : 3,00,000/- രൂപ് |

| | | | |
|---|---|---|---|
| 5 | | 3.72.5 **<u>കോണിക്കല്ല് കടിവെള്ള പദ്ധതി - 64708/- രൂപ തിരിച്ചീടാക്കിയില്ല</u>**<br>കോണിക്കല്ല് കുടിവെള്ള പദ്ധതി 08.08.2002-ന് ബഹു. ഓംബുഡ്സ്മാൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ 17.06.03 - ലെ സർക്കാർ കത്ത് നം. 3350/ഡി.പി/3/03 എൽ.എസ്.ജി.ഡി പ്രകാരം ഈ പ്രവൃത്തിയിൽ 33,600/- രൂപ നഷ്ടമുണ്ടാക്കിയതായി നിജപ്പെടുത്തിയതിൽ 9092/- രൂപ മാത്രം ഈടാക്കി. ബാക്കി 24508/- രൂപ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. രണ്ടാംഘട്ട പ്രവൃത്തിക്ക് 228.03.2000 - ന് നല്കിയ 40,200/- രൂപയുടെ മുൻകൂറും തിരിച്ചുപിടിച്ചിട്ടില്ല. | ആനക്കയം ഗ്രാമ പഞ്ചായത്തിലെ കോണിക്കല്ല് കുടിവെള്ള പദ്ധതി സംബന്ധിച്ച് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് വകുപ്പ് ശുപാർശ ചെയ്ത നഷ്ടമുണ്ടാക്കിയ പ്രവൃത്തി കൺവീനറായ കെ.ജി.അബ്ദുൽറഹ്മാനിൽ നിന്നും ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ.പി.ഉബൈദുള്ളയിൽ നിന്നും ഈടാക്കുന്നതിനായി 17.06.2003 ലെ 3350/ഡിപി3/2003/തസ്വഭവ നമ്പർ കത്തിൽ നിർദ്ദേശിച്ചിരുന്നു.<br>വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിന് നിഷ്കർഷിച്ച വിധത്തിലുള്ള ഗുണമേന്മയില്ലാത്തതിനാൽ 1,792/- രൂപയും പൈപ്പ് ലൈനിൽ വന്ന കേടുപാടുകൾ പരിഹരിക്കുന്നതിന് 9092/- രൂപയും ഉൾപ്പെടെ 10,870/- രൂപ 1999-2000 വർഷത്തിലെ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും അഡ്ജസ്റ്റ് ചെയ്യുന്നതിനും ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ മോട്ടോർ, പമ്പ് എന്നിവ വാങ്ങിയതിൽ വന്ന അധിക ചെലവായ 22,730/- രൂപ പ്രവൃത്തി കൺവീനർ, ജില്ലാ പഞ്ചായത്ത് മെമ്പർ എന്നിവരിൽ നിന്നും പ്രവൃത്തിയുടെ മേൽനോട്ട ചുമതലക്കാരായിരുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കുന്നതിനും ആണ് ശുപാർശ ചെയ്തിരുന്നത്. ഇതിൽ ജില്ലാ പഞ്ചായത്ത് മെമ്പർ, |

| | | | |
|---|---|---|---|
| | | | കൺവീനർ എന്നിവരിൽ നിന്നും 4,564/- വീതം 14.10.2004 - ലെ 93106/21, 93106/22 നമ്പർ രശീതികൾ പ്രകാരം ഈടാക്കിയിട്ടുണ്ട്. സർവ്വീസിൽ തുടർന്നിരുന്ന അസിസ്റ്റന്റെ എഞ്ചിനീയർ ശ്രീ.എ.പി.രാമചന്ദ്രൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.അബ്ദുൾ സത്താർ എന്നിവരുടെ ഔദ്യോഗിക മേൽവിലാസം അനന്തര നടപടികൾക്കായി 15.01.2005 - ലെ പി2- 1597/00 നമ്പർ കത്തിൽ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ ആയിരുന്ന ശ്രീ.കെ.ജി.ദേവിദാസ് സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തു എന്നും മേൽ കത്തിൽ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം 3.06.2005, 25.06.2007 എന്നീ തീയതികളിലെ പി2 1597/2000 നമ്പർ കത്തുകൾ മുഖേന വീണ്ടും സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിരുന്നു. റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.കെ.അബ്ദുൾ സത്താർ 30.09.2009-ലെ 93130/98 നമ്പർ രശീതി മുഖേന 4,546/- രൂപ ജില്ലാ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. രണ്ടാം ഘട്ട പ്രവൃത്തിക്ക് 27.03.2000 ത്തിൽ നൽകിയ മൊബിലൈസേഷൻ അഡ്വാൻസ് തുകയായ 40,200/- രൂപ 23.08.2006 ലെ 93115/58 നമ്പർ രശീതി മുഖേന ജില്ലാ പഞ്ചായത്തിലേക്ക് തിരിച്ച് അടവാക്കിയിട്ടുണ്ട്. പ്രസ്തുത തുകക്ക് 27.03.2000 |

| | | | |
|---|---|---|---|
| | | | മുതൽ 23.08.2006 വരെയുള്ള കാലയളവിലേക്ക് 12% നിരക്കിലുള്ള പലിശയായി 30,915/-രൂപയും ആർ.ആർ.മേസണറി പ്രവൃത്തിയിലെ നിലവാരക്കുറവിന് പൈപ്പ്ലൈനിന്റെ തകരാറുകൾക്കും ഈടാക്കേണ്ടിയിരുന്ന 10,870/- രൂപയും ഉൾപ്പെടെ മൊത്തം 41,785/- രൂപ 08.04.2010 ലെ93133/04 നമ്പർ രശീതി മുഖേന ജില്ലാ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. |
| 6 | 3.72.6 | 3.72.6 **<u>ചെറുകളമ്പ് - നാറാണത്ത് റോഡ് പുനരുദ്ധാരണം ഉപയോഗിക്കാത്ത സാധനങ്ങളുടെ വിലയും പലിശയും ഈടാക്കിയില്ല</u>**<br>ചെറുകളമ്പ് നാറാണത്ത് റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 4,50,702/- രൂപ കൺവീനർക്ക് നൽകിയതിൽ പാർട്ട് ബില്ലിൽ ഉൾപ്പെട്ടതും ഉപയോഗിക്കാത്തതുമായ മെറ്റൽ വില 1,65,588/- രൂപയും 1,21,945/- രൂപ പലിശയും ( 20.05.06 വരെയുള്ളത് ) സഹിതം ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. | മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 1999-2000 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന നാറാണത്ത് ചെറുകളമ്പ് റോഡ് (കുറവ ഗ്രാമപഞ്ചായത്ത്) ടാറിംഗ് എന്ന പ്രവൃത്തി നിർവ്വഹണം നടത്തുന്നതിന് 29.12.1999 ന് ഇ.ഇ/ഡിപിഡി/എംഐപിപി/45/99-2000 നമ്പരായി കൺവീനറുമായി കരാറിൽ ഒപ്പുവെയ്ക്കുകയും മൊബിലൈസേഷൻ അഡ്വാൻസ് അനുവദിക്കുകയും ചെയ്തിരുന്നു. പിന്നീട് 31.03.2000 - ത്തിൽ ഒന്നാം പാർട്ട് ബിൽ 7.09.200 ത്തിൽ രണ്ടാം പാർട്ട് ബിൽ, പ്രവൃത്തിക്ക് നൽകിയ ടാറിന്റെ വില എന്നിവ ഉൾപ്പെടെ ആകെ 6,77,095/- രൂപ ജില്ലാ പഞ്ചായത്ത് ചെലവഴിച്ചിരുന്നു. ഇതിൽ ഉപയോഗിക്കാത്ത മെറ്റലുകളുടെ വിലയായി 1,65,589/- രൂപയും ആയതിലെ 1.04.2000 മുതലുള്ള നിയമാനുസൃത നിരക്കിലുള്ള പലിശയും കൺവീനറിൽ നിന്നും ഈടാക്കുന്നതിന് നടപടി |

| | | | | |
|---|---|---|---|---|
| | | | | സ്വീകരിച്ചതിൽ 25.04.2007 ന് 1,65,589/- രൂപയും ആയതിലെ 01.04.2000 മുതലുള്ള നിയമാനുസൃത നിരക്കിലുള്ള പലിശയും കൺവീനറിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതിൽ 25.04.2007 ന് 1,65,589/- രൂപയ്ക്ക് 2000 മുതൽ 25.04.2007 വരെയുള്ള കാലയളവിലേക്ക് 12% നിരക്കിൽ പലിശയായി 1,40,458/- രൂപയാണ്. ആയതിൽ 25.04.2007 ന് അടവാക്കിയ 62,280/- രൂപയ്ക്ക് പുറമേ ഈടാക്കാനുണ്ടായിരുന്ന 78,178/-രൂപ ഈടാക്കിയിട്ടുണ്ട്. |
| 7 | | | **3.72.7 <u>എം.ഇ.എസ്. അത്തൻമോയിൻ യത്തീംഖാനയ്ക്ക് പി.ഡി.അക്കൗണ്ടിൽ നിന്ന് അധിക തുക നൽകി</u>**<br>2000-01 സാമ്പത്തിക വർഷത്തിൽ ഗ്രാന്റ് ഇനത്തിൽ എം.ഇ.എസ്. അത്തൻമോയിൻ യത്തീം ഖാന, മാമ്പാടിന് 69,555/- രൂപ അനുവദിക്കുകയും ടി തുകയ്ക്കുള്ള ചെക്ക് ( സി.എ. 326417/24.06.02) നൽകിയതായി ക്യാഷ് ബുക്കും ചെക്കിന്റെ കൗണ്ടർ ഫോയിലും പരിശോധിച്ചതിൽ കാണുകയുണ്ടായി. എന്നാൽ പി.ഡി.അക്കൗണ്ടിന്റെ ട്രഷറി പാസ് ബുക്ക് പ്രകാരം ഈ ചെക്കിനു നേരെ 6,99,555/-രൂപ രേഖപ്പെടുത്തിയിരിക്കുന്നതിനാൽ 630000/- രൂപ യത്തീംഖാന അധികമായി പിൻവലിച്ചതായി കാണുന്നു. ഇക്കാര്യം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും അധിക തുക പലിശ സഹിതം തിരിച്ചീടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. | ഈ വിഷയം സംബന്ധിച്ച് ഈ കാര്യാലയത്തിൽ നിന്ന് ആവശ്യപ്പെട്ട പ്രകാരം 23.01.2017 ന് അത്തൻമോയിൻ യത്തീം ഖാന അധികാരി മെമ്മോറിയൽ ഓർഫനേജ് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം 6955/- രൂപയുടെ ഡി.ഡിയാണ് കൈപ്പറ്റിയതെന്ന് അറിയിച്ചിട്ടുണ്ട്. ടിയാളുടെ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള നാൾവഴി, ലെഡ്ജർ എന്നിവ ഈ കാര്യാലയത്തിൽ ഹാജരാക്കി നേരിൽ ബന്ധപ്പെടുത്തിയിട്ടുണ്ട്. 69,555/- രൂപ കൈപ്പിയതിന് ജില്ലാ പഞ്ചായത്തിൽ ടിയാൻ ലഭ്യമാക്കിയ രസീതിയുടെയും, ബാങ്ക് പാസ് ബുക്കിന്റെയും മറുപടിയുടെയും പകർപ്പ് ഇതോടൊപ്പ് സമർപ്പിക്കുന്നു. ( **അനുബന്ധം - 1**).<br>അനുവദിക്കപ്പെട്ട ചെക്കിൽ കൂടുതൽ തുക |

| | | | |
|---|---|---|---|
| | | | കൈപ്പറ്റിയിട്ടില്ലെന്നും ട്രഷറി രജിസ്റ്ററിൽ തുക പകർത്തി എഴുതിയതിൽ വന്ന തെറ്റാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ അന്നത്തെ 8448-109-96-01 നമ്പർ ഡി.പി.എഫ് അക്കൗണ്ട് പിന്നീട് സർക്കാർ മരവിപ്പിക്കുകയും തുക സർക്കാർ അക്കൗണ്ടിലേക്ക് ഈടാക്കുകയും ചെയ്തിട്ടുള്ളതാണ്. ക്ലറിക്കൽ തലത്തിൽ വന്ന ഒരു അപാകതയാണെന്നും ആരും പണം ദുരുപയോഗം നടത്തിയിട്ടില്ലെന്നും ബോധിപ്പിക്കുന്നു. |



മിനിമോൾ എബ്രഹാം
ഗവ: അഡീഷണൽ സെക്രട്ടറി &
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
തദ്ദേശസ്വയംഭരണ വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്
തിരുവനന്തപുരം, ഫോൺ: 0471- 2518535

# M.E.S. ATHAN MOYIN ADHIKARI MEMORIAL ORPHANAGE

MAMPAD, MALAPPURAM DIST, KERALA. PIN : 676542
PHONE : 04931 - 200358

368/17
24.1.17

7/16/17

Date 23.01.2017

To,

സെക്രട്ടറി
മലപ്പുറം ജില്ലാ പഞ്ചായത്ത്
മലപ്പുറം

സർ,

സൂചന:- ബി1/2892/06-ാം നമ്പർ 11.1.17ലെ കത്ത്.

മേൽ വിഷയം സംബന്ധിച്ച് 23.4.2010 b f. 1159/10-ാം നമ്പരായി ജില്ലാ പഞ്ചായത്ത് സെക്രട്ടറി അവർകളുടെ കത്ത് അനുസരിച്ച് 26.4.2010ൽ ഈ സ്ഥാപനത്തിൽ നിന്നും മറുപടി അയച്ചിരുന്നു. ആയതിന്റെ പകർപ്പുകളും, 69555-രൂപ ~~[illegible]~~ DD യുടെയും രസീത് പകർപ്പും, തുക വരവ് വച്ചിട്ടുള്ള [illegible] [illegible] [illegible] [illegible] 69555രൂപ DD. South Malabar Gramin Bank ന്റെ മമ്പാട് ശാഖയിൽ OSC 273-ാം നമ്പരായി [illegible] 340 രൂപ കമ്മീഷൻ കഴിച്ച് 69215 രൂപ. 5001-ാം നമ്പർ അക്കൗണ്ടിൽ വരവ് വച്ച് കിട്ടിയിട്ടുള്ളതാണ്.

69555രൂപ [illegible] പകരം 5 [illegible] [illegible] [illegible] [illegible]. - [illegible] ഈ സ്ഥാപനത്തിൽ [illegible] [illegible] അറിയിച്ച് കൊള്ളുന്നു

വിശ്വസ്തതയോടെ

SECRETARY
M.E.S. Athanmoyin Athikari
Memorial Yatheemkh
MAM[illegible]

<u>രജി. പോസ്റ്റ്/മടക്കരശീതി സഹിതം</u>

ബി1.1159/10.

മലപ്പുറം ജില്ലാ പഞ്ചായത്ത്,
തിയതി: 23.04.2010

സെക്രട്ടറി,
മലപ്പുറം ജില്ലാ പഞ്ചായത്ത്.

കറസ്പോണ്ടന്റ്,
എം.ഇ.എസ്. ഒത്തൻ അധികാരി മെമ്മോറിയൽ യത്തീംഖാന,
മമ്പാട്.

സർ,

വിഷയം:- മലപ്പുറം ജില്ലാ പഞ്ചായത്ത് - അനാഥാലയങ്ങൾക്കുള്ള ഗ്രാന്റ് - അനുവദിച്ചതിലധികം തുക ട്രഷറിയിൽ നിന്ന് കൈപ്പറ്റിയത് ഈടാക്കുന്നത് - സംബന്ധിച്ച്.

സൂചന: 1). ഈ ഓഫീസിൽ നിന്ന് അനുവദിച്ച 24.6.2002 ലെ 326417 നമ്പർ ചെക്ക് (തുക 69,555/-രൂപ).
2). 2006-07 ലെ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ സമാഹൃത റിപ്പോർട്ട്.

-----

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഈ ഓഫീസിൽ നിന്നും 24.06.2002 ന് ചെക്ക് മുഖേന 69,555/-രൂപ (അറുപത്തി ഒമ്പതിനായിരത്തി അഞ്ഞൂറ്റി അമ്പത്തി അഞ്ച് രൂപ മാത്രം) താങ്കളുടെ സ്ഥാപനത്തിന് അനാഥാലയങ്ങൾക്കുള്ള ഗ്രാന്റായി അനുവദിച്ചിരുന്നു. എന്നാൽ ട്രഷറി പാസ് ബുക്ക് പരിശോധിച്ചപ്പോൾ 69,555/-രൂപക്ക് പകരം 6,99,555/-രൂപ (6,30,000/-രൂപ അധികം) പിൻവലിച്ചതായി കാണുന്നു.

2006-07 ലെ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ സമാഹൃത റിപ്പോർട്ട് (സൂചന 2) പ്രകാരം അധികമായി കൈപ്പറ്റിയ തുകയായ 6,30,000/-രൂപ താങ്കളുടെ സ്ഥാപനത്തിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് അടക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ഈ കത്ത് ലഭിച്ച് 7 ദിവസത്തിനകം ഇത് സംബന്ധിച്ച ഒറിജിനൽ രേഖകൾ (പാസ് ബുക്ക്, രജിസ്റ്ററുകൾ, ഫയലുകൾ മുതലായവ) സഹിതം ജില്ലാ പഞ്ചായത്ത് ഓഫീസിൽ നേരിട്ട് ഹാജരായി വിശദീകരണം നൽകേണ്ടതാണ്. തൃപ്തികരമായ വിശദീകരണത്തിന്റെ അഭാവത്തിൽ ഓഡിറ്റ് റിപ്പോർട്ടിൽ ആവശ്യപ്പെട്ട പ്രകാരം 6,30,000/-രൂപ ഈടാക്കാനുള്ള നടപടികൾ ആരംഭിക്കാൻ ജില്ലാ പഞ്ചായത്ത് നിർബന്ധിതമാകുമെന്ന് അറിയിക്കുന്നു. ഓഡിറ്റ് റിപ്പോർട്ടിലെ ബന്ധപ്പെട്ട ഭാഗത്തിന്റെ പകർപ്പ് ഇതോടൊന്നിച്ച് ചേർക്കുന്നു.

വിശ്വസ്ത

സെക്രട്ട

മലപ്പുറം ജില്ലാപഞ്ചായത്ത്.

## രശീതി

മലപ്പുറം ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 21-06-2002

തീയതിയിലെ A2- 862/2002 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ

2001-02 വർഷത്തെ Grant in aid ഇനത്തിൽ

67,555/= രൂപ (അറുപത്തേഴായിരത്തി അഞ്ഞൂറ്റി അമ്പത്തഞ്ച് രൂപ

രൂപ മാത്രം) സെക്രട്ടറിയിൽ നിന്നും ചെക്ക് മുഖേന കിട്ടി ബോധിച്ചു.

---

ചെക്ക് നമ്പർ: 069 326417 തീയതി: 24/6/2002

---

മലപ്പുറം,
തീയതി:

ഒപ്പ്
പേരും
മേൽവിലാസവും

ADHIKARI MEMORIAL ... P.O. MAMPAD. 676 542

10/7/02

CORRESPONDENT
M.E.S. Athanavin Athikari
Memorial Yatheemkhana
MAMPAD.

| | | |
|---|---|---|
| Govt. GRANT | | |
| As per Grant order A2-592/2002 Cheque No: D(a) 326417 dated 24/6/02 | 69555 | |
| SMG Bank A/c - 5001 | | |
| Grant Cheque deposited | | 69555 - |
| withdrawal - Commission | 340 | 340 - |
| ശമ്പളം | | |
| Cook Sahra. | | 1100 - |
| Sweeper Nafeesa | | 1000 - |
| Asst. Cook Nafees. | | 900 - |
| Other Staff | | 9983 - |
| Total | 172453.60 | 169108.20 |
| Balance | | 3345.40 |
| G. Total | 172453.60 | 172453.60 |

SECRETARY
M.E.S. Athanmoyin Adhikari
Memorial Yatheemkhana
MAMPAD

15/3/19

സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്

ശാഖ: Manjeri

ഫോൺ: 2002-71

സമ്പാദ്യ ബാങ്ക് അക്കൗണ്ട്

നമ്പർ: 5001 / OP

നിക്ഷേപകന്റെ പേര്: MES Orphanage

Manjeri

മേൽവിലാസം:

തൊഴിൽ:

For South Malabar Gramin Bank

Place : Man

Date : 9/8/02

Officer / Manager

MES ATHAN MOYIN ... MEMORIAL ORPHANAGE (stamp)

A. Rasul 04/11/2019

പേര് : MES Orphange Mampad

അക്കൗണ്ട് നമ്പർ: 5001

ലെഡ്ജർ നമ്പർ: op I

ഫോളിയോ നമ്പർ: 471148

| തിയ്യതി | ചെക്ക് നമ്പർ | വിവരങ്ങൾ | പിൻവലിക്കൽ രൂപ പൈ | നിക്ഷേപം രൂപ പൈ | ബാക്കി രൂപ പൈ | ഒപ്പ് |
|---|---|---|---|---|---|---|
| | | Balance 8/9/02 | | | 1933730 | |
| 6/9/02 | | By DC 273/02 | | 69215 | | |
| 9/9/02 | | Grant | | 3600 | 6921530 | |
| 23-9-02 | | Bazaar | | 5000 | 4971530 | |
| 24-9-02 | 127 | To Ibrahim | 3100 | | | |
| 24-9-02 | 135 | To Bazar MED | 1420 | | | |
| " | 128 | To A.K. Joseph | 2875 | | | |
| 25-9-02 | | To [illegible] 8553 | 6275 | | | |
| 28/9/02 | | Cash | | 10000 | | |
| 8/10/02 | | Posty | 12000 | | 8148230 | |
| " | | To MES College | 14420 | | 8004030 | |

2



**3.1 ലക്ഷങ്ങൾ ചെലവഴിച്ചിട്ടും പൂർത്തീകരിക്കാത്ത ലക്ഷ്യം നിറവേറ്റാത്ത പദ്ധതികളെ സംബന്ധിച്ചുള്ള പൊതു നിരീക്ഷണം**

| ക്രമ നം. | ഓ.റി വർഷം | ഖ. നം | സ്ഥാപനത്തിന്റെ പേര് | ചെലവഴിച്ചതുക | പദ്ധതിയുടെ സംക്ഷിപ്ത വിവരണം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| | | | **മലപ്പുറം ജില്ല** | | |
| 25 | 2004-05 | 3(52) | മലപ്പുറം ജില്ലാ പഞ്ചായത്ത് | 360000 | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പ്രോജക്ടിൽ തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ 7-ാം തരം തുല്യതാ പഠിതാക്കളിൽ 5000 പേർക്ക് 72 രൂപ നിരക്കിൽ ഓരോ സെറ്റ് പുസ്തകം നൽകുക |

**3.1. 25**

മേൽ ഖണ്ഡികയിലെ പരാമർശത്തിന് വിദ്യാഭ്യാസ ഉപ ഡയറക്ടർ ലഭ്യമാക്കിയ മറുപടി താഴെ കൊടുക്കുന്നു.

ടി പ്രൊജക്ട് ജി 2004-05 ജില്ലാ സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ ഒരു കോർഡിനേറ്ററാണ് നടത്തിയിരുന്നത്. ടിയാളിൽ നിന്നും ലഭിച്ച റിപ്പോർട്ട് അനുസരിച്ച് തുക 31.03.2005-ന് ആണ് അനുവദിച്ചു നൽകിയിരുന്നത് എങ്കിലും കലണ്ടർ പ്രകാരം ക്ലാസുകൾ സംഘടിപ്പിച്ചിരുന്നു എന്നും അതുവഴി 60 ശതമാനത്തിലധികം വിജയം ഉണ്ടായിരുന്നു എന്നും പ്രോജക്ട് അങ്ങനെ ഉദ്ദേശ്യലക്ഷ്യം നേടിയിരുന്നു എന്നും വിദ്യാഭ്യാസ ഉപ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**3.1.26 മരവന്ത ഐ.എച്ച്.ഡി.പി. കോളനി കുടിവെള്ള പദ്ധതി**

തുടർപ്രവൃത്തികളായ പൈപ്പ് ലൈൻ സ്ഥാപിക്കൽ, പമ്പ് ഹൗസ് നിർമ്മാണം എന്നിവക്കായി 2002-03 സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലാ പഞ്ചായത്ത് 556000/- രൂപ മതിപ്പ ചെലവിൽ ഒരു പദ്ധതി ആവിഷ്കരിച്ചിരുന്നു. പ്രവൃത്തിയുടെ നിർവ്വഹണത്തിനായി ഗുണഭോക്തൃ സമിതി കൺവീനറുമായി 31.03.2003-ൽ 15/2002-03 നമ്പറായി കരാറിൽ ഏർപ്പെടുകയും മൊബിലൈസേഷൻ അഡ്വാൻസ് ആയി 10,00,000/- രൂപ അനുവദിച്ചിരുന്നതുമാണ്. 31.11.2004-ൽ ഈ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | എന്നതാണ് പ്രോജക്ട്. 31-03-2005 -ൽ തുക അനുവദിച്ച നൽകി എന്നാൽ പ്രവർത്തന കലണ്ടർ പ്രകാരമുള്ള ക്ലാസ്സുകൾ നടത്തിയില്ല. പ്രോജക്ട് ലക്ഷ്യം കണ്ടില്ല. | | പ്രവൃത്തിയുടെ 1-ാം പാർട്ട് ബിൽ അനുവദിച്ചിരുന്നു. മൊബിലൈസേഷൻ അഡ്വാൻസ് തുകയായ 10,00,000/- രൂപ കുറവു വരുത്തി ബാക്കി തുകയാണ് കൺവീനർക്ക് അനുവദിച്ചിട്ടുള്ളത്. കൺവീനർ പ്രവൃത്തി പൂർത്തിയാക്കി 457938/- രൂപയുടെ ഫൈനൽ ബിൽ 2007 മാർച്ച് മാസത്തിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ 23.12.2016 -ലെ എ 3/ജനറൽ/16 നമ്പർ കത്ത് പ്രകാരം ടി കുടിവെള്ള പദ്ധതി ഇപ്പോൾ പ്രവർത്തനക്ഷമമാണെന്നും പദ്ധതി പുറത്തൂർ ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിനായി തിരൂർ ബ്ലോക്ക് പഞ്ചായത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. |
| | | 26 | 2004-05 | 3(16) | മലപ്പുറം ജില്ലാ പഞ്ചായത്ത് | 372321 | മരവന്ത ഐ.എച്ച്.ഡി.പി കോളനി കുടിവെള്ള പദ്ധതി - പാർട്ടു ബില്ലിൽ നിന്നും പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി മാത്രമേ നടന്നിട്ടുള്ളൂ. | | ടി കിണറ്റിൽ വെള്ളമുണ്ടെങ്കിലും വേനൽ കാലത്ത് കൂടുതൽ നിറവിത്യാസം കാണപ്പെടുന്നതിനാൽ ഫിൾട്ടർ സ്ഥാപിച്ചെങ്കിൽ മാത്രമേ വിതരണം നടത്താൻ കഴിയുകയുള്ളൂ എന്നതിനാൽ ടി കിണറ്റിൽ നിന്നുള്ള കുടിവെള്ള വിതരണം താൽക്കാലികമായി നിർത്തിവെച്ചിരിക്കുന്നു. നിലവിൽ പഞ്ചായത്തിന്റെ തന്നെ മറ്റൊരു കിണറ്റിൽ നിന്നും ടി ഭാഗത്തേക്ക് വെള്ളം പമ്പ് ചെയ്യുന്നുണ്ട്. പദ്ധതി ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലാണ്. |
| | | 27 | 2004-05 | 3(17) | മലപ്പുറം ജില്ലാ പഞ്ചായത്ത് | 100000 | കുറ്റൂർ നോർത്ത് അരിക്കാട്ടു പറമ്പ് കുടിവെള്ള പദ്ധതി - മുൻകൂർ കൈപ്പറ്റിയതല്ലാതെ പ്രവൃത്തിയിൽ | | **<u>3.1.27 നോർത്ത് അരീക്കാട്ട് പറമ്പ് കുടിവെള്ളം</u>** വേങ്ങര ഗ്രാമപഞ്ചായത്തിലെ മേൽ പദ്ധതിയുടെ കിണർ നിർമ്മാണ പ്രവൃത്തി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | ഒരു പുരോഗതിയുമില്ല. | |
| | | 28 | 2004-05 | 3(20) | മലപ്പുറം ജില്ലാ പഞ്ചായത്ത് | 463414 | കുട്ടശ്ശേരികുളം പട്ടികജാതി കോളനി കുടിവെള്ള പദ്ധതി - പമ്പ് ഹൗസ് വയറിംഗ് നടത്തി മോട്ടോർ സ്ഥാപിക്കൽ നടപടി സ്വീകരിച്ചിട്ടില്ല. | |
| | | 29 | 2004-05 | 3(21) | മലപ്പുറം ജില്ലാ പഞ്ചായത്ത് | 100000 | പാക്കടപ്പുറായ കുടിവെള്ള പദ്ധതി - കുടിവെള്ള പദ്ധതിക്ക് കിണർ കുഴിക്കേണ്ട സ്ഥലം ഏതെന്ന് ഉറപ്പിക്കുന്നതിന് മുമ്പ് മുൻകൂർ നൽകി. | |
| | | 30 | 2004-05 | 3(21)എ | മലപ്പുറം ജില്ലാ പഞ്ചായത്ത് | 100000 | ഓവുങ്ങൽമാട് കുടിവെള്ള പദ്ധതി - പ്രവൃത്തി പൂർത്തിയാക്കുന്നതിന് നടപടിയെടുത്തില്ല | |

എന്നത് 25.01.2011 ലെ ജില്ലാ പഞ്ചായത്ത് ഭരണ സമിതി യോഗം പരിഗണിക്കുകയും മേൽ പ്രവൃത്തി തുടർന്ന് കൊണ്ടുപോകുന്നത് പ്രായോഗികമല്ലാത്തതിനാലും പ്രവൃത്തി പാഴ്ച്ചെലവില്ലാതെ അവസാനിപ്പിക്കുന്നതിന് 4(19)- ാം നമ്പർ ആയി തീരുമാനിച്ചിട്ടുള്ളതാണ്. പദ്ധതി ഉദ്ദേശിച്ചിരുന്ന കോളനി ഭാഗത്ത് ഇപ്പോൾ പനങ്കുഴി ഭാഗത്തു നിന്നുള്ള വേറെ കുടിവെള്ള പദ്ധതിയിൽ നിന്നും വെള്ളം കിട്ടുന്നുണ്ട്.

**3.1.28 കുട്ടശ്ശേരി പറമ്പ് പട്ടികജാതി കോളനി കുടിവെള്ള പദ്ധതി**

പ്രസ്തുത പദ്ധതി കുറച്ചുകാലം മുടങ്ങി കിടന്നെങ്കിലും 9.2.2009 മുതൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. കൊണ്ടോട്ടി നഗരസഭ വാർഡ് 5/505 എന്ന നമ്പർ മോട്ടോർ പുരക്ക് നൽകിയിട്ടുണ്ട്. സുമാർ 40 കുടുംബങ്ങൾ ഗുണഭോക്താക്കളായുള്ള ടി പദ്ധതി നല്ല നിലയിൽ നടന്നു വരുന്നു.

**3.1.29 പാക്കടപ്പുറായ് കുടിവെള്ള പദ്ധതി - ( വേങ്ങര ഗ്രാമപഞ്ചായത്ത്)**

വയലിൽ സ്ഥിതി ചെയ്യുന്ന കുളം രൂപാന്തരപ്പെടുത്തി കരിങ്കല്ലിൽ കെട്ടിയ ഒരു കിണറും മോട്ടോർ പുരയും സ്ഥാപിച്ചതായി കണ്ടു. കറന്റ് കണക്ഷനും ഉണ്ട്. മോട്ടോറും സ്ഥാപിച്ചിട്ടുണ്ട്. കിണറിൽ നിന്നും

| | | | | | | | |
|---|---|---|---|---|---|---|---|
| | | 31 | 2004-05 | 3(23) | മലപ്പുറം ജില്ലാ പഞ്ചായത്ത് | 146754 | ഗണപതിക്കാവ് ഇറിഗേഷൻ പദ്ധതി - കിണർ, പമ്പ്ഹൗസ് എന്നിവ മാത്രം ഭാഗികമായി പൂർത്തിയാക്കി മറ്റു പ്രവൃത്തികൾ ചെയ്തിട്ടില്ല. |
| | | 32 | 2004-05 | 3(24) | മലപ്പുറം ജില്ലാ പഞ്ചായത്ത് | 468795 | എരുമപ്പുഴ പുത്തൻപ്പള്ളി ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി - മോട്ടാർ സ്ഥാപിക്കുകയോ വൈദ്യുതീകരണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. |
| | | 33 | 2004-05 | 3(25) | മലപ്പുറം ജില്ലാ പഞ്ചായത്ത് | 800000 | തിരുനാരായണപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - പുലമന്തോൾ ഗ്രാമ പഞ്ചായത്തുമായി സംയോജിപ്പിച്ച |

സമീപവാസികൾ സ്വന്തം നിലക്ക് മോട്ടോർ സ്ഥാപിച്ചും വെള്ളം എടുക്കുന്നുണ്ട്. ചില വ്യക്തികൾ തമ്മിലുള്ള തർക്കവും പരാതിയും കാരണം പദ്ധതി മുടങ്ങി കിടക്കുകയാണെങ്കിലും അനുവദിച്ച തുക ഉപയോഗിച്ച് പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്.

**3.1.30 - ഓവുങ്ങൽമാട് കുടിവെള്ള പദ്ധതി -**

**പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരമുള്ള പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിക്കുകയും 30.03.07 ന് ബിൽ തുക നൽകുകയും ചെയ്തിട്ടുള്ളതാണ്.**

എ.ആർ. നഗർ ഗ്രാമപഞ്ചായത്തിലെ എൻ.എച്ച് 66 ലെ അത്താണി സ്റ്റോപ്പിൽ നിന്നും തെക്ക് പടിഞ്ഞാറോട്ടുള്ള റോഡിൽ അരീത്തല പള്ളിക്കടുത്ത് തെങ്ങിൽ അലവി ഹാജിയുടെ വീടിനോടു ചേർന്നുള്ള സ്ഥലത്താണ് പദ്ധതിക്കായി വലിയ കോൺക്രീറ്റ് ടാങ്ക് സ്ഥാപിച്ചിരിക്കുന്നത്. വാൽവുകളെല്ലാം ഗ്രിൽ ഇട്ട് സംരക്ഷിച്ചിട്ടുണ്ട്. 300-ഓളം കുടുംബങ്ങൾ ഉപയോഗിക്കുന്നതായി അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു.

**3.1.31 ഗണപതിക്കാവ് ഇറിഗേഷൻ പദ്ധതി ( ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്)**

കാർഷിക ആവശ്യത്തിന് വെള്ളം എത്തിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രസ്തുത പദ്ധതിക്ക വേണ്ടി ഏഴോളം റിംഗുകൾ സ്ഥാപിച്ചുവെങ്കിലും കരിമ്പാറയുടെ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | കൊണ്ട് തയ്യാറാക്കിയ പദ്ധതി പൂർത്തീകരിക്കുന്ന തിനു മുമ്പ് ജില്ലാ പഞ്ചായത്ത് വിഹിതം നൽകി. | | സാന്നിദ്ധ്യവും, തുകയുടെ അപര്യാപ്തതയും കാരണം അന്ന് പുഴയിലെ കിണർ കൂടുതൽ താഴ്ത്താൻ കഴിഞ്ഞില്ല. പമ്പ് ഹൗസും വൈദ്യുതി കണക്ഷനും ഉണ്ട്. നിലവിൽ കിണറിൽ ഏതാനും സ്വകാര്യ വ്യക്തികൾ മോട്ടോർ വെച്ച് സ്വന്തം ആവശ്യത്തിന് വെള്ളം എടുക്കുന്നുണ്ട്. പാറപൊട്ടിച്ച് കുറച്ചു കൂടി ആഴം കൂട്ടുകയും 15 വർഷങ്ങൾക്ക് മുമ്പ് സ്ഥാപിച്ച പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുകയും ചെയ്താൽ ഇത് നല്ല നിലയിൽ കൊണ്ടുപോകാൻ കഴിയുമെന്നതിനാൽ, ആയത് 06.04.19 ന് ചേർന്ന ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക യോഗം, പ്രസ്തുത വിഷയം പരിഗണിക്കുകയും ആയത് സംബന്ധിച്ച നടപടികൾ ഏകോപിക്കുന്നതിന് ഡിവിഷൻ മെമ്പറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br><br>**3.1.32 എരുമപ്പുഴ പുത്തൻപള്ളി ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി -**<br>പറപ്പൂർ ഗ്രാമപഞ്ചായത്തിലെ മേൽ പദ്ധതിയുടെ വൈദ്യുതീകരണ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ വേങ്ങര അസി.എഞ്ചിനീയർ 69862/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും പ്രസ്തുത തുക കെ.എസ്.ഇ.ബി. യിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കി 30.03.07-ന് ഫൈനൽ ബിൽ തുക അനുവദിച്ചിട്ടുണ്ട്. |
| | | 34 | 2004-05 | 3(28) | മലപ്പുറം ജില്ലാ പഞ്ചായത്ത് | 274411 | വറ്റല്ലൂർ കുടിവെള്ള പദ്ധതി - കിണറും പൈപ്പ് ലൈൻ പ്രവൃത്തിയും പൂർത്തിയാക്കി. തുടർനടപടി സ്വീകരിച്ചിട്ടില്ല. | | |
| | | 35 | 2004-05 | 3(29) | മലപ്പുറം ജില്ലാ പഞ്ചായത്ത് | 553567 | രാങ്ങാട്ടൂർ സമഗ്ര കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ  പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല | | |
| | | 36 | 2004-05 | 3(30) | മലപ്പുറം ജില്ലാ പഞ്ചായത്ത് | 390232 | എരിക്കോട് ആസ്ഥാന കുടിവെള്ള പദ്ധതി - പൈപ്പ്ലൈൻ സ്ഥാപിക്കുക എന്ന പ്രവൃത്തി മാത്രം ചെയ്തു. പമ്പ് | | |

| | | | | | |
|---|---|---|---|---|---|
| | | | | | ഹൗസ് നിർമ്മാണം, വൈദ്യുതീകരണം, ജലലഭ്യത ഉറപ്പാക്കൽ എന്നിവ ചെയ്തിട്ടില്ല. |
| 37 | 2004 -05 | 3(31 ) | മലപ്പുറം ജില്ലാ പഞ്ചാ യത്ത് | 4,34,233 +15,300 | ഉണ്ണ്യാൽ കുടിവെള്ള പദ്ധതി - വൈദ്യുതീകരമ പ്രവൃത്തി പൂർത്തിയാക്കിയിട്ടി ല്ല. |
| 38 | 2004 -05 | 3(32 ) | മലപ്പുറം ജില്ലാ പഞ്ചാ യത്ത് | 353772+ 46400 | വാഴക്കുന്ന് മിനിവാട്ടർ സപ്ലൈ സ്കീം - 1999-2000 ൽ ആരംഭിച്ച പ്രവൃത്തി നാളിതു വരെയായിട്ടും പൂർത്തിയായിട്ടില്ല. |
| 39 | 2004 -05 | 3(39 ) | മലപ്പുറം ജില്ലാ പഞ്ചാ യത്ത് | 2,16,000 +310.90 ക്വിന്റൽ ഭക്ഷ്യധാ ന്യം | എസ്. ജി.ആർ.വൈ -8- പ്രവൃത്തികൾ മുൻകൂറും, ഭക്ഷ്യധാന്യവും കൈപ്പറ്റിയിട്ടുണ്ട്. ഒരു പ്രവൃത്തി ഉപേക്ഷിച്ചുവെങ്കിലും |

### 3.1.33 തിരുനാരായണപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

പുലാമന്തോൾ ഗ്രാമപഞ്ചായത്തിലെ 70.11 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിന് 2002-03 സാമ്പത്തിക വർഷത്തിൽ പുലാമാന്തോൾ ഗ്രാമപഞ്ചായത്ത് മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ ധന സഹായത്തോടെ നടപ്പാക്കിയ ഈ പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് അനുവദിച്ച 8 ലക്ഷം രൂപ വിനിയോഗിച്ച് പൂർത്തിയാക്കിയിട്ടുണ്ട് എന്നും പദ്ധതി പ്രവർത്തനക്ഷമമാണെന്നും 10.08.2009- ലെ എ 4-692/09 നമ്പർ കത്തു പ്രകാരം പുലാമന്തോൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പഞ്ചായത്തിലെ ഏക്കർ കണക്കിന് കൃഷി ഭൂമികളിലേക്ക് തൂതപ്പുഴയിൽ നിന്നും ജലസേചന സൗകര്യം എത്തിക്കുന്നതിന് പര്യാപ്തമാണ്. കഴിഞ്ഞ മഹാ പ്രളയത്തിൽ ഇവിടെ സ്ഥാപിച്ചിരുന്ന 25 എച്ച്.പി മോട്ടോർ നശിച്ചു. കിണറും , ടാങ്കും പൂർണ്ണമായും മൂടി വെള്ളം ഒഴുകുകയുണ്ടായി. അന്ന് നശിച്ച മോട്ടോറിനും വയറിംഗിനും പകരം കർഷകർ മുൻകൈ എടുത്ത് പിരിവെടുത്ത് ഒരു 10 എച്ച്.പി മോട്ടോർ വാങ്ങുകയും സ്വിച്ച് ബോർഡ് ഉൾപ്പെടെയുള്ള ഫിറ്റിംഗ്സുകൾ പുതിയത് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി വിജയകരമാണ്.

### 3.1.34 വറ്റല്ലൂർ കുടിവെള്ള പദ്ധതി

കുടിവെള്ള പദ്ധതിയുടെ കിണർ നിർമ്മാണം, വിതരണ ശൃംഖലയുടെ പമ്പിംഗ് മെയിനിന്റെയും പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ കൺവീനർ പൂർത്തിയാക്കിയിട്ടുണ്ടെന്നും ജലനിധിയിൽ

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | മുൻകൂർ 50,000 തിരികെ ഈടാക്കിയിട്ടില്ല | | ഉൾപ്പെടുത്തി ഓവർ ഹെഡ് ടാങ്ക് നിർമ്മാണം, കിണറിന്റെ ആഴം കൂട്ടൽ എന്നീ പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ടെന്ന് 27.11.06 - ലെ കെ.ഡി.പി / ബിഡബ്ല്യ/2006-07 നമ്പർ കത്തിൽ കുറവ് ഗ്രാമ പഞ്ചായത്ത് എൽ.എസ്.ജി.ഡി. അസി: എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 29.09.06-ൽ 253644/- രൂപയുടെ ഫൈനൽ ബില്ലും സമർപ്പിച്ചിട്ടുണ്ട്.<br><br>ഗുണഭോക്തൃവിഹിതമായി 08.03.05 ലെ 93110/53 നമ്പർ രസീത് പ്രകാരം കൺവീനർ 70000/- രൂപ ജില്ലാ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. അധികമായി നൽകിയ 25,364/- രൂപയും കഴിച്ച് ബാക്കി 23190/- രൂപ യഥാർത്ഥത്തിൽ കൺവീനർക്ക് തിരിച്ച് നൽകേണ്ടതായിട്ടുണ്ട്.<br><br>അസി.എഞ്ചിനീയറുടെ 27.11.06 ലെ റിപ്പോർട്ട് പ്രകാരം ഈ പദ്ധതി ജല നിധിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**3.1.35 <u>രാങ്ങോട്ടൂർ സമഗ്ര കുടി വെള്ള പദ്ധതി</u>**<br>കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ രാങ്ങോട്ടൂർ സമഗ്ര കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പൈപ്പ് ലൈൻ നീട്ടൽ ടി പദ്ധതി കമ്മീഷൻ ചെയ്ത് ജനങ്ങൾ വെള്ളം എടുക്കുന്നുണ്ടെന്ന് 06.03.07 ലെ കത്തിൽ പ്രവൃത്തി കൺവീനർ അറിയിച്ചിട്ടുണ്ട്. നിലവിൽ 300 ഓളം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നുണ്ട്.<br><br>**3.1.36 <u>എടരിക്കോട് ആസ്ഥാന കുടിവെള്ള പദ്ധതി</u>**<br>എടരിക്കോട് ആസ്ഥാന കുടിവെള്ള പദ്ധതി - ജില്ലാ |

പഞ്ചായത്തിന്റെ പദ്ധതിയിൽ വിഭാവനം ചെയ്തത് പ്രകാരമുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കി 29.03.2005-ന് ഫൈനൽ ബിൽ നൽകിയിട്ടുള്ളതാണ്. ഈ കുടിവെള്ള പദ്ധതിയുടെ ബാക്കി പ്രവൃത്തികൾ ജലനിധിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയിട്ടുണ്ടെന്ന് 28.12.06-ലെ എ 6/539/06 നമ്പർ കത്ത് മുഖേന എടരിക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പദ്ധതി ലക്ഷ്യം കൈവരിച്ചതിനാലും മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 07.03.2007- ലെ 1(3) നമ്പർ തീരുമാന പ്രകാരം പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് നടത്തുന്നതിനാലും ജില്ലാ പഞ്ചായത്ത് ജില്ലാ പഞ്ചായത്ത് തുടർപ്രവർത്തനങ്ങൾ നടത്തേണ്ടതായിട്ടില്ലാത്തതിനാൽ പദ്ധതി അവസാനിപ്പിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി.

**3.1.37 ഉണ്ണ്യാൽ കുടിവെള്ള പദ്ധതി**

ഈ പദ്ധതി കമ്മീഷൻ ചെയ്ത് പൂർണ്ണമായി പ്രവൃത്തിക്കുന്നുണ്ട് എന്ന് എ 4/361/06 നം. കത്ത് പ്രകാരം എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോൺക്രീറ്റ് ഫില്ലറിൽ സ്ഥാപിച്ച ടി ടാങ്കിന് 40000/- ലിറ്റർ ശേഷിയുണ്ട്. നിലവിൽ 30 ഓളം പൊതുടാപ്പുകൾ വഴി 300 ൽ കൂടുതൽ കുടുംബങ്ങൾ കുടിവെള്ളം ഉപയോഗിക്കുന്നുണ്ട്.

**3.1.38 വാഴക്കുന്ന് മിനി വാട്ടർ സ്കീം**

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 1999-2000 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട കാളികാവ്

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്തിലെ ഈ പദ്ധതിയുടെ സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തിൾ പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിക്കുകയും പദ്ധതി കമ്മീഷൻ ചെയ്യുതുമാണെന്ന് 15.02.2008 ലെ ഡി3- ജി.ഇ/07-08 നമ്പർ കത്ത് പ്രകാരം എൽ,എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**3.1.39 എസ്.ജി.ആർ.വൈ 8 പ്രവൃത്തികൾ**<br>പരാമർശിക്കപ്പെട്ട പ്രവൃത്തികളിൽ ക്രമ നമ്പർ 3- പുന്നമന മംഗലം സിൻഡിക്കേറ്റ് നടപ്പാത, ക്രമ നം.4- പഞ്ഞൻപടി തലൂക്കര നടപ്പാത, ക്രമ നം.6 നാരങ്ങാപൊയിൽ കല്ലേങ്ങൽ റോഡ് പാർശ്വ സംരംക്ഷണം, ക്രമ നം. 7 ഭാരതപ്പുഴയിൽ കിണർ നിർമ്മിക്കൽ, എന്നിവ പൂർത്തീകരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ക്രമ നം.8 - തുറക്കൽകുളം നിർമ്മാണം എന്ന പ്രവൃത്തിയുടെ കൺവീനർ അഡ്വാൻസായി കൈപ്പറ്റിയ തുക 50000/-രൂപ തിരിച്ചടവാക്കിയിട്ടുണ്ട്. ശേഷിക്കുന്ന, ക്രമ നം.1 പൊറ്റക്കടി ഇക്കരത്തോട് പാർശ്വ സംരക്ഷണം ക്രമ നം.5 - വാലൻചേരി രാമൻചിറ റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്നീ പ്രവൃത്തികളുടെ കൺവീനർമാരിൽ നിന്നും മുൻകൂറായി കൈപ്പറ്റിയ തുകയും ഭക്ഷ്യധാന്യത്തിന്റെ വിലയും ജില്ലാ പഞ്ചായത്തിന്റെ അനുമതിയോടെ റവന്യൂ റിക്കവറി മുഖേന ഈടാക്കൽ നടപടി സ്വീകിരിച്ചിട്ടുണ്ട് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. |
| 3 | | **3.58 മലപ്പുറം ജില്ലാ പഞ്ചായത്ത്** | **1. തട്ടത്തലം ശുദ്ധജലവിതരണ പദ്ധതി**<br>നന്നമ്പ്ര ഗ്രാമപഞ്ചായത്തിലെ തട്ടത്തലം |

| | | | |
|---|---|---|---|
| | | **3.58.1 <u>മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടും മുടങ്ങികിടക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ</u>**<br>1999-2000 മുതൽ 2004-2005 വരെയുള്ള വർഷങ്ങളിൽ ആരംഭിച്ച് നാളിതുവരെ പൂർത്തിയാക്കാതെ കിടക്കുന്ന കുടിവെള്ള പദ്ധതികൾക്കായി നൽകിയ മുൻകൂർ തുകയായ 28,75,858/- രൂപ തിരികെ ഈടാക്കുന്നതിന് 08.07.2005 -ലെ 8906/ ഡി.പി3/2005/ തസ്വഭവ സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് നടപടി സ്വീകരിച്ചുവരുന്നില്ല. | ഐ.എച്ച്.ഡി.പി. കോളനിയിലെ 20 പട്ടികജാതി കുടുംബങ്ങൾക്കും പൊതു വിഭാഗത്തിൽപെട്ട 12 കുടുംബങ്ങൾക്കും കുടിവെള്ളം എത്തിക്കുന്നതിനാണ് 1999-2000 വർഷത്തിൽ 9,50,000/- മതിപ്പ ചെലവിൽ മലപ്പുറം ജില്ലാ പഞ്ചായത്ത് ഈ പദ്ധതി ആവിഷ്കരിച്ചത്. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം, സാങ്കേതിക ഉപസമിതിയിൽ നിന്ന് സാങ്കേതികാനുമതി എന്നിവ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 24.03.2000-ന് 143/1999-2000 നമ്പറായി കൺവീനറുമായി കരാർ ഉടമ്പടിയിൽ ഒപ്പ് വെക്കുകയും 25.03.2000 -ൽ മൊബിലൈസേഷൻ അഡ്വാൻസായി 1,00,000/- രൂപ അനുവദിക്കുകയും ചെയ്തിരുന്നു. എസ്റ്റിമേറ്റിൽ 3,19,952/- രൂപ വകയിരുത്തിയ കിണർ നിർമ്മാണം കൺവീനർ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.<br><br>**<u>2.തിണ്ടലം പടിഞ്ഞാറെ പുത്തൻകുളം പട്ടികജാതി കുടിവെള്ള പദ്ധതി</u>**<br>ഈ പ്രവൃത്തിയുടെ കിണർ പൂർത്തിയാക്കി 87249/- രൂപയുടെ ബിൽ കൺവീനർ സമർപ്പിച്ചിട്ടുണ്ട്. നിർമ്മിച്ചിട്ടുള്ള കിണർ നല്ല സ്ഥിതിയിലാണെന്നും ആവശ്യത്തിന് വെള്ളമുണ്ടെന്നും 07.07.2006-ലെ എഇ/എൽഎസ്ജിഡി/ഇഡിവൈആർ നമ്പർ കത്തിൽ ആതവനാട് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കൺവീനർ സമർപ്പിച്ച ബില്ലിൽ നിന്നും ഗുണഭോക്തൃവിഹിതമായി ഈടാക്കേണ്ട 5000/- രൂപ കഴിച്ച് ബാക്കി തുകയായ 82,249/- രൂപ മൊബിലൈസേഷൻ അഡ്വാൻസായി വരവ് |

| | | | |
|---|---|---|---|
| | | | വെച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുകയായ 17,715/- രൂപ എസ്.ബി.ടിയുടെ 20.09.2006-ലെ 178499 നമ്പർ ഡിമാന്റ് ഡ്രാഫ്റ്റ് ആയും ജില്ലാ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. പ്രസ്തുത തുകയുടെ പലിശയിനത്തിലേക്ക് 3000/- രൂപ 16.01.2008- ലെ 93121/100 നമ്പർ രശീതി പ്രകാരം ജില്ലാ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. പലിശയിനത്തിൽ ഇനിയും അടക്കാനുള്ള തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുക വഴി 11,674/- രൂപ ഈടാക്കിയിട്ടുണ്ട്. നിലവിൽ 100 -ൽ അധികം കുടുംബങ്ങൾ പദ്ധതിയിലൂടെ വെള്ളം ഉപയോഗിക്കുന്നുണ്ട്.<br><br>**3.ചെങ്കണ്ടൻപടി കുടിനീർ പദ്ധതി**<br>മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 1999-2000 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടുത്തിയ ചെങ്കണ്ടൻപടി കുടിനീർ പദ്ധതിയുടെ നിർവ്വഹണത്തിനായി കൺവീനർ ശ്രീ. അബു, പരിപ്പിലാങ്ങൽ, വടക്കുംപുറം എന്നായാൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി 31.03.2000-ന് 1 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 3.03.2002 -ന് കൺവീനർ 172878/- രൂപ മൂന്നാം പാർട്ട് ബിൽ സമർപ്പിച്ചിരുന്നു. മൊബിലൈസേഷൻ അഡ്വാൻസ് ഗുണഭോക്തൃവിഹിതം, വിൽപ്പന നികുതി എന്നീ ഇനത്തിൽ 114700/- രൂപ കുറവ് വരുത്തി ബാക്കി 58128/- രൂപ കൺവീനർക്ക് അനുവദിക്കേണ്ടതുണ്ടായിരുന്നു എന്നും എന്നാൽ നാളിതുവരെ ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടില്ല എന്നും ഈ പ്രവൃത്തിയുടെ തുടർ |

നടത്തിപ്പിനുള്ള പ്രവൃത്തികൾ ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയിട്ടുള്ളതിനാൽ പാർട്ട് ബിൽ ഫൈനൽ ആയി കണക്കാക്കി തുടർ നടപടികൾ അവസാനിപ്പിക്കാൻ 23.10.2002 ലെ യോഗത്തിന്റെ 1(5) നമ്പർ തീരുമാനം ആയി ജില്ലാ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പാർട്ട് ബില്ലിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി ഫൈനൽ ബിൽ സമർപ്പിക്കാൻ എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകിയതായും മൊബിലൈസേഷൻ അഡ്വാൻസ് തുകയേക്കാൾ അധികം പ്രവൃത്തി ചെയ്തതിനാലും കൺവീനർക്ക് ഇനിയും തുക നൽകേണ്ടതുണ്ട്. ആയത് നൽകിയിട്ടില്ലാത്തതാണ് ഈ പദ്ധതിയുടെ തുടർ പ്രവൃത്തികൾ ജലനിധിയിൽ ഉൾപ്പെടുത്തിയതിനാൽ കൺവീനർ പ്രവൃത്തി അവസാനിപ്പിച്ചതായി 15.11..03 ന് എൽ.എസ്.ജി.ഡി കുറ്റിപ്പുറം അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത് നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. എന്നും എടയൂർ ഗ്രാമ പഞ്ചയാത്ത് സെക്രട്ടറി 05 5.02.07 ലെഎ 1/09/17 നമ്പർ കത്തിൽ അറിയിച്ചിട്ടുണ്ട്.

**4.വലിയോറ മങ്ങാമാട് കുടിവെള്ള പദ്ധതി**

വേങ്ങര ഗ്രാമപഞ്ചായത്തിലെ വലിയോറ മങ്ങാമാട് കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് 1999-2000 സാമ്പത്തിക വർഷത്തിലാണ് 490000/- രൂപ മതിപ്പ ചെലവിൽ ജില്ലാ പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ചത്. 29.03.2000-ത്തിൽ 170/99-2000 നമ്പറായി കൺവീനറുമായി കരാർ ഉടമ്പടിയിൽ ഒപ്പുവെക്കുകയും 30.03.2000-ൽ 100000/- രൂപ മൊബിലൈസേഷൻ

അഡ്വാൻസ് അനുവദിക്കുകയും ചെയ്തു. പദ്ധതിയുടെ നിർവ്വഹണത്തിനായി ജില്ലാ പഞ്ചായത്തിൽ നിന്നും 20310/- രൂപ വിലയുള്ള പൈപ്പുകൾ നേരിട്ടും 59598/- രൂപയുടെ പൈപ്പുകൾ റെയ്ഡ്കോ മുഖേനയും വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ട്. എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ ഫൈനൽ ബിൽ പ്രകാരം ഈ പ്രവൃത്തിക്ക് പ്രവൃത്തി പൂർത്തിയാക്കി 4,64,264/- രൂപയുടെ ഫൈനൽ ബിൽ ലഭിച്ചിട്ടുണ്ട്. അഡ്വാൻസ് ജില്ലാ പഞ്ചായത്ത് വിതരണം ചെയ്ത് സ്ഥാപനങ്ങളുടെ വിലനികുതികൾ എന്നിവ കഴിച്ച് 36,179/- രൂപ ഇല്ലാതിരുന്നതിനാലാണ് ഇനിയും കൺവീനർക്ക് നൽകേണ്ടതായിട്ടുള്ളത്. എന്നാൽ ചെലവ് സംബന്ധിച്ച വൗച്ചറുകൾ ഹാജരാക്കുന്നതിന് കൺവീനർക്ക് വീഴ്ച സംഭവിച്ചതിനാൽ പ്രസ്തുത തുക ഇതുവരെ അനുവദിച്ചിട്ടില്ല.

**5.അയ്യപ്പൻകാവ് കുടിവെള്ള പദ്ധതി**

കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിലെ അയ്യപ്പൻകാവ് പ്രദേശത്തെ 60 കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കാൻ വേണ്ടിയായിരുന്നു 2002-03 വർഷത്തിൽ പദ്ധതി രൂപീകരിച്ചത്. പദ്ധതി പൂർത്തിയാക്കി 29.03.2007- ലെ ജി 2-10653/03 നമ്പർ നടപടി ഉത്തരവ് പ്രകാരം ഫൈനൽ ബിൽ അനുവദിച്ചിട്ടുണ്ട്.

മൊബിലൈസേഷൻ അഡ്വാൻസായ 50,000/- രൂപയും മറ്റു നിയമാനുസൃതമായ കിഴിവുകളും കുറവു വരുത്തിയതിനു ശേഷമുള്ള തുക മാത്രമാണ് കൺവീനർക്ക് അനുവദിച്ചിട്ടുള്ളത്

| | | | |
|---|---|---|---|
| | | | **<u>6.കുന്നനിക്കുളം കുടിവെള്ള പദ്ധതി</u>**<br>മലപ്പുറം ജില്ലാ പഞ്ചായത്ത് 2003-04 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ കുന്നനിക്കുളം കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി നിർവ്വഹിച്ചത് സിഡ്കോയാണ്. ഈ പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br>എം.പി.ലാഡ്സ്, പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ സഹായത്തോടെയാണ് പദ്ധതി ഇപ്പോൾ നവീകരിച്ചിട്ടുണ്ട്.<br><br>**<u>7.കാളിയാല ശുദ്ധജല വിതരണ പദ്ധതി</u>**<br>മലപ്പുറം ജില്ലാ പഞ്ചായത്ത് 2002-03 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ കാളിയാല ശുദ്ധജല വിതരണ പദ്ധതിക്കു വേണ്ടി കുഴിച്ച കുഴൽ കിണറിൽ മോട്ടോർ ഉപയോഗിച്ച് പമ്പ് ചെയ്യുന്നതിനാവശ്യമായ ജലം ലഭ്യമായിരുന്നില്ല. ഈ കുഴൽ കിണറിൽ ഒരു ഹാന്റ് പമ്പ് സ്ഥാപിച്ച് ഉപയോഗപ്പെടുത്തുന്നതിന് വിട്ടു നൽകണമെന്ന വളാഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ അംഗീകരിച്ചു. പഞ്ചായത്ത് തീരുമാനം 15(4) കുഴൽ കിണർ കുഴിക്കുന്നതിന് കൺവീനർ ചെലവഴിച്ച 40,000/- രൂപ കഴിച്ച് മൊബിലൈസേഷൻ അഡ്വാൻസിൽ അവശേഷിക്കുന്ന 60000/- രൂപ 16.06.09-ലെ 931390/22 നം രശീതി മുഖേന കൺവീനർ തിരിച്ചു നൽകിയിട്ടുണ്ട്. കാളിയാല ശുദ്ധജലവിതരണ പദ്ധതി ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്. ഈ വിഷയത്തിന് ജി3 -3298/03 നമ്പർ ഫയൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | **<u>8.പാക്കടപ്പുറയ കുടിവെള്ള പദ്ധതി</u>**<br>പ്രസ്തുത കുടിവെള്ള പദ്ധതി പ്രവൃത്തി കൺവീനർ പൂർത്തീകരിക്കുകയും ഫൈനൽ ബിൽ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മുൻകൂർ ക്രമപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി മുടങ്ങിക്കിടക്കുന്നത് 06.04.2019- ന് ചേർന്ന ജില്ലാ പഞ്ചായത്ത് ഭരണസമിതി യോഗം പരിഗണിക്കുകയും ആയത് പുനരാരംഭിക്കാനാകുമോ എന്ന് പരിശോധിക്കുന്നതിന് പ്രദേശവാസികളും വേങ്ങര ഗ്രാമപഞ്ചായത്ത് അധികൃതരുമായി സംസാരിക്കുന്നതിന് ഡിവിഷൻ മെമ്പറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br><br>**<u>9. പച്ചീരി കുടിവെള്ള പദ്ധതി</u>**<br>വെട്ടത്തൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന പച്ചീരി എന്ന പ്രദേശത്ത് 5,55,000/- രൂപ മതിപ്പ് ചെലവിൽ ജില്ലാ പഞ്ചായത്ത് ഈ പദ്ധതി ആവിഷ്കരിക്കുകയും, പദ്ധതിക്ക് നാളിതു വരെയായി 4,28,745/- രൂപ ചെലവഴിക്കുകയുണ്ടായും ചെയ്തു.<br>28.1.17 - ലെ എ 1-239/2017 നമ്പർ കത്ത് പ്രകാരം പ്രസ്തുത വിഷയത്തിന്മേൽ വെട്ടത്തൂർ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി താഴെ കൊടുക്കുന്നു.<br>1999-2000 വാർഷിക പദ്ധതിയിലുൾപ്പെട്ട, നിർമ്മാണം തുടങ്ങിയ പദ്ധതിയിൽ ടാങ്ക്, കിണർ, വിതരണ പൈപ്പ് ലൈൻ, ടാങ്ക് നിർമ്മാണം, പമ്പ് ഹൗസ് നിർമ്മാണം, മോട്ടോർ സ്ഥാപിക്കൽ എന്നീ പ്രവർത്തനങ്ങൾ വർഷങ്ങൾക്ക് മുമ്പ് പൂർത്തിയായിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പദ്ധതി പ്രവർത്തനക്ഷമമാക്കാൻ സാധിച്ചിട്ടില്ല. ഇപ്പോൾ കിണർ, മോട്ടോർ വിതരണ പൈപ്പ് ലൈൻ എന്നിവയുടെ അവസ്ഥ 15 വർഷത്തെ കാലപ്പഴക്കം മൂലം സാങ്കേതിക വിദഗ്ദ്ധർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹിച്ചിരുന്ന പ്രസ്തുത പദ്ധതിയുടെ കൺവീനർ മരണപ്പെട്ടുപോയതിനാൽ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ചും, പകരം ആളെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ചും ഉടൻ തന്നെ ഉചിതമായ നടപടി സ്വീകരിക്കുന്നതിന് 06/04/2019-ന് ചേർന്ന ഭരണസമിതി യോഗം തീരുമാനിച്ചിട്ടുണ്ട്.<br><br>**<u>10.വരിക്കോട്ട് ചിറ കണ്ടൻചോല കുടിവെള്ള പദ്ധതി</u>**<br>1999-2000 വർഷത്തെ പദ്ധതിയിൽ 381- ാം നമ്പർ ആയി ഉൾപ്പെടുത്തിയ പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിച്ചതായും എഞ്ചിനീയർ അളവെടുത്തതായും കൺവീനർ അറിയിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട എഞ്ചിനീയർ വിഭാഗം നാളിതു വരെ ഫൈനൽ ബിൽ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. ഫൈനൽ ബില്ലിന്റെ കാര്യത്തിൽ തീർപ്പ കൽപ്പിക്കുന്നതിനു ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയർക്ക് എഴുതി ബിൽ ലഭിക്കുന്ന മുറയ്ക്ക് മുൻകൂറായി നൽകിയ തുക ക്രമപ്പെടുത്തുന്നതാണ്.<br>മേൽ വിഷയം 6.4.2019 ന് ചേർന്ന ജില്ലാ പഞ്ചായത്ത് ഭരണ സമിതി യോഗം പരിഗണിക്കുകയും നിലവിൽ മുടങ്ങികിടക്കുന്ന മേൽ പദ്ധതി പുനരുജ്ജീവിക്കുന്നതിന് സാധ്യത പരിശോധിക്കുന്നതിന് തദ്ദേശ വാസികളുമായും ഗ്രാമ പഞ്ചായത്ത് അധികൃതരുമായും |

| | | | |
|---|---|---|---|
| | | | സംസാരിക്കുന്നതിന് . ഡിവിഷൻ മെമ്പറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br><br>**<u>11. ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ മൈത്ര യത്തിംഖാന കുടിവെള്ള പദ്ധതി</u>**<br>ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ മൈത്ര യത്തിംഖാനക്കുന്ന് പ്രദേശത്ത് കുടിവെള്ളമെത്തിക്കുന്നതിനാണ് ഈ പദ്ധതി ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ചത്. മേൽ പ്രവൃത്തി പൂർത്തീകരിച്ച് 2005 ഡിസംബർ മുതൽ ഉപയോഗിച്ച് വരുന്നതായി അന്നത്തെ സെക്രട്ടറി ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ പൈപ്പ് ലൈനുകൾ ഇപ്പോഴും കാര്യക്ഷമമാണ്. ആ ലൈനിലൂടെയാണ് യത്തിംഖാന നിർമ്മിച്ച കിണറിൽ നിന്നും വെള്ളം എത്തിക്കുന്നുണ്ട്.<br><br>**<u>12. വടക്കയിൽ വട്ടപ്പറമ്പ് കുടിവെള്ള പദ്ധതി</u>**<br>പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ ഇ.ഒ. 05.12.07-ന് അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിക്ക് നൽകിയ മുൻകൂറുകൾ ഫൈനൽ ബില്ലിൽ ക്രമപ്പെടുത്തിയിട്ടുണ്ട്. സുലഭമായി വെള്ളം ലഭിക്കുന്ന പ്രസ്തുത പദ്ധതി നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. |
| 4 | | 3.58.2 **<u>പൊന്നാനി കോൾനില വികസനം - മോട്ടോർ</u>** | **<u>പൊന്നാനി കോൾ നില വികസനം</u>** |

| | | | |
|---|---|---|---|
| | | **<u>വാങ്ങിയതിലെ അപാകതകൾ – പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.</u>**<br><br>പെരുമ്പടപ്പ്, അണ്ടത്തോട്, പൊന്നാനി ബ്ലോക്ക് പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന കോൾനിലങ്ങളിലെ ജലനിർഗമനവും ജലസേചനവും സാധ്യമാക്കുന്നതിനായി 29,50,000/- രൂപയുടെ പദ്ധതി രൂപീകരിച്ചതിൽ 27 മോട്ടോർ വാങ്ങൽ, 16 സ്ഥിരം എഞ്ചിൻ മോട്ടോർപുര, കായൽ ബണ്ടിന്റെ കേടായ ഭാഗം മണ്ണിട്ട് നികത്തൽ എന്നിവ ഉൾപ്പെടുന്നു. എന്നാൽ 27 മോട്ടോർ വിലയായ 13,56,000/- രൂപയ്ക്ക് പുറമേ മറ്റ് അനുബന്ധ പ്രവൃത്തിയുടെ അടങ്കൽ തുക 42,34,000/- രൂപയായി ഉയർത്തുകയും ചെയ്തു. ടെണ്ടർ നിബന്ധനകളും 14-07199- ലെ ജി.ഒ (പി) 68/99 പി.ഡബ്ല്യു.ഡി ഉത്തരവിലെ നിർദ്ദേശങ്ങളും പാലിക്കാതെ മോട്ടോർ വാങ്ങിയതിൽ 1,56,431/- രൂപ നഷ്ടം വന്നിട്ടുണ്ട്. തന്നെയുമല്ല 16 എഞ്ചിൻതറ സ്ഥാപിക്കൽ ലക്ഷ്യമിട്ടിരുന്നതിൽ 12 എണ്ണം പൂർണ്ണമായും 2 എണ്ണം ഭാഗികമായും പൂർത്തിയാക്കി. 2 എണ്ണത്തിന്റെ പണി നടന്നിട്ടില്ല. 16 എണ്ണത്തിന് 2,50,000/- രൂപ വീതം എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും വളരെ കുറഞ്ഞ തുകയ്ക്കാണ് പണി പൂർത്തീകരിച്ചിരിക്കുന്നത്. പ്രസ്തുത പ്രവൃത്തി നിർദ്ദിഷ്ട ഗുണനിലവാരത്തിലാണോ പൂർത്തീകരിച്ചതെന്ന് പരിശോധിക്കേണ്ടതാണ്. | മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2004-05 വർഷത്തെ പ്രോജക്ടായ പൊന്നാനി കോൾനില വികസനം (പ്രൊ.നം. 63/04) പ്രവൃത്തിയുമായി ബന്ധപ്പെട്ട് ടി പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന കൃഷി ഡെ.ഡയറക്ടർ ശ്രീ. ജോസ് മാത്യുവിൽ നിന്ന് നഷ്ടത്തുകയായ 1,56,431/- രൂപ ഈടാക്കുന്നതിന് 20.09.11 ലെ എൽ.എഫ്. 8485/- സ്പെഷ്യൽ സെൽ/ എസ്.സി/5/09 നം. പ്രകാരം എൽ.എഫ്.ഓഡിറ്റ് ഡയറക്ടർ സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയുണ്ടായി. ആയതിനെതിരെ ശ്രീ.ജോസ് മാത്യൂസ് മഞ്ചേരി ജില്ലാ കോടതിയിൽ ഒ.പി. 206/2011( എൽ.എഫ്) നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി. കേസ് നടത്തിവരവെ 2.4.2017 ന് ടിയാൾ മരണപ്പെടുകയുണ്ടായി. മരണപ്പെട്ട ശ്രീ.ജോസ് മാത്യുവിന്റെ വിധവക്കോ മക്കൾക്കോ യഥാസമയം കേസിൽ കക്ഷി ചേരാൻ കഴിയാതിരുന്നതിനാൽ കേസ് abated ആയി 6.11.2017 ന് കോടതി ഉത്തരവായിട്ടുണ്ട്. തുടർന്ന് ടി ജോസ് മാത്യുവിന്റെ വിധവ ശ്രീമതി. അനിതാജോസ് തന്റെ ഭർത്താവിന്റെ പേരിൽ പുറപ്പെടുവിച്ച സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക അടവാക്കാൻ വിധവ തനിക്കും മക്കൾക്കും കഴിയുകയില്ല എന്ന് ബോധിപ്പിക്കുകയും ആയത് ഒഴിവാക്കി കിട്ടുന്നതിന് സർക്കാരിലേക്ക് അപേക്ഷിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് ഭരണ സമിതി മുമ്പാകെ അപേക്ഷിക്കുകയുണ്ടായി. മേൽ വിഷയം 24.07.2018- ലെ ഭരണ സമിതി യോഗം പരിഗണിക്കുകയും ലോക്കൽ ഫണ്ട് ഡയറക്ടറുടെ 07.07.2012 - ലെ എൽ.എഫ്.എം. 23/1297/2012 |

| | | | |
|---|---|---|---|
| | | | നമ്പർ പ്രകാരമുള്ള 1,56,431/- രൂപയുടെ സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക ഒഴിവാക്കി കിട്ടുന്നത് സംബന്ധിച്ച് ശ്രീമതി.അനിതാ ജോസിന്റെ അപേക്ഷ സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് 12(3) നമ്പറായി തീരുമാനിക്കുകയും ആയത് 3.10.2018 - ലെ പി1-3039/07 നമ്പർ കത്ത് പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്<br><br>പ്രസ്തുത പദ്ധതിയിലൂടെ ജലസേചന ജലനിർഗമന സൗകര്യം ഉറപ്പുവരുത്താനും ശരാശരി ഒരു ഹെക്ടറിൽ നിന്നും ആറ് ടൺ വരെ ഉൽപ്പാദനം സാധ്യമാക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിലൂടെ സാധ്യമായിട്ടുണ്ട് എന്ന് കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഡബ്ല്യൂ.എം.) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 5 | 3.58.3 | **3.58.3 എസ്.ജി.ആർ.വൈ. പദ്ധതികൾക്ക് ഭക്ഷ്യധാന്യം നൽകിയതിലെ അപാകത - സബ്സിഡിയിനത്തിൽ വൻ നഷ്ടം**<br>വേതന ഘടകത്തിൽ മനുഷ്യദിനം ഒന്നിന് 10kg ഭക്ഷ്യധാന്യം കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയ പദ്ധതിയിൽ അർഹമായ മനുഷ്യദിനത്തേക്കാൾ കൂടുതൽ മനുഷ്യദിനം കണക്കാക്കിയതും സബ്സിഡി നിരക്കിലുള്ള ഭക്ഷ്യധാന്യം അധികം നൽകിയതും വഴി യഥാക്രമം 16,26,334/- രൂപയും 27,37,391/- രൂപയും നഷ്ടം സംഭവിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷിതത്വവും തൊഴിൽ സുരക്ഷിതത്വവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യം കൈവരിക്കാനുതകും വിധമുള്ള നിർവ്വഹണം ഉണ്ടായിട്ടില്ല. | എസ്.ജി.ആർ.വൈ പദ്ധതിക്ക് ഭക്ഷ്യധാന്യം നൽകിയതിലെ അപാകത - സബ്സിഡിയിനത്തിൽ വൻ നഷ്ടം ( ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 2004-05 ഖണ്ഡിക 3-7) എസ്.ജി.ആർ.വൈ പദ്ധതിക്ക് കേന്ദ്ര സർക്കാർ ധനവിഹിതവും ധാന്യ വിഹിതവും നൽകി വന്നത് ജില്ലയിലെ ഗ്രാമീണ ജനസംഖ്യ, പട്ടികജാതി/ പട്ടികവർഗ്ഗ ജനസംഖ്യ എന്നിവ ആസ്പദമാക്കിയായിരുന്നു. ജില്ലയ്ക്ക് ലഭിക്കുന്ന കേന്ദ്രവിഹിതത്തിന്റെ 85% ൽ കുറയാതെ തൻ വർഷം വിനിയോഗിച്ചാൽ മാത്രമേ തുടർന്നുള്ള വർഷത്തെ വിഹിതം കുറവ് കൂടാതെ ലഭ്യമാവുകയുള്ളൂ. |

| | | | |
|---|---|---|---|
| | | | എസ്.ജി.ആർ.വൈ. മാർഗ്ഗരേഖ പ്രകാരം ഒരു തൊഴിൽ ദിനത്തിന് 10 കിലോഗ്രാം ഭക്ഷ്യധാന്യം ഉറപ്പവരുത്തുകയും , 2(2) ഖണ്ഡിക പ്രകാരം ലേബർ പോർഷന് നൽകിയതിന് ശേഷം ബാക്കി വരുന്ന ഭക്ഷ്യധാന്യം മറ്റ് സ്കീമുകൾക്ക് കൂടി ഉപയോഗിക്കാം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഏപ്രിൽ, മെയ് മാസങ്ങളിൽ ഒന്നാം ഗഡുവും, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ രണ്ടാം ഗഡുവുമാണ് ഭക്ഷ്യധാന്യം വിഹിതം ലഭിച്ചുവന്നിരുന്നത്. പി.ഡി.എസ് സ്കൂൾ ഉച്ചഭക്ഷണ പദ്ധതി എന്നിവയെ ബാധിക്കാത്ത രീതിയിൽ മാത്രമാണ് എഫ്.സി.ഐ. യിൽ നിന്നും സ്കീമിനുള്ള ഭക്ഷ്യധാന്യം വിതരണം ചെയ്തിരുന്നത്. അനുകൂല കാലാവസ്ഥ, തൊഴിലാളികളുടെയും സാധന സാമഗ്രികളുടെയും ലഭ്യത എന്നിവയ്ക്ക് അനുസൃതമായി പ്രവൃത്തികൾ നടപ്പാക്കേണ്ടി വരുന്നതിനാൽ ഭക്ഷ്യധാന്യം എഫ്.സി.ഐ യിൽ ലഭ്യമല്ലാത്തപ്പോഴും പ്രവൃത്തി നടപ്പാക്കേണ്ടി വന്നിട്ടുണ്ട്.<br><br>ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞ, തിരൂരങ്ങാടി ബ്ലോക്ക് അസി.എഞ്ചിനീയർ തയ്യാറാക്കിയ ലേബർ മെറ്റീരിയൽ സ്റ്റേറ്റ്മെന്റും, നൽകിയ ഭക്ഷ്യധാന്യം തമ്മിലുള്ള വിത്യാസം, പ്രവൃത്തി നടപ്പാക്കി വന്ന കാലഘട്ടത്തിൽ തന്നെ തൊഴിലാളികൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്തത് മൂലം സംഭവിച്ചതാണ്. ഫൈനൽ ബില്ല് തയ്യാറാക്കിയപ്പോൾ പ്രസ്തുത തുക അവരുടെ ക്യാഷ് |

| | | | | |
|---|---|---|---|---|
| | | | | പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ ഇടപെടൽ സദുദ്ദേശ്യത്തോടുകൂടിയായിരുന്നു എന്നതും രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കോമ്പ്രിഹെൻസീവ് വാട്ടർ സപ്ലൈ സ്കീം എന്ന പദ്ധതി കൊണ്ട് സാധ്യമായി എന്നതും പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരുന്നതിന് അപേക്ഷിക്കുന്നു. |
| 2007-08 | 3.59 | മങ്കട | വനിതാവ്യവസായ പരിശീലന കേന്ദ്രം - പദ്ധതി ലക്ഷ്യമ നേടിയില്ല | കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.ആർ.ഡി.പി യുടെ ഉപ പദ്ധതിയായി വികസന ബ്ലോക്കുകളിലൂടെ നടപ്പാക്കിയിരുന്ന ഗ്രാമീണരായ ദാരിദ്ര രേഖയ്ക്ക് താഴെയുള്ള തൊഴിൽ രഹിതരായ യുവതിയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന ട്രൈസം പദ്ധതിയുടെ ചുവട് പിടിച്ച് ബ്ലോക്ക് പഞ്ചായത്ത് ദീർഘവീക്ഷണത്തോടെ ആസൂത്രണം ചെയ്ത പദ്ധതിയായിരുന്നു വനിതാ വ്യവസായ പരിശീലനം. ഈ പദ്ധതി മുന്നിൽ കണ്ടുകൊണ്ടാണ് ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ തന്നെ ഈ ആവശ്യത്തിലേക്കായി ഒരു കെട്ടിടം പണിയുന്നതിനുവേണ്ടിയുള്ള പ്രൊജക്ട് വിഭാവനം ചെയ്തു. 2001-2002 വർഷത്തിൽ പ്രോജക്ടിന് തുടക്കം കുറിക്കുകയും 2002-2003 വർഷത്തോടെ കെട്ടിടത്തിന്റെ ഒന്നാം നില പൂർത്തിയാക്കുകയും ചെയ്തു. ഒന്നാം നില കെട്ടിടം സാങ്കേതികമായി പൂർത്തിയായതിനാൽ പരിശീലനം ആരംഭിക്കുക എന്ന ലക്ഷ്യം നേടുന്നതിന് വേണ്ടിയാണ് ഇലക്ട്രോണിക് ചോക്ക് നിർമ്മാണം, ഫുഡ് പ്രോസസിംഗ് തുടങ്ങിയ പരിശീലന പരിപാടിക്ക് ആവശ്യമായ ഉപകരണങ്ങൾ 2003-2004 വർഷത്തിൽ വാങ്ങിച്ചത്. എന്നാൽ കെട്ടിടത്തിന്റെ വൈദ്യുതീകരണ പ്രവർത്തികൾക്കായി 2004-05 വർഷത്തിൽ തുക വകയിരുത്തിയെങ്കിലും വൈദ്യുതീകരണ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോഴുള്ള സാങ്കേതിക പ്രയാസങ്ങളിൽ കുരുങ്ങി വൈദ്യുതീകരണ പ്രവൃത്തിയും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്ന നടപടിയും നീണ്ടുപോവുകയാണ് ചെയ്തത്. 2 വർഷം കൊണ്ട് കെട്ടിടം പണി പൂർത്തീകരിക്കുകയും 3- ാം വർഷം പരിശീലനം ആരംഭിക്കുകയും ചെയ്യുമെന്ന ആസൂത്രിതമായ ഒരു പദ്ധതിയാണ് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയും, ബ്ലോക്ക് പഞ്ചായത്ത് ആസൂത്രണ സമിതിയും ഇതുകൊണ്ട് വിഭാവനം ചെയ്തെങ്കിലും സാങ്കേതികമായ പ്രയാസങ്ങൾ കാരണം പദ്ധതി നീണ്ടുപോകുകയാണ് ചെയ്തത്. എങ്കിലും വാങ്ങിയ പരിശീലന ഉപകരണങ്ങൾ കേട് കൂടാതെ ഭദ്രമായി സൂക്ഷിക്കുകയും പരിശീലന പരിപാടിക്ക് |

| | | | | |
|---|---|---|---|---|
| | | | | വേണ്ടി ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. പരിശീലന കാലയളവിൽ ഉപകരണങ്ങൾക്ക് മെയിന്റനൻസ് ഇനത്തിലോ റിപ്പയറിംഗ് ഇനത്തിലോ അധിക തുക ചിലവഴിക്കേണ്ടതായി വന്നിട്ടില്ല. |
| 2007-08 | 3.60.1 | പെരിന്തൽമണ്ണ | <u>കുടിവെള്ള പദ്ധതിയുടെ പ്രവൃത്തിയ്ക്ക് മുൻകൂർ നൽകിയ 75,020/- രൂപ ബില്ലിൽ നിന്നും കുറവ് ചെയ്തില്ല .</u><br><br>ഓർക്കോട്ടുപറമ്പ് പട്ടികജാതി കോളനി കുടിവെള്ള പദ്ധതിയുടെ ഫൈനൽ ബില്ലിൽ നിന്നും മുൻകൂറുകൾ കുറവു ചെയ്തപ്പോൾ റെയ്ഡ്കോയ്ക്ക് സാധന വിലയായി അനുവദിച്ച 75,020/- രൂപയുടെ മുൻകൂർ കുറവു ചെയ്തിട്ടില്ല. | തുക 75,020/- രൂപ അടവാക്കാൻ ഉണ്ടായിരുന്നെങ്കിലും 37,500/- രൂപ 28.10.2014 ന് പ്രവൃത്തിയുടെ കൺവീനർ ശ്രീ.നാരായണൻ അടവാക്കിയിട്ടുണ്ട്. ബാക്കി തുക അടവാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നതായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 2007-08 | 3.61 | കുറ്റിപ്പുറം | <u>**മരാമത്ത് പ്രവൃത്തികളിൽ നിന്നുള്ള തുക ഗുണഭോക്തൃ കമ്മിറ്റി കൺവീനർക്ക് നൽകിയത്**</u><br>• ആഡിറ്റ് വർഷം/ഖണ്ഡിക 2-3/3(8) ഉറവൻ പള്ളിയാൽ കാരാട്ടുചിറ റോഡിന് പാർശ്വ ഭിത്തി അധിക തുക നൽകി | 2001-02 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇ എ എസ് വിഹിതവും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതിയാണ് വളാഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഉറവൻ പള്ളിയാൽ കാരാട്ട് ചിറ തോട് പാർശ്വഭിത്തി കെട്ടി സംരക്ഷണം. പ്രസ്തുത മരാമത്ത് പ്രവൃത്തി ഗുണഭോക്തൃ സമിതി കൺവീനർ മുഖേനയാണ് നടപ്പിലാക്കിയിരിക്കുന്നത്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചപ്പോൾ ഫൈനൽ ബില്ലിൽ പദ്ധതി നിർവ്വഹണത്തിന് ചെലവഴിച്ച തുകയോടൊപ്പം പർച്ചേസ് ടാക്സ് (5.6%), വെൽഫയർ ഫണ്ട്(1%) എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത തുക കണക്കിലെടുത്താണ് പർച്ചേസ് ടാക്സ് കണക്കാക്കിയിരിക്കുന്നത്. ബാക്കി തുക ധാന്യമായി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ മുഖേനയാണ് വിതരണം ചെയ്തിരിക്കുന്നത്. ആയതിനാൽ ധാന്യവിഹിതത്തിന് പർച്ചേസ് ടാക്സ് കണക്കാക്കിയിട്ടില്ല. കൺവീനറിൽ നിന്നും ടാക്സ് ഇനത്തിൽ പിടിച്ച തുക തിരികെ നൽകിയതായാണ് ഫയലിൽ കാണുന്നത്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ മുഖേന വിതരണം ചെയ്യുന്ന ധാന്യത്തിന്റെ പർച്ചേസ് ടാക്സ് ബ്ലോക്ക് പഞ്ചായത്ത് മുഖേന ഈടാക്കേണ്ടതില്ലാത്തത് മൂലമായിരിക്കണം പ്രസ്തുത തുക കൺവീനർക്ക് തിരികെ നൽകിയത്. ഈ സാഹചര്യം പരിഗണിച്ച് ഓഡിറ്റ് പരാമർശം |

| | | | |
|---|---|---|---|
| | | | ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു. |
| | | • ആഡിറ്റ് വർഷം/ഖണ്ഡിക 2002-03/3(12) മാറാക്കര ഗ്രാമപഞ്ചായത്ത് മരുതിൻചിറ റോഡിന് പാർശ്വഭിത്തി | 2001-02 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇ എ എസ് വിഹിതവും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതിയാണ് മാറാക്കര ഗ്രാമപഞ്ചായത്തിലെ മരുതിൻചിറ തോട് പാർശ്വഭിത്തി കെട്ടി സംരക്ഷണം. പ്രസ്തുത മരാമത്ത് പ്രവൃത്തി ഗുണഭോക്തൃ സമിതി കൺവീനർ മുഖേനയാണ് നടപ്പിലാക്കിയിരിക്കുന്നത്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചപ്പോൾ ഫൈനൽ ബില്ലിൽ പദ്ധതി നിർവ്വഹണത്തിന് ചെലവഴിച്ച തുകയോടൊപ്പം പർച്ചേസ് ടാക്സ് (5.6%), വെൽഫയർ ഫണ്ട് (1%) എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കൺവീനർക്ക് പണമായി നൽകിയിരിക്കുന്നത് 8,54,814/- രൂപയാണ്. പ്രസ്തുത തുക കണക്കിലെടുത്താണ് പർച്ചേസ് ടാക്സ് കണക്കാക്കിയിരിക്കുന്നത്. ബാക്കി തുക ധാന്യമായി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ മുഖേനയാണ് വിതരണം ചെയ്തിരിക്കുന്നത്. കൺവീനറിൽ നിന്നും ടാക്സ് ഇനത്തിൽ പിടിച്ച തുക തിരികെ നൽകിയതായാണ് ഫയലിൽ കാണുന്നത്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ മുഖേന വിതരണം ചെയ്യുന്ന ധാന്യത്തിന്റെ പർച്ചേസ് ടാക്സ് ബ്ലോക്ക് പഞ്ചായത്ത് മുഖേന ഈടാക്കേണ്ടതില്ലാത്തത് മൂലമായിരിക്കണം പ്രസ്തുത തുക കൺവീനർക്ക് തിരികെ നൽകിയത്. ഈ സാഹചര്യം പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു. |
| | | • ആഡിറ്റ് വർഷം /ഖണ്ഡിക 2002-03/3(16) കുറ്റിപ്പുറം പഞ്ചായത്ത് കിടാപ്പല ചോല വടക്കത്ത് തോടിന് പാർശ്വഭിത്തി സംരക്ഷണം | 2001-02 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇ എ എസ് വിഹിതവും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതിയാണ് കുറ്റിപ്പുറം പഞ്ചായത്തിലെ കിടാപ്പല ചോല വടക്കത്ത് തോടിന് പാർശ്വഭിത്തി സംരക്ഷണം. പ്രസ്തുത മരാമത്ത് പ്രവൃത്തി ഗുണഭോക്തൃ സമിതി കൺവീനർ മുഖേനയാണ് നടപ്പിലാക്കിയിരിക്കുന്നത്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചപ്പോൾ ഫൈനൽ ബില്ലിൽ പദ്ധതി നിർവ്വഹണത്തിന് ചെലവഴിച്ച തുകയോടൊപ്പം പർച്ചേസ് ടാക്സ് (5.6%), വെൽഫയർ ഫണ്ട് (1%) എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കൺവീനർക്ക് പണമായി നൽകിയിരിക്കുന്നത് 8,54,814/- രൂപയാണ്. പ്രസ്തുത തുക കണക്കിലെടുത്താണ് |

| | | | | |
|---|---|---|---|---|
| | | | | പർച്ചേസ് ടാക്സ് കണക്കാക്കിയിരിക്കുന്നത്. ബാക്കി തുക ധാന്യമായി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ മുഖേനയാണ് വിതരണം ചെയ്തിരിക്കുന്നത്.<br>മലപ്പുറം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ 15.11.2003 ലെ പി 5-1366/2003/എം ആർ ഡി എ കത്തിലെ നിർദ്ദേശ പ്രകാരം ഭക്ഷ്യധാന്യത്തിന്റെ നികുതി ഈടാക്കേണ്ടതില്ലെന്ന നിർദ്ദേശമനുസരിച്ച് ഈയിനത്തിൽ ഈടാക്കിയ തുക കൺവീനർക്ക് 17-11-2003 ലെ ചെക്ക് നമ്പർ 878638 പ്രകാരം തിരികെ നൽകിയതായാണ് ഫയലിൽ കാണുന്നത് . ഈ സാഹര്യം പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു. |
| **2008-09** | 3.10.2 | തിരൂർ | **<u>സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം നൽകിയത് ദുരുപയോഗം ചെയ്തു സംബന്ധിച്ച്</u>**<br><br>സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം നൽകിയതിന്റെ ചെലവ് സംബന്ധമായ വിശദാംശം നേരിൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണപ്പെട്ടു<br><br>1) കക്ക സംസ്കരണ പാക്കേജ് (പ്രൊ. നം. 32/03) ഒരു ലക്ഷം രൂപ ചെലവഴിച്ചുവെങ്കിലും ഏകദേശം 1000/- രൂപ പോലും വിലമതിക്കാത്ത ഒരു ഓലഷെഡ്ഡും മൺചൂളയും മാത്രമാണ് പരിശോധനയിൽ കാണപ്പെട്ടത്. | **<u>1) കക്ക സംസ്കരണ പാക്കേജ്</u>**<br><br>മംഗലം, വെട്ടം, പുറത്തൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ പാവപ്പെട്ട കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യം വെച്ചുകൊണ്ട് പ്രസ്തുത പ്രദേശത്തെ മത്സ്യത്തൊഴിലാളികൾ അംഗങ്ങളായ സ്വയം സഹായ സംഘങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ച് പദ്ധതി നടപ്പിലാക്കാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. അപേക്ഷ ക്ഷണിച്ചതനുസരിച്ച് പുറത്തൂർ ഗ്രാമ പഞ്ചായത്തിലെ പടിഞ്ഞാറെക്കരയിൽ പ്രവർത്തിച്ചിരുന്ന സമുദ്ര സ്വയംസഹായ സംഘം, വെസ്റ്റേൺ വൈറ്റ് സ്വയം സഹായ സംഘം എന്നിവയിൽ നിന്നും അപേക്ഷ ലഭ്യമാകുകയും മേൽ സംഘങ്ങളെ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 27.03.03 - ലെ 3(10) നമ്പർ തീരുമാന പ്രകാരം തെരഞ്ഞെടുത്ത ടി സംഘങ്ങൾക്ക് മുൻകൂർ ആയി 25,000/- രൂപ വീതം അനുവദിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ യഥാക്രമം ചെക്ക് നം. 263673 തീയ്യതി 31.03.03 ചെക്ക് നം. 263672, തീയ്യതി 31.03.03 പ്രകാരം മേൽ സംഘങ്ങൾക്ക് അനുവദിച്ചു. ആദ്യ ഗഡു വിനിയോഗിച്ചതിന് മോണിറ്ററിംഗ് സമിതിയുടെ സാക്ഷ്യപത്രം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ യഥാക്രമം ചെക്ക് നം. 948754 തീയ്യതി 19.03.04, ചെക്ക് നം. 948753 തീയ്യതി 19.03.04 പ്രകാരം മേൽ സംഘാങ്ങൾക്ക് 25,000/- രൂപ വീതം വീണ്ടും അനുവദിച്ചു. പ്രസ്തുത സംഘം 3 വർഷക്കാലത്തോളം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവച്ചതായി അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ.പി.ഉണ്ണീൻകുട്ടി |

| | | |
|---|---|---|
| | 2) നാളികേര സംസ്കരണം (പ്രൊ നം. 030/03)-3 ലോഡ് കരിങ്കല്ല് തനിയെ പാക്ക് ചെയ്ത് രൂപത്തിൽ അട്ടിവച്ചതു മാത്രമാണ് പരിശോധനയിൽ കാണപ്പെട്ടത്.<br><br>3) ആട് ഫാമിന് ഭൗതിക സാഹചര്യം ഒരുക്കൽ ( പ്രൊനം.031/05) - 4,01,000/- രൂപ ചെലവഴിച്ചുവെങ്കിലും കെട്ടിടത്തിന്റെ തറയും കുറച്ച് പില്ലറുകൾ കെട്ടിയതും മാത്രമാണ് സൈറ്റിൽ കാണപ്പെട്ടത്.<br><br>സംഘങ്ങൾക്ക് നൽകിയ ധനസഹായത്തിന്റെ വിനിയോഗം സംബന്ധിച്ച് അന്വേഷണം വേണ്ടതാണ്. | 08.06.2012- ന് ബ്ലോക്ക് പഞ്ചായത്തിന് സമർപ്പിച്ച കത്തിൽ പറയുന്നു. മേൽ പ്രസ്താവിച്ച സംഘങ്ങൾക്ക് അനുവദിച്ച 1,00,000/- രൂപ പാഴ്ചെലവല്ലെന്നും ഇക്കാരണത്താൽ തന്നെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ടി സെക്രട്ടറിയ്ക്കെതിരെ പുറപ്പെടുവിച്ച സർചാർജ്ജ് നടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കുന്നതിനും ശ്രീ. പി. ഉണ്ണീൻകുട്ടി ബ്ലോക്ക് പഞ്ചായത്തിനോട് അപേക്ഷിച്ചിട്ടുണ്ട്. ഇക്കാര്യം ഭരണസമിതി യോഗത്തിൽ ചർച്ച ചെയ്യുകയും പ്രോജക്ട് നമ്പർ 32/03 പ്രകാരം നടപ്പിലാക്കി. കക്ക സംസ്കരണം എന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമൊന്നും ഉണ്ടാക്കാത്ത സാഹചര്യത്തിൽ ശ്രീ.പി.ഉണ്ണീൻകുട്ടി, റിട്ട. ബി.ഡി.ഒ നൽകിയ വിശദീകരണത്തിന്റെ ഓഡിറ്റ് പരാമർശത്തിൽ നിന്നും ഒഴിവാക്കണമെന്ന് ബഹു നിയമസഭാസമിതിയോട് അപേക്ഷിക്കുന്നു.<br><br>**2 ) <u>നാളികേര സംസ്കരണം</u>**<br><br>തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ട് നമ്പർ 30/03 പ്രകാരം നടപ്പിലാക്കിയ നാളികേര സംസ്കരണം എന്ന പദ്ധതിയിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ.പി.ഉണ്ണീൻകുട്ടിക്കെതിരെ സർചാർജ്ജ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സർചാർജ്ജ് നടപടികൾ തുടർന്നു വരുന്നു. ഗ്രാമ വികസന കമ്മീഷണറുടെ 26.04.12- ലെ 29712/ഡി.പി.3/2011 ഗ്രാ.വി.ക നമ്പർ കത്ത് പ്രകാരം, മേൽ പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് മംഗലം ഗ്രാമ പഞ്ചായത്തിൽ പ്രതീക്ഷ സ്വയംസഹായ സംഘം പ്രസിഡന്റിന്റെ പേരിൽ വാങ്ങിയ 9.725 സെന്റ് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയായി തിരിച്ചുപിടിക്കുന്നതിനും ഇതിലേക്കായ ചെലവായ 40,000/- രൂപ ഒഴിവാക്കി ബാക്കി 50,000/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും തിരിച്ചുപിടിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. നാളികേര സംസ്കരണം എന്ന പ്രോജക്ടിനായി വാങ്ങിയ സ്ഥലം 9.725 സെന്റ് 01/10/2014- ന് പ്രതീക്ഷ സ്വയം സഹായ സംഘത്തിന്റെ പ്രസിഡന്റിന്റെ പേരിൽ തിരികെ രജിസ്റ്റർ ചെയ്ത് വാങ്ങിയിട്ടുണ്ട്.<br>50,000/- രൂപ തിരിച്ചടവാക്കാൻ ശ്രീ. പി.ഉണ്ണീൻകുട്ടിയോട് |

| | | | | |
|---|---|---|---|---|
| | | | | ആവശ്യപ്പെട്ടതനുസരിച്ച് ടിയാൾ പ്രോജക്ട് സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ച് മറുപടി സമർപ്പിക്കുകയാണുണ്ടായത്. പ്രോജക്ട് നമ്പർ 30/03 പ്രകാരം നടപ്പിലാക്കിയ നാളികേര സംസ്കരണം എന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമൊന്നും ഉണ്ടാക്കിയിട്ടില്ലെന്ന് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി വിലയിരുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ.പി.ഉണ്ണീൻകുട്ടി, റിട്ട. ബി.ഡി.ഒ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടത്തുകയായി കാണിച്ചിരുക്കുന്ന 50,000/- രൂപ ടി ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നത് ഒഴിവാക്കണമെന്ന് ബഹു നിയമസഭായമിതിയോട് അപേക്ഷിക്കുന്നു.<br><br>3) **<u>ആട് ഫാമിന് ഭൗതിക സാഹചര്യം ഒരുക്കൽ</u>**<br><br>ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫയലുകൾ കണ്ടെത്താൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ നിലവിൽ വ്യക്തമായ മറുപടി സമർപ്പിക്കുവാൻ സാധിക്കില്ലെന്നും സ്ഥലം സന്ദർശിച്ച് തെളിവെടുപ്പ് നടത്തി റിപ്പോർട്ട് സമർപ്പിക്കാമെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 2010-11 | 5.6.7.1 | തിരൂരങ്ങാടി | എസ്.ജി.ആർ.വൈ പദ്ധതിയിൽ ചുവടെ ചേർത്ത വർക്കുകളുടെ കൺവീനർമാർ കരാർവെച്ച് അഡ്വാൻസ് തുക കൈപ്പറ്റിയ ശേഷം പ്രവൃത്തി നിർവ്വഹിക്കുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല.<br><br>കാളം തിരുത്തി - പൂക്കളങ്ങര റോഡ് പുരോഗമനം(എസ്.ജി.ആർ.വൈ 2005-06) നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് ഗുണഭോക്തൃ സമിതി കൺവീനർ ▯ ശ്രീ.ഷംസുദ്ദീൻ കരാർ നമ്പർ 32/05 -06/03.01.06, എസ്റ്റി. തുക - 10 | കാളം തിരുത്തി - പൂക്കളങ്ങര റോഡ് പുരോഗമനം എന്ന പ്രവൃത്തിയുടെ കൺവീനർ കറ്റിയിൽ ഷംസുദ്ദീൻ , S/o കുഞ്ഞിമൊയ്തീൻ കുട്ടി എന്നയാളിൽ നിന്നും 50,000/- രൂപ 12% പലിശ ഉൾപ്പെടെ 92,247/- രൂപ റസീപ്റ്റ് നമ്പർ 90, തീയതി 22/02/2013 പ്രകാരം ഈടാക്കുകയും തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടായ ബി പി എഫ് എ-1 ലേക്ക് 23/02/2013ാം തീയതി അടവാക്കുകയും ചെയ്തിട്ടുണ്ട്.<br><br>കിഴക്കുംപാടം ഫീൽഡ് ബോത്തി എന്ന പ്രവൃത്തിയുടെ കൺവീനർ ശ്രീ മണക്കടവൻഅലവി S/o അവറാൻ, വെളിമുക്ക് എന്നയാളിൽ നിന്നും 50,000/- രൂപ 12% പലിശ ഉൾപ്പെടെ 92,247/- രൂപ റസീപ്റ്റ് നമ്പർ 92, തീയതി 22/02/2013 പ്രകാരം ഈടാക്കുകയും തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടായ ബി പി എഫ് എ-1 ലേക്ക് 23/02/2013ാം തീയതി അടവാക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| ലക്ഷം അഡ്വാൻസ് - 50000.<br>കിഴക്കുംപാടം ഫീൽഡ് ബോത്തി മുന്നിയൂർ ഗ്രാമ പഞ്ചായത്ത് ( എസ്.ജി.ആർ.വൈ 2005-06) ഗുണഭോക്തൃ സമിതി കൺവീനർ മണക്കടവൻ അലി. കരാർ നമ്പർ 30/05 -06/31.01.06, എസ്റ്റി. തുക - 5 ലക്ഷം - അഡ്വാൻസ് - 50000/-.<br>ചീർപ്പിങ്ങൽ ന്യൂകട്ട് റോഡ് പുനരുദ്ധാരണം - പരപ്പനങ്ങാടി ഗ്രാമ പഞ്ചായത്ത് ( എസ്.ജി.ആർ.വൈ 2005-06) ഗുണഭോക്തൃ സമിതി കൺവീനർ ശ്രീ.കുളത്ത് കോയക്കുട്ടി എസ്റ്റിതുക 10 ലക്ഷം രൂപ. അഡ്വാൻസ് - 50,000/-<br><br>20.12.06- ലെ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി തീരുമാനം 7 ( എ) പ്രകാരം അഡ്വാൻസ് തുക പലിശ സഹിതം തിരിച്ചുപിടിക്കാൻ തീരുമാനിച്ചു. എന്നാൽ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക്, മേൽനോട്ടചുമതലയുള്ള ഹെഡ് ക്ലാർക്ക്, ബ്ലോക്ക് സെക്രട്ടറി എന്നിവരുടെ ഭാഗത്തുനിന്നും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് തീയതി ( 5.2.10) വരെ കാലയളവിൽ 1.5 ലക്ഷം രൂപയ്ക്ക് 18% പലിശ സഹിതം ( 108000/- രൂപ ആകെ) 258000/- രൂപ തിരിച്ചു പിടിക്കണം. തുക തിരിച്ച് | ചീർപ്പങ്ങൽ ന്യൂകട്ട് റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ കൺവീനർ കുളത്ത് കോയക്കുട്ടി S/o മൊയ്തീൻ ചീർപ്പിങ്ങൽ , പാലത്തിങ്ങൽ, ഉള്ളണം എന്നയാളിൽ നിന്നും 50,000/- രൂപ 12% പലിശ ഉൾപ്പെടെ 92,247/- രൂപ റസീപ്റ്റ് നമ്പർ 90, തീയതി 22/02/2013 പ്രകാരം ഈടാക്കുകയും തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടായ ബി പി എഫ് എ-1 ലേക്ക് 23/02/2013ാം തീയതി അടവാക്കുകയും ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | പിടിക്കുന്നതിൽ വീഴ്ച വരുത്തിയ സെക്ഷൻ ക്ലാർക്ക്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ ഉത്തരവാദികളാണ്. | |
| 2013-14 | 4.9 | അരീക്കോട് | <u>ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതിയിൽ വ്യാപകമായ ക്രമക്കേടുകൾ</u><br><br>ഒരേ ഗുണഭോക്താക്കൾക്ക് 2 തവണ ആനുകൂല്യം നൽകിയിതിലൂടെ 8,00,031/- രൂപയുടെ നഷ്ടം. | ഗുണഭോക്താക്കൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഗ്രാമ പഞ്ചായത്തിൽ നിന്നും വീട്ടു നിർമ്മാണത്തിനുവേണ്ടി 2 തവണ തുക നൽകി. മേൽ തുക തിരിച്ചുപിടിക്കുന്നതിനു വേണ്ടി റവന്യൂ റിക്കവറി നടപടകൾക്ക് സമർപ്പിച്ചപ്പോൾ ഗുണഭോക്താക്കൾ ഹൈക്കോടതിയിൽ wp(c)3447/2016 ആയി കേസ് ഫയൽ ചെയ്തു. പ്രസ്തുത കേസ് തീർപ്പായിട്ടില്ല.<br>മാത്രമല്ല, വിജിലൻസ് കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ കേസ് അന്വേഷണം പൂർത്തിയായിട്ടില്ല.<br>ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് നഷ്ടത്തിനുത്തരവാദിയായ ശ്രീമതി. കെ.പി.മിനിമോൾ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ജോയിന്റ് ബി.ഡി.ഒ (ആർ.എച്ച്) എന്നിവർക്കെതിരെ സർചാർജ്ജ് നോട്ടീസും പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനെതിരെ ശ്രീമതി മിനിമോൾ, വി.ഇ.ഒ, ശ്രീമതി. രമാഭായി.എസ്, ജോയിന്റ് ബി.ഡി.ഒ എന്നിവരും ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അന്തിമ കോടതി ഉത്തരവ് ലഭ്യമാകുന്നതുവരെ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കില്ലായെന്ന വിവരം അറിയിച്ച് കൊള്ളുന്നു.<br>കുറ്റാരോപിതരായ ഉദ്യോഗസ്ഥരിൽ ശ്രീമതി. കെ പി മിനിമോൾ (മങ്കട ബ്ലോക്ക് പഞ്ചായത്തിൽ വി ഇ ഒ ഗ്രേഡ് 1 ) ഒഴികെയുള്ളവർ സർവീസിൽ നിന്ന് വിരമിച്ചതായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കളെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി ശുപാർശ ചെയ്യുതിലൂടെ 25,99,962/- രൂപ അനർഹർ കൈപ്പറ്റി. | ഗ്രാമ സഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതുമൂലം 25,99,962/- രൂപ നഷ്ടം സംഭവിച്ചതിന് ഉത്തരവാദിയായ അന്നത്തെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഗ്രാമ പഞ്ചായത്തംഗങ്ങൾ എന്നിവരിൽ നിന്നും നഷ്ടം ഈടാക്കണമെന്ന് ലോക്കൽ ഫണ്ട് ഡിപ്പാർട്ട്മെന്റ് അറിയിക്കുകയും ശ്രീമതി. കെ.പി.മിനിമോൾ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറിൽ നിന്നും തുക തിരിച്ചുപിടിക്കുന്നതിനായി സർചാർജ്ജ് നോട്ടീസ് പുറപ്പെടുവിച്ചതിനെതിരെ ശ്രീമതി. കെ.പി.മിനിമോൾ WP(C) No.13783/18/, 13788/18 എന്നിവ പ്രകാരം ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കേസിന്റെ അന്തിമവിധി ലഭ്യമായ ശേഷം മാത്രമേ തുടർനടപടികൾ കൈക്കൊള്ളുവാൻ സാധിക്കുകയുള്ളു. മാത്രമല്ല വകുപ്പുതല അന്വേഷണവും ശ്രീമതി കെ.പി. മിനിമോൾക്കെതിരെ നിലനിൽക്കുന്നുണ്ട്. മേൽ ഗുണഭോക്താക്കളുടെ ഫയലുകൾ എല്ലാം തന്നെ വിജിലൻസ് ഡിപ്പാർട്ട്മെന്റ് വിജിലൻസ് കോടതിയിൽ ഹാജരാക്കുന്നതിനുവേണ്ടി കൊണ്ടുപോയിട്ടുണ്ട്. മേൽ വിവരങ്ങൾ അറിവിലേക്കായി സമർപ്പിക്കുന്നു. |
| | | • ഗ്രാമസഭയും ഗ്രാമ പഞ്ചായത്ത് ഭരണസമിതിയും അംഗീകരിക്കാതെ ഗുണഭോക്താക്കൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നേരിട്ട് ആനുകൂല്യം കൈപ്പറ്റിയതിലൂടെ 19,27,753/- രൂപ അനർഹർക്ക് ലഭിച്ചു.<br>• ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ ശുപാർശയില്ലാതെ ബ്ലോക്ക് പഞ്ചായത്തിൽ നേരിട്ട് കരാർ ചമച്ച് ഗുണഭോക്താക്കൾക്ക് | ഗ്രാമസഭയും ഗ്രാമ പഞ്ചായത്തും അംഗീകരിക്കാത്ത 17 ഗുണഭോക്താക്കൾക്ക് ഐ.എ.വൈ പദ്ധതിയിലൂടെ ഗഡു നൽകിയതുമൂലം 19,27,753/- രൂപ നഷ്ടം സംഭവിച്ചു. ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ ശുപാർശയില്ലാതെ ബ്ലോക്ക് പഞ്ചായത്തിൽ നേരിട്ട് കരാർ ചമച്ച് ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായമായി 16,26,319/- രൂപ നൽകി. നഷ്ടത്തിനുത്തരവാദിയായ ജീവനക്കാർക്കെതിരെ വിജിലൻസ് അന്വേഷണം നടത്തി കേസ് വിജിലൻസ് ഡിപ്പാർട്ട്മെന്റിലേക്ക് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ലോക്കൽ ഫണ്ട് ഡിപ്പാർട്ട്മെന്റ് ഉത്തരവാദിയായ ജീവനക്കാരിൽ നിന്നും തിരിച്ചു പിടിക്കുവാൻ സർചാർജ്ജ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ നഷ്ടത്തിന് ഉത്തരവാദിയായ എൽ.വി.ഇ.ഒ ജോയിന്റ് ബി.ഡി.ഒ, സെക്രട്ടറി എന്നിവർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. WP(C) 13783/18, 12789/18, 13788/2018 ഹൈക്കോടതിയിൽ നിന്നും ഉത്തരവ് ഉണ്ടാകുന്നതുവരെ തുടർനടപടികൾ കൈക്കൊള്ളാൻ സാധിക്കുകയില്ല എന്നും ഉത്തരവ് ഉണ്ടായ ഉടൻ തന്നെ തുടർനടപടികൾ കൈക്കൊള്ളുന്നതാണെന്നും അരീക്കോട് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | ക്രമപ്രകാരമല്ലാതെ ധനസഹായം നൽകിയത് 16,26,319/- രൂപ | |
| | | വിസ്തൃതി മാനദണ്ഡം മറികടന്ന് വീട്ടുകൾ നിർമ്മിച്ച | എ.ഐ.വൈ പദ്ധതി പ്രകാരം അനുവദിക്കപ്പെട്ടതിലും കൂടുതൽ വിസ്തൃതിയിൽ വീട് നിർമ്മിച്ച ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയത് വഴി 29,92,360/- രൂപ അനർഹർക്ക് നൽകിയത് സംബന്ധിച്ച് മേൽ തുക നഷ്ടത്തിനുത്തരവാദിയായ എൽ.വി.ഇ.ഒ ശ്രീമതി. കെ.പി. മിനിമോളിൽ നിന്നും വസൂലാക്കാൻ സർചാർജ്ജ് സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് ശ്രീമതി. കെ.പി.മിനിമോൾ, വി.ഇ.ഒ ബഹു.ഹൈക്കോടതിയിൽ wp(c) 13783/18, 12789/18, എന്നീ കേസുകൾ ഫയൽ ചെയ്യുകയും ആയതിനാൽ വിചാരണ നടന്നുവരികയുമാണ്. ബഹു. ഹൈക്കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി മാത്രമേ തുടർനടപടികൾ സ്വീകരിക്കാന സാധിക്കു എന്ന വിവരം അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | | വാസയോഗ്യമായ വീട്ടുള്ള വ്യക്തിക്ക് ഭവന നിർമ്മാണ ആനുകൂല്യം നൽകി. | വാസയോഗ്യമായ വീട്ടുള്ള ഗുണഭോക്താവിന് വീട് നൽകിയ വകയിലുള്ള 95,822/- രൂപ ബന്ധപ്പെട്ട എൽ.വി.ഇ.ഒ യിൽ നിന്നും ഈടാക്കുന്നതിന് ശ്രീമതി.കെ.പി.മിനിമോൾ എൽ.വി.ഇ.ഒ യുടെ പേരിൽ സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. കെ.പി.മിനിമോൾ എൽ.വി.ഇ.ഒ ഹൈക്കോടതിയിൽ രജിസ്റ്റർ നമ്പർ 13788/2018 wp(c) പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും വിചാരണ നടന്നുകൊണ്ടിരിക്കുകയുമാണ്. ടി ജീവനക്കാർക്കെതിരെ വിജിലൻസ് കേസ് നിലവിലുണ്ട്. ഈ സാഹചര്യത്തിൽ ഇവ സംബന്ധിച്ച് തുടർനടപടികൾ ഹൈക്കോടതിയുടെ വിധിക്കനുസരിച്ച് മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളു എന്ന വിവരം അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | |
|---|---|
| ഗ്രാമ പഞ്ചായത്ത് തീരുമാനമെന്ന പേരിൽ വ്യാജരേഖകൾ ഹാജരാക്കി 12,49,059/- രൂപയുടെ ആനുകൂല്യങ്ങൾ നേടിയെടുത്തു | മലപ്പുറം ജില്ല സംസ്ഥാന സീനിയർ ഡെപ്യൂട്ടി ഓഡിറ്ററുടെ എൽ.എഫ്.എം 4/2427/2013 തീയതി 09.03.2015 പുനരഭിപ്രായക്കുറിപ്പ് പ്രകാരം വ്യാജരേഖകൾ പ്രകാരം അനർഹരായ വ്യക്തികൾക്ക് ഭവന നിർമ്മാണ ധനസഹായമെന്ന നിലയ്ക്ക് 12,49,059/- രൂപ നൽകിയതിന് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിന് യുക്തമായ അന്വേഷണം നടത്തുന്നതിന് ശുപാർശ സമർപ്പിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത കാര്യാലയത്തിലെ കെ.എസ്.എ.എം.സി.എം 4/3074/17 തീയ്യതി 20.11.2015 കത്ത് പ്രകാരം പ്രസ്തുത പദ്ധതി അന്വേഷണത്തിനായി ശുപാർശ ചെയ്തിട്ടുള്ളതിനാൽ ഈ കാര്യാലയത്തിൽ നിന്നുള്ള സി/1781/14 തീയതി 10.11.14 കത്തിന്മേൽ തൽക്കാലം തുടർനടപടികൾ സ്വീകരിക്കുന്നില്ലെന്ന് അറിയിച്ചിട്ടുണ്ട്. |
| ഗ്രാമ സഭയുടെ മുൻഗണനാക്രമം പാലിക്കാതെ ആനുകൂല്യം നൽകി. | ഈ വിഷയത്തിൽ 05.04.2014- ന് കുഴിമണ്ണ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത മറുപടി ഇതുവരെ ലഭ്യമായിട്ടില്ല. അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതാണ്. |
| നിർമ്മിക്കാത്ത വീടുകൾക്ക് പണം നൽകി | ഈ ഖണ്ഡിക പ്രകാരമുള്ള നഷ്ടം തിരിച്ചു പിടിക്കുന്നതിനായി സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രസ്തുത സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. കെ.പി.മിനിമോൾ, വി.ഇ.ഒ WP(C) 13783/18, 12789/18 ശ്രീമതി എസ്. രമാഭായി, ജോയിന്റ് ബി.ഡി.ഒ (ആർ.എച്ച്) എന്നയാൾ WP(C) 12789/18 എന്നീ കേസുകൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിന്റെ അന്തിമ വിധിക്ക് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| തെറ്റായ സാക്ഷ്യപത്രം നൽകി. | തെറ്റായ സാക്ഷ്യപത്രം നൽകിയതിന് ശ്രീമതി. കെ പി മിനിമോൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി. 12.08.2015 ന് കൂടിയ സസ്പെൻഷൻ റിവ്യൂ കമ്മിറ്റി മീറ്റിങ്ങ് ശ്രീമതി മിനിമോളെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ച് ക്രമക്കേട് നടന്നിട്ടുള്ള കുഴിമണ്ണ ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന താലൂക്കിന് പുറത്ത് അപ്രധാനമായ തസ്തികയിൽ നിയമിക്കാൻ ശുപാർശ ചെയ്യുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | പോർഷനിൽ നിന്ന് - കിഴിവ് ചെയ്ത് ഫൈനൽ മെഷർമെന്റ് തുകയിൽ നിജപ്പെടുത്തിയാണ് നൽകിയിട്ടുള്ളത്. ഇത് മൂലം തൊഴിലാളികൾക്ക് അവരുടെ വേതനം പ്രവൃത്തി നടപ്പിലാക്കുന്ന വേളയിൽ തന്നെ കിട്ടുകയും, ഇതുമൂലം ഭക്ഷ്യസുരക്ഷയും പൊതു ആസ്തി സൃഷ്ടിക്കലും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. ഫൈനൽ ബിൽ തുകയിൽ നിജപ്പെടുത്തി പേയ്മെന്റ് നൽകിയതിനാൽ സർക്കാരിന് നഷ്ടം സംഭവിച്ചിട്ടില്ല. |
| 6 | | <u>**സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2011-12**</u><br><br><u>**2.6 നിക്ഷേപ പ്രവൃത്തികൾ [illegible] നടപടിക്രമങ്ങൾ പാലിക്കുന്നില്ല.**</u><br>ഒരു പ്രോജക്ടിന്റെ നിർവ്വഹണത്തിനായി ഒരു വകുപ്പിന്/ പൊതുമേഖലാ സ്ഥാപനത്തിന് തുക മുൻകൂറായി നൽകി നിർവ്വഹണം നടത്തുന്ന രീതിയാണ് ഡെപ്പോസിറ്റ് വർക്കുകൾ. ബന്ധപ്പെട്ട സ്ഥാപനവുമായി നിർവ്വഹണം സംബന്ധിച്ച് ധാരണയിലെത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും ഡി.പി.സി. അംഗീകാരവും വാങ്ങുന്നു. കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളെ/ ഏജൻസികളെ മേൽ പറഞ്ഞ രീതിയിൽ പ്രവൃത്തി ഏൽപ്പിക്കുകയാണെങ്കിൽ , സ.ഉ.(പി) ഫിൻ. തീയതി പ്രകാരം എസ്റ്റിമേറ്റ് തുക ഡെപ്പോസിറ്റ് ചെയ്യാവുന്നതാണ്. തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനു മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനം ബന്ധപ്പെട്ട സ്ഥാപനം/ വകുപ്പുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. പണി പൂർത്തിയാക്കി ഫൈനൽ ബിൽ നൽകിയ ശേഷം വിശദമായ വിനിയോഗപത്രിക | 2009-10 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് -ൽ പരാമർശിച്ച കോഡൂർ ഗ്രാമ പഞ്ചായത്തിലെ പെരിങ്ങോട്ടുപുലം എസ്.സി കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണത്തിനായി വൈദ്യുതി ലൈൻ നീട്ടുന്നതിനും ട്രാൻസ്ഫർ സ്ഥാപിക്കുന്നതിനുമായി വാട്ടർ അതോറിറ്റി മുഖേന മലപ്പുറം കെ.ഡബ്ല്യു.എ.യിൽ തുക അടവാക്കിയത് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുകയും കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്തത് ജല വിതരണം ആരംഭിക്കുകയും ചെയ്തിട്ടുള്ളതായി എക്സി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.<br><br>2009-10 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് പേജ് 185,186 എന്നിവയിലെ പരാമർശങ്ങൾക്ക് താഴെപറയും പ്രകാരം വിശദീകരണം നൽകുന്നു.<br>**1.**മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2006-07 വർഷത്തിൽ പ്രോജക്ട് നം. 157/2007 ആയി മലപ്പുറം വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷനിൽ അടവാക്കിയ ചേലമ്പ്ര പഞ്ചായത്തിലെ പൈങ്ങോട്ടൂർ എസ്.സി കോളനി കുടിവെള്ള പദ്ധതിയുടെ തുകയായ 5,00,000/- |

| | | | |
|---|---|---|---|
| | | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ബന്ധപ്പെട്ട വകുപ്പ്/ സ്ഥാപനം നൽകേണ്ടതാണ്.<br><br>ഡെപ്പോസിറ്റ് വർക്കുകളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കാതെ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന ഏകദേശ അടങ്കലിന്റെ അടിസ്ഥാനത്തിൽ പദ്ധതി അംഗീകാരം വാങ്ങിയ ശേഷം തികച്ചും അവ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമച്ച് പദ്ധതി തുക മാത്രം ഡെപ്പോസിറ്റു ചെയ്യുന്ന പ്രവണത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കണ്ടുവരുന്നു. മുൻകൂറായി നൽകിയ തുകയുടെ വിശദവിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇത് ചെയ്തതായി കാണുന്നില്ല. സ്ഥാപനങ്ങൾ കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തതുമൂലം നാളിതു വരെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മാറ്റിവച്ച തുകയിൽ എത്ര മാത്രം ക്രമീകരിക്കാനുണ്ടെന്ന് നിർണ്ണയിക്കുക സാദ്ധ്യമല്ല. വെറും റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് KSEB, KWA തുടങ്ങിയ സ്ഥാപനങ്ങൾക്ക് തുക നൽകുന്നത്. ആയതിനാൽ നിർവ്വഹണ ഏജൻസികൾ അധികം തുക കൈപ്പറ്റാനുള്ള സാദ്ധ്യതയും തള്ളിക്കളയാനാവില്ല. തുക ഒടുക്കവരുത്തുകയല്ലാതെ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഏജൻസികളും യാതൊരു ശുഷ്കാന്തിയും കാണിക്കുന്നില്ല. ഗുണഭോക്തൃ വിഹിതം സംബന്ധിച്ചോ, പൂർത്തീകരണം സംബന്ധിച്ചോ വ്യവസ്ഥകളൊന്നുമില്ലെന്ന് മാത്രമല്ല തുക നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞ് പദ്ധതി അവലോകനം നടത്തുമ്പോൾ പല പദ്ധതികളും വിവിധ കാരണങ്ങളാൽ റദ്ദ് ചെയ്തിട്ടുള്ളതായും കാണുന്നു. അപ്രകാരം റദ്ദ് ചെയ്തിട്ടുള്ള | രൂപ ഈ കാര്യാലയത്തിൽ നിന്നും ആവശ്യപ്പെട്ടത് പ്രകാരം തിരികെ നൽകിയിട്ടുണ്ടെന്ന് 29.01.16 ലെ എബി2/546/2009 നമ്പർ കത്ത് പ്രകാരം വാട്ടർ അതോറിറ്റി. മലപ്പുറം പി.എച്ച് ഡിവിഷൻ എക്സി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.<br>**2.**മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2006-07 വർഷത്തിൽ പ്രൊജക്ട് നം. 190/2007 ആയി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന താഴേക്കോട് പഞ്ചായത്തിലെ വട്ടപ്പറമ്പ് പട്ടികജാതി കോളനി കുടിവെള്ള പദ്ധതി, സ്ഥലം ലഭ്യമല്ലാത്തതിനാൽ ഒഴിവാക്കിയതായി മലപ്പുറം വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ എക്സി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിക്ഷേപ സംഖ്യയായ 585000/- രൂപയിൽ നിന്ന് ജില്ലാ പഞ്ചായത്തിന്റെ നിർദ്ദേശപ്രകാരം പൂർത്തീകരിച്ച പദ്ധതികളായ മുതിരി പട്ടികജാതി കോളനി കുടിവെള്ള പദ്ധതിയിലേക്ക് 274582/- രൂപയും , പെരുമുണ്ട പട്ടികവർഗ്ഗ കോളനി കുടിവെള്ള പദ്ധതിക്ക് 98254/- രൂപയും പനമ്പറ്റ കാരാട്ടുപറമ്പ് പട്ടികജാതി കുടിവെള്ള പദ്ധതിയിലേക്ക് 212164/- രൂപയും അഡ്ജസ്റ്റ് ചെയ്തതായും 29.01.16 ലെ എബി2/546/2009 നമ്പർ കത്ത് പ്രകാരം വാട്ടർ അതോറിറ്റി മലപ്പുറം പി.എച്ച്.ഡിവിഷൻ എക്സി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.<br>**3.**മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2006-07 വർഷത്തിലെ പ്രോജക്ട് നം.192/2007 ആയി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന മൂർക്കനാട് പഞ്ചായത്തിലെ കുനിയാൻകുന്ന് പട്ടികജാതി കോളനി കുടിവെള്ള പദ്ധതി ചില സാങ്കേതിക കാരണങ്ങളാൽ |

| | | | |
|---|---|---|---|
| | | പദ്ധതികൾക്കായി ഒടുക്കു വരുത്തിയ തുകകൾ കരാർ നിർദ്ദേശപ്രകാരം മടക്കി നൽകാതെ നിർവ്വഹണ ഏജൻസികളുടെ ഡെപ്പോസിറ്റ് അക്കൗണ്ടിൽ സൂക്ഷിച്ചു വരുന്നത് പദ്ധതി നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ്.<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വൈദ്യുതീകരണം തുടങ്ങിയ അടിസ്ഥാന വികസന പദ്ധതികൾക്ക് സർക്കാർ ഏജൻസികളിലും മറ്റ് സ്ഥാപനങ്ങളിലും നിക്ഷേപം നടത്തി വർഷങ്ങൾ കഴിഞ്ഞിട്ടും പദ്ധതികൾ പൂർത്തിയാക്കിയതിനുള്ള രേഖകൾ ലഭ്യമാക്കുന്നില്ല. ഓരോ പ്രവൃത്തിയുടെയും അംഗീകൃത പ്രോജക്ട് എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പൂർത്തീകരണ സാക്ഷ്യപത്രം, ഗുണഭോക്തൃ ഗ്രൂപ്പിനെ പദ്ധതി ഏൽപ്പിച്ചുകൊണ്ടുള്ള കരാർ എന്നിവയെല്ലാം ചെലവിന്റെ കൃത്യതയും പദ്ധതി ലക്ഷ്യം കൈവരിക്കലും ഉറപ്പുവരുത്തുവാൻ അനിവാര്യമാണ്. പ്രസ്തുത രേഖകളൊന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമാകുന്നില്ല. പല സ്ഥാപനങ്ങളും 1996 - ലെ കേരള പഞ്ചായത്ത് രാജ് ( കരാർ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം കരാറിൽ ഏർപ്പെടുന്നതായും കാണുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടച്ച തുക മൃതനിക്ഷേപമായി തുടരുന്നു. തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ അടിസ്ഥാന സൗകര്യമേർപ്പെടുത്തുക, കുടിവെള്ള പ്രശ്നം പരിഹരിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കാതെ വരുകയും ചെയ്യുന്നു.<br><br>പ്രവൃത്തികളുടെ മോണിട്ടറിംഗ് നടത്തുന്നതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് ഗുരുതരമായ | പ്രായോഗികമല്ല എന്നതുകൊണ്ട് പ്രസ്തുത പദ്ധതി ഒഴിവാക്കിയതായി മലപ്പുറം വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ എക്സി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിക്ഷേപസംഖ്യയായ 504000/- രൂപയിൽ നിന്ന് ജില്ലാ പഞ്ചായത്തിന്റെ നിർദ്ദേശപ്രകാരം പൂർത്തീകരിച്ചുവന്നതായ പനംപറ്റ - കാരാട്ടുപറമ്പ് പട്ടികജാതി കോളനി കുടിവെള്ള പദ്ധതിയിലേക്ക് 176856/- രൂപ അഡ്ജസ്റ്റ് ചെയ്തതായും പ്രസ്തുത നിക്ഷേപതുകയിൽ 326144/- രൂപ ബാക്കിയുള്ളതായും 29.01.16 ലെ എബി2/546/2009 നമ്പർ കത്ത് പ്രകാരം വാട്ടർ അതോറിറ്റി മലപ്പുറം പി.എച്ച്.ഡിവിഷൻ എക്സി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.<br>**4.**മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2006-07 വർഷത്തിൽ പ്രൊജക്ട് നം.195/2007 ആയി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന പുളിക്കൽ പഞ്ചായത്തിലെ ചെറുമുറ്റം - മാക്കൽ പട്ടികജാതി കോളനി കുടിവെള്ള പദ്ധതി സ്ഥലം ലഭ്യമല്ലാത്തതിനാൽ പ്രസ്തുത പദ്ധതി ഒഴിവാക്കിയതായി മലപ്പുറം വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ എക്സി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിക്ഷേപ സംഖ്യയായ 504000/- രൂപയിൽ നിന്ന് ജില്ലാ പഞ്ചായത്തിന്റെ നിർദ്ദേശപ്രകാരം പൂർത്തീകരിച്ച പദ്ധതിയായ ഉള്ളാട്ടുമാട് പട്ടികജാതി കോളനി കുടിവെള്ള പദ്ധതിയിലേക്ക് 414808/- രൂപ അഡ്ജസ്റ്റ് ചെയ്തതായും പ്രസ്തുത നിക്ഷേപതുകയിൽ 89192/- രൂപ ബാക്കിയുള്ളതായും 29.01.16 ലെ എബി2/546/2009 നമ്പർ കത്ത് പ്രകാരം വാട്ടർ അതോറിറ്റി മലപ്പുറം |

വീഴ്ചയുണ്ട്. പൂർത്തീകരിച്ചതും അവശേഷിക്കുന്നതുമായ നിക്ഷേപ പദ്ധതികളെക്കുറിച്ചും വിവരങ്ങൾ ലഭ്യമല്ല.

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖകൾ പ്രകാരം പ്രോജക്ട് തയ്യാറാക്കി ഭരണ/ സാങ്കേതികാനുമതി ലഭ്യമാക്കി നിർവ്വഹണ ഏജൻസിയെ ഏൽപ്പിച്ച് പ്രവൃത്തി പൂർത്തിയാക്കിയ രേഖകളെല്ലാം മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ട്, പെർഫോർമൻസ് റിപ്പോർട്ട് എന്നിവ സഹിതം തദ്ദേശസ്വയംഭരണ സ്ഥാപനം സൂക്ഷിക്കേണ്ടതാണ്.

പതിനൊന്നാം പദ്ധതിയുടെ ഭാഗമായ സമ്പൂർണ്ണ ഊർജ്ജസുരക്ഷ സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ജി.ഒ (പി)നം.95/2008/ ഫിൻ തീയതി 23.02.2008 പ്രകാരം നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച അനർട്ടിൽ (Agency for Non Conventional Energy & Rural Technology) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലക്ഷക്കണക്കിനു രൂപ നിക്ഷേപിക്കുകയുണ്ടായി. എന്നാൽ ഇതുവരെയും പദ്ധതി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും നിർവ്വഹണ ഏജൻസിക്ക് കൈമാറിയ ലക്ഷകണക്കിനു രൂപ ഉപയോഗിക്കാതെ കിടക്കുന്നുണ്ട്.

വിവിധ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള തുകയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | സ്ഥാപനത്തിന്റെ | ഓഡിറ്റ് റിപ്പോ | ഖണ്ഡ | തുക നിക്ഷേപിച്ച | നിക്ഷേപിച്ച തുക ( രൂപ) |
|---|---|---|---|---|---|---|

പി.എച്ച്.ഡിവിഷൻ എക്സി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

**5.** 2006-07 വർഷത്തിൽ പ്രോജക്ട് നം. 371/2007 ആയി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന പോത്തുകല്ല് പഞ്ചായത്തിലെ ഞെട്ടിക്കുളം പട്ടികജാതി കോളനി കുടിവെള്ള പദ്ധതി ചില സാങ്കേതിക കാരണങ്ങളാൽ പ്രായോഗികമല്ല എന്നതുകൊണ്ട് പ്രസ്തുത പദ്ധതി ഒഴിവാക്കിയതായി മലപ്പുറം വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ എക്സി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിക്ഷേപ സംഖ്യയായ 211500/- രൂപ വാട്ടർ അതോറിറ്റിയിൽ ബാക്കിയുള്ളതായും 29.01.16 ലെ എബി2/546/2009 നമ്പർ കത്ത് പ്രകാരം വാട്ടർ അതോറിറ്റി മലപ്പുറം പി.എച്ച്.ഡിവിഷൻ എക്സി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

**6.** 2006-07 വർഷത്തിൽ പ്രോജക്ട് നം. 372/2007 ആയി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന എടക്കര പഞ്ചായത്തിലെ നാലുസെന്റ് കോളനി കുടിവെള്ള പദ്ധതി ചില സാങ്കേതിക കാരണങ്ങളാൽ പ്രായോഗികമല്ല എന്നതുകൊണ്ട് പ്രസ്തുത പദ്ധതി ഒഴിവാക്കിയതായി മലപ്പുറം വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ എക്സി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിക്ഷേപ സംഖ്യയായ 596414/- രൂപ വാട്ടർ അതോറിറ്റിയിൽ ബാക്കിയുള്ളതായും 29.01.06 - ലെ എബി2/546/2009 നമ്പർ കത്ത് പ്രകാരം വാട്ടർ അതോറിറ്റി മലപ്പുറം പി.എച്ച് ഡിവിഷൻ എക്സി.എഞ്ചിനീയർ അറയിച്ചിട്ടുണ്ട്.

**7.** മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2006-07 വർഷത്തിൽ പ്രോജക്ട് നം. 381/2007 ആയി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന മങ്കട പഞ്ചായത്തിലെ

| | | പേര് | ർട്ട് | ഡിക നം. | സ്ഥാപനം | |
|---|---|---|---|---|---|---|
| 19 | മലപ്പുറം | ജില്ലാ പഞ്ചായത്ത് | 09/10/19 | 3<br>107 | കെ..ഡബ്ല്യൂ.എ | 14458200 |

തെക്കുംപാടം പട്ടികജാതി കോളനി കുടിവെള്ള പദ്ധതി സ്ഥലം ലഭ്യമല്ലാത്തതിനാൽ ഒഴിവാക്കിയതായി മലപ്പുറം വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ എക്സി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രസ്തു പദ്ധതിയുടെ നിക്ഷേപ സംഖ്യമായ 711550/- രൂപ വാട്ടർ അതോറിറ്റിയിൽ ബാക്കിയുള്ളതായും 29/01/2016-ലെ എബി2/546/2009 നമ്പർ കത്ത് പ്രകാരം വാട്ടർ അതോറിറ്റി മലപ്പുറം പി.എച്ച്.ഡിവിഷൻ എക്സി .എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് റിപ്പോർട്ട് പേജ് 199 ൽ പി.എച്ച്.ഡിവിഷൻ മലപ്പുറം എക്സി.എഞ്ചിനീയർ മുഖേന നടപ്പിലാക്കിയ പ്രവർത്തനങ്ങളിൽ ബാക്കി വന്ന തുക തിരികെ വാങ്ങിയിട്ടില്ല എന്ന പരാമർശത്തിന് എക്സി.എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി താഴെ കൊടുക്കുന്നു.

വാട്ടർ അതോറിറ്റി മലപ്പുറം പി.എച്ച്. ഡിവിഷൻ എക്സി.എഞ്ചിനീയറുടെ 29.01.16 ലെ എ.ബി2/546/09 നമ്പർ കത്ത് പ്രകാരം മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2006-07 വർഷം മുതൽ 2010-11 വർഷം വരെയുള്ള നിക്ഷേപ പ്രവൃത്തികളിൽ ഒഴിവാക്കിയ പദ്ധതികളുടെയും പൂർത്തിയാക്കിയ പദ്ധതികളിൽ ബാക്കിയുള്ള തുകയും ജില്ലാ പഞ്ചായത്ത് തിരിച്ചടക്കേണ്ടതില്ല എന്നും ആയത് പുതിയ പ്രോജക്ട് സമർപ്പിക്കുമ്പോൾ അതിലേക്ക് ക്രമീകരിക്കുകയോ അല്ലെങ്കിൽ ജില്ലാ പഞ്ചായത്തിന്റെ തന്നെ നിക്ഷേപ പ്രവൃത്തികളിൽ നിക്ഷേപതുകയേക്കാൾ കൂടുതൽ ചെലവ് വന്ന പദ്ധതികളിലേക്കോ ക്രമീകരിച്ചാൽ മതിയെന്നും സർക്കാരിന്റെ 31.03.2012 ലെ സ.ഉ(സാധാ) നം.996/12/തസ്വഭവ നമ്പർ

| | | | |
|---|---|---|---|
